**പതിമൂന്നാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

**പതിമൂന്നാമത് റിപ്പോർട്ട്**

(2012 ഡിസംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

പതിമൂന്നാമത് റിപ്പോർട്ട്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003 മുതൽ 2004-2005 വരെ
വർഷങ്ങളിലേക്കുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള
എറണാകുളം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ
ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട
ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്

79/2013.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 57 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011–2014)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അച്ചുതൻ
,, എം. ചന്ദ്രൻ
,, കെ. കെ. ജയചന്ദ്രൻ
,, എൻ. ഷംസുദ്ദീൻ*
,, മുല്ലക്കര രത്നാകരൻ
,, കെ. ശിവദാസൻ നായർ
,, പി. ശ്രീരാമകൃഷ്ണൻ
,, ജി. സുധാകരൻ
,, എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

---

*ശ്രീ. കെ. എൻ. എ. ഖാദർ, എം. എൽ. എ. സമിതി അംഗത്വം രാജിവച്ച ഒഴിവിലേക്ക് 2012 ജൂൺ 20 പ്രാബല്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2011–2014) പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ (2002–03 മുതൽ 2004–05 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള എറണാകുളം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ ജില്ലാപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2012 സെപ്റ്റംബർ മാസം 5-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**വർക്കല കഹാർ,**

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 ഡിസംബർ 18.

## റിപ്പോർട്ട്

### എറണാകുളം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ ജില്ലാപഞ്ചായത്തുകളെ സംബന്ധിച്ച്

### എറണാകുളം ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്-കണിയാൻകുന്ന് ലിഫ്റ്റ് ഇറിഗേഷൻ മുൻകൂർ കൈപ്പറ്റിയശേഷം വേല നടത്താത്തത്**

8,72,000 രൂപ അടങ്കൽ വരുന്ന ഈ വേലയുടെ നടത്തിപ്പിന് ഗുണഭോക്തൃ സമിതി കൺവീനർക്ക് 31-3-1999-ന് 50,000 രൂപ മുൻകൂർ നൽകി. പിന്നീട് വേല ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെട്ടു. മുൻകൂർ തുക ഈടാക്കിയിട്ടുമില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7. III.1]

പ്രസ്തുത പരാമർശത്തിന് ത.സ്വ.ഭ. (എ.ബി.) വകുപ്പിന്റെ 5-1-2008-ലെ 78051/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

1. "1998-99-ൽ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, കൺവീനർക്കെതിരെ റവന്യൂ റിക്കവറി നടപടികൾക്കായി ജില്ലാ കളക്ടർക്ക് 9-10-2001-ൽ അപേക്ഷ നൽകിയിട്ടുണ്ട്. തുടർ നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. വീണ്ടും തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി എടുത്തിട്ടുണ്ട്."

2. കണിയാൻകുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് മുൻകൂർ കൈപ്പറ്റിയ തുക ഇതുവരെ ഈടാക്കാത്തതെന്തുകൊണ്ടാണെന്നും 23-2-2004-നു ശേഷം എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് റവന്യൂ റിക്കവറി നോട്ടീസിന്മേൽ കളക്ടറേറ്റിൽ നടപടിയെടുക്കാത്തതിനാൽ 4-1-2008-ൽ വീണ്ടും ആർ.ആർ. നടപടിക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതിന്റെ കോപ്പി ഓഡിറ്റിന് കൊടുക്കണമെന്നും 50,000 രൂപയും ഇതുവരെയുള്ള പലിശയുംകൂടി ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി ആവശ്യപ്പെട്ടു. ഈ പണിയുടെ കൺവീനർ ശ്രീ. കെ. എച്ച്. ശിവൻ എന്ന ആളായിരുന്നുവെന്നും 50,000 രൂപ അഡ്വാൻസായാണ് കൊടുത്തിരുന്നതെന്നും ശ്രീ. കെ. പി. ജയപ്രകാശ് എന്ന അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിരുന്നപ്പോൾ അദ്ദേഹം മുഖാന്തിരം ചെക്ക് കൊടുത്തുവെന്നേയുള്ളൂവെന്നും കൺവീനറുടെ കയ്യിൽ നിന്നുമാണ് കാശ് ഈടാക്കാൻ ശ്രമിക്കുന്നതെന്നും അയാളുടെ പേരിലാണ് ആർ. ആർ. നടപടിയെടുക്കുന്നതെന്നും എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

3. ചട്ടം അനുസരിച്ച് നിർവ്വഹണോദ്യോഗസ്ഥന്റെ മേൽവിലാസം കണ്ടുപിടിച്ച് അറിയിക്കേണ്ട ചുമതല എക്സിക്യൂട്ടീവ് അതോറിറ്റിക്കാണെന്നും അടിയന്തരമായി അസിസ്റ്റന്റ് എഞ്ചിനീയറുടെ അഡ്രസ്സ് കണ്ടുപിടിച്ച് ഓഡിറ്റ് വകുപ്പിനെ അറിയിക്കണമെന്നും ആർ.ആർ. നടപടി ത്വരിതപ്പെടുത്തി അതിന്റെ പുരോഗതി ഒരു മാസത്തിനുളളിൽ കമ്മിറ്റിയെ അറിയിക്കണമെന്നും അല്ലാത്തപക്ഷം സെക്രട്ടറി ഉത്തരവാദിയാകുമെന്നും സമിതി വ്യക്തമാക്കി.

4. സമിതി നിർദ്ദേശാനുസരണം, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പരാമർശങ്ങൾക്കുളള തുടർനടപടി ജില്ലാ പഞ്ചായത്ത് സ്വീകരിച്ചത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28-6-2008-ലെ 24613/എ.സി.3/08/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു :

5. "ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണം 1998-99 വർഷം നടപ്പിലാക്കിയ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ കണിയാംകുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തിയുടെ കൺവീനറായ ശ്രീ. കെ. എച്ച്. ശിവൻ, പുതുവൽപറമ്പ്, കണിയാംകുന്ന് എന്നയാൾ മുൻകൂറായി കൈപ്പറ്റിയ 50,000 രൂപയും നാളിതു വരെയുളള പലിശയും കണക്കാക്കി ആർ.ആർ. നടപടികൾക്കായി കളക്ടറെ അറിയിക്കുകയും, കളക്ടർ 18-1-2008-ൽ പറവൂർ തഹസിൽദാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുളളതാണ്. തഹസിൽദാർ 2-2-2008-ൽ കുടിശ്ശികക്കാരന് ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

6. കുടിശ്ശികക്കാരൻ ഡിമാന്റ് നോട്ടീസിനെതിരെ ഗവൺമെന്റിൽനിന്നും സ്റ്റേ ഉത്തരവ് സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം 7-5-2008-ന് മുൻപായി കുടിശ്ശിക തുകയുടെ 10% കുടിശ്ശികക്കാരൻ അടയ്ക്കേണ്ടതും ബാക്കി തുക 30 തുല്യമാസ ഗഡുക്കളായി ഒടുക്കുന്നതിനും ഗവൺമെന്റിൽനിന്നും ഉത്തരവായിട്ടുണ്ട് എന്നും തഹസിൽദാർ അറിയിച്ചിട്ടുണ്ട് എന്ന വിവരം സദയം അറിയിച്ചു കൊളളുന്നു."

7. കൺവീനറുടെ പേരിലുള്ള ആർ. ആർ. നടപടിയുടെ ഭാഗമായ അന്വേഷണത്തിൽ ടിയാളുടെ പേരിൽ സ്ഥാവരജംഗമസ്വത്തുക്കൾ ഇല്ല എന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്തുമായുളള കരാർ പ്രകാരം കൺവീനറും ചെയർമാനും ഒപ്പിടുന്ന എല്ലാ ഉടമ്പടികൾക്കും ഗുണഭോക്തൃ സമിതിയിലെ എല്ലാ അംഗങ്ങളും ഉത്തരവാദികളാണെന്നും ആയതിനാൽ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 21-11-2009-ലെ 1 സി 1 17-ാം നമ്പർ തീരുമാനപ്രകാരം ജില്ലാ പഞ്ചായത്തിന് ലഭിക്കേണ്ട തുക മറ്റ് ഗുണഭോക്തൃ സമിതി അംഗങ്ങളിൽനിന്ന് തിരികെ പിടിക്കുന്നതിന് തീരുമാനിക്കുകയും അതനുസരിച്ച് എല്ലാ കമ്മിറ്റി അംഗങ്ങൾക്കും നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് 13-1-2010-ലെ 41009/എ.സി3/09/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് തുടർന്ന് അറിയിക്കുകയുണ്ടായി.

8. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 17-5-2011-ലെ 41009/എസി3/2009/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു :-

9. "കണിയാൻകുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കൺവീനറുടെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ ഒന്നും തന്നെയില്ലായെന്ന് പറവൂർ തഹസിൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാക്കി 10 ഗുണഭോക്തൃ

സമിതി അംഗങ്ങളിൽനിന്നും തുല്യഭാഗങ്ങളായി 1,28,805 രൂപ ലഭ്യമാക്കാൻ ജില്ലാ പഞ്ചായത്ത് തീരുമാനമെടുക്കുകയും ഇക്കാര്യം കാണിച്ചുകൊണ്ട് 10 ഗുണഭോക്തൃ സമിതി അംഗങ്ങൾക്ക് ഡിമാന്റ് നോട്ടീസ് അയച്ചെങ്കിലും ആരുംതന്നെ തുക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാനോ മറുപടി നൽകുവാനോ തയ്യാറാകാതിരുന്നതിനാൽ റവന്യൂ റിക്കവറി നടപടികളിലൂടെ കൺവീനർ ഒഴികെയുള്ള ബാക്കി 10 ഗുണഭോക്തൃസമിതി അംഗങ്ങളിൽ നിന്നും 12,881 രൂപവീതം റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിത്തരണമെന്ന് കാണിച്ചുകൊണ്ട് നിശ്ചിത ഫോം സഹിതം ജില്ലാകളക്ടർക്ക് 21-3-2011 അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് കാലാതാമസമില്ലാതെ നിയമസഭാ സെക്രട്ടേറിയറ്റിന് സമർപ്പിക്കുന്നതാണെന്നുള്ള വിവരവും അറിയിക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

10. **കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ കണിയാൻകുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ കൺവീനർ മുൻകൂറായി കൈപ്പറ്റിയ 50,000 രൂപ പലിശ സഹിതം ഈടാക്കിയതിന്റെ വിശദവിവരം ലഭ്യമാക്കണമെന്ന് തെളിവെടുപ്പു വേളയിൽ സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 17-5-2011-ലെ കത്തു പ്രകാരം കൺവീനറുടെ പേരിൽ സ്ഥാവര ജംഗമവസ്തുക്കളൊന്നും ഇല്ലാത്തതിനാൽ പത്ത് ഗുണഭോക്തൃ സമിതി അംഗങ്ങളിൽനിന്നും റവന്യൂ റിക്കവറി നടപടിയിൽ കൂടി തുക തുല്യമായി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമാക്കാമെന്നും അറിയിച്ച സാഹചര്യത്തിൽ തുക തിരികെ ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## ആലപ്പുഴ ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഡി.റ്റി.പി. യൂണിറ്റ് തുടങ്ങുന്നതിന് അനുവദിച്ച തുക പഞ്ചായത്തിന് നഷ്ടപ്പെട്ടു**

ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ 1999-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ചാരുംമൂട് പ്രിന്റിംഗ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഡി.റ്റി.പി. യൂണിറ്റ് തുടങ്ങുന്നതിനായി ഒന്നരലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാന്റിനായി സംഘം നൽകിയ അപേക്ഷയിൽ ടി സംഘം 23-2-2000-ൽ രജിസ്റ്റർ ചെയ്തുവെന്നും നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. 23-2-2000-ൽ മാത്രം രജിസ്റ്റർ ചെയ്ത സംഘത്തിന് പദ്ധതിപ്പണം നൽകുവാൻ 29-6-1999-ൽ തീരുമാനിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. സംഘത്തിന് അനുവദിച്ച 1.5 ലക്ഷം രൂപ ഡി.റ്റി.പി. മെഷിൻ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനു മുൻപുതന്നെ 31-3-2000-ൽ ട്രഷറിയിൽ നിന്നും പിൻവലിക്കുകയും ആയത് സംഘത്തിന്റെ പേരിൽ ബാങ്കിൽ

നിക്ഷേപിക്കുകയുമാണ് ഉണ്ടായത്. ഇത് 23-7-1998-ലെ സർക്കാർ ഉത്തരവ് ജി.ഒ. (പി) 1803/98/ഫിൻ-ന് വിരുദ്ധമാണ്. വികസനത്തിനായി സർക്കാർ നൽകിയ പദ്ധതി പണം യാതൊരു പ്രയോജനവുമില്ലാതെ വർഷങ്ങളോളം സംഘത്തിന്റെ പേരിൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്മേൽ വിശദീകരണം നൽകേണ്ടതും 1.5 ലക്ഷം രൂപ പലിശ സഹിതം ജില്ലാ പഞ്ചായത്തിൽ തിരിച്ചടയ്ക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2]

ത.സ്വ.ഭ. (എബി) വകുപ്പിന്റെ 5-1-2008-ലെ 78051/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:—

11. "ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ 1999-2000-ലെ പദ്ധതിയിൽ ഉൾപ്പെടുത്തി ചാരുംമൂട് പ്രിന്റിംഗ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഒരു ഡി.റ്റി.പി. യൂണിറ്റ് ആരംഭിക്കുന്നതിന് 1,50,000 രൂപ അനുവദിക്കുകയും ടി തുക 31-3-2000-ൽ നിർവ്വഹണോദ്യോഗസ്ഥനായ ജില്ലാ വ്യവസായ കേന്ദ്രം മാനേജർ സംഘത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ തുക നിശ്ചിത സമയത്തിനുള്ളിൽ വിനിയോഗിക്കാതിരുന്നതിനാൽ പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന് ജില്ലാ വ്യവസായകേന്ദ്രം മാനേജർ പലതവണ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക സംഘം തിരിച്ചടയ്ക്കുകയുണ്ടായിട്ടില്ല. ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഓഫ്സെറ്റ് പ്രസ്സ് തുടങ്ങുന്നതിനുള്ള ഒരു വായ്പയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെന്നും അത് അനുവദിച്ചു കിട്ടുന്ന മുറയ്ക്ക് ഡി.റ്റി.പി. യൂണിറ്റും ഓഫ്സെറ്റ് പ്രസ്സും തുടങ്ങാമെന്ന് വിചാരിച്ചിരുന്നതിനാലാണ് ധനവിനിയോഗം നീണ്ടുപോയതെന്നും 2001 ഒക്ടോബർ 31-ന് മുമ്പ് ഡി.റ്റി.പി. യൂണിറ്റ് തുടങ്ങുമെന്നും 27-9-2001-ന് സംഘം ജില്ലാവ്യവസായകേന്ദ്രം മാനേജരെ അറിയിക്കുക ഉണ്ടായെങ്കിലും, ജില്ലാ പഞ്ചായത്തിൽ നിന്നും തുക തിരികെ പിടിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ വിനിയോഗ കാലാവധി ദീർഘിപ്പിക്കാൻ കഴിയില്ലെന്നും തുക തിരികെ ഒടുക്കണമെന്നും വ്യവസായ കേന്ദ്രം മാനേജർ സംഘത്തിന് 28-6-2002-ന് നോട്ടീസ് നൽകിയിരുന്നു. എന്നിട്ടും തുക തിരിച്ചടയ്ക്കാതിരുന്നതിനെ തുടർന്ന് തുക പലിശസഹിതം തിരിച്ചടപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് 25-10-2007-ന്, സഹകരണ സംഘങ്ങളുടെ ലിക്വിഡേറ്ററേയും അഡ്മിനിസ്ട്രേറ്ററേയും നിയമിക്കുവാനും സംഘങ്ങളെ നിയന്ത്രിക്കുവാനും അധികാരമുള്ള വ്യവസായ സഹകരണസംഘം രജിസ്ട്രാർക്ക് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ കത്ത് നൽകിയിട്ടുണ്ട്. രജിസ്ട്രാറിൽ നിന്നും ഇതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ തുക റവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്."

പരാമർശ വിഷയത്തിന്മേൽ സമിതി നടത്തിയ തെളിവെടുപ്പിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

12. ചാരുംമൂട് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും ഇവർക്ക് ഡി.ടി.പി. യൂണിറ്റ് തുടങ്ങാനായി നൽകിയ 1.5 ലക്ഷം രൂപ തിരികെ ഈടാക്കുന്നതിനു നടപടി സ്വീകരിച്ചോയെന്നും സമിതി ആരാഞ്ഞു. കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റിയാണിതെന്നും 23-2-2000-ലാണ് സൊസൈറ്റി രൂപീകരിച്ചിരിക്കുന്ന തെന്നും 30-3-2000-ൽ ഡി.ഡി. ആയിട്ട് പണം ബന്ധപ്പെട്ട കോ-ഓപ്പറേറ്റീവ് ബാങ്കിലേക്കാണ് കൊടുത്തിരിക്കുന്നതെന്നും ബാങ്ക് മാനേജരുടെ അനുവാദമില്ലാതെ പണം പിൻവലിക്കരുതെന്ന് നിർദ്ദേശം നൽകിയിരുന്നുവെന്നും ആലപ്പുഴ എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവർ സമിതിയെ അറിയിച്ചു.

13. ചാരുംമൂട് പ്രിന്റിംഗ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിക്വിഡേറ്റ് ചെയ്തോയെന്ന് സമിതി ആരാഞ്ഞതിന് സൊസൈറ്റി നാളിതുവരെ പ്രവർത്തനം തുടങ്ങിയിട്ടില്ലെന്നും, അവർ ബാങ്ക് അക്കൗണ്ട് തുടങ്ങി പണം നിക്ഷേപിച്ചിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. സൊസൈറ്റി പ്രവർത്തനം തുടങ്ങാത്തതിനാൽ പണം പിൻവലിച്ചുതരണമെന്ന് ആവശ്യപ്പെട്ട് രജിസ്ട്രാർക്ക് കത്തയച്ചിരുന്നുവെങ്കിലും മറുപടി ലഭിക്കാതിരുന്നതിനാൽ സൊസൈറ്റിയുടെ പേരിൽ ആർ.ആർ. നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് ആലപ്പുഴ എൽ.എസ്.ജി.ഡി. ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

14. ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തനത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും നിലവിലെ അവസ്ഥ എന്താണെന്ന് ആരായുകയും ചെയ്തു. 28-12-2007-ൽ സൊസൈറ്റിക്ക് എതിരായി ആർ.ആർ. നടപടിയെടുത്തിട്ടുണ്ടെന്നും ആദ്യത്തെ അറിയിപ്പ് ലഭിച്ചയുടൻ രജിസ്ട്രാർക്ക് കത്ത് കൊടുത്തിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി പറഞ്ഞു.

15. ഓഡിറ്റ് ഖണ്ഡികയ്ക്ക് മറുപടി നൽകുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയാൽ ആരാണ് അതേക്കുറിച്ച് അന്വേഷിക്കേണ്ടതെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ഓഡിറ്റ് സംബന്ധമായ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിന് ഫിനാൻസ് ഓഫീസറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും അദ്ദേഹം തന്റെ കർത്തവ്യത്തിൽ വീഴ്ച വരുത്തിയാൽ അദ്ദേഹത്തിനെതിരെ സെക്രട്ടറിയാണ് നടപടി എടുക്കേണ്ടതെന്നും ഇനിമുതൽ അത് ശ്രദ്ധിക്കുന്നതാണെന്നും ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതുവരെ സ്വീകരിച്ച നടപടികളടങ്ങുന്ന ഫയൽസഹിതം ബന്ധപ്പെട്ട എല്ലാ രേഖകളും ആലപ്പുഴ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനയ്ക്കായി കൈമാറണമെന്നും ആയത് പരിശോധിച്ച് ഓഡിറ്റ് സമിതിക്ക് മറുപടി നൽകണമെന്നും ആർ.ആർ. സംബന്ധിച്ച പുരോഗതി ഗവൺമെന്റ് സമിതിയെ അറിയിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

16. പ്രസ്തുത വിഷയത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 6-9-2008-ലെ 21316/സ്പെ.സെൽ (ജി 2)/07 നമ്പർ കത്തിൽ ഇപ്രകാരം പരാമർശി ച്ചിരിക്കുന്നു.

17. ഡി.റ്റി.പി. യൂണിറ്റ് തുടങ്ങുന്നതിന് അനുവദിച്ച 1.5 ലക്ഷം രൂപ യാതൊരു പ്രയോജനവുമില്ലാതെ വർഷങ്ങളായി സംഘത്തിന്റെ പേരിൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു എന്ന ഓഡിറ്റ് പരാമർശത്തിന്, ഈയിനത്തിൽ നൽകിയ 1.5 ലക്ഷം രൂപയും 31-3-2000 മുതൽ 31-12-2007 വരെയുള്ള പലിശ സഹിതം 2,09,250 രൂപയും (18%) ആകെ 3,59,250 രൂപ സംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി മറ്റ് കമ്മിറ്റി മെമ്പർമാർ എന്നിവരിൽനിന്നും തനിച്ചോ കൂട്ടായോ ഈടാക്കുവാൻ 26-12-2007-ൽ ജില്ലാ പഞ്ചായത്ത് തീരുമാനിക്കുകയും (നമ്പർ ആർ.ആർ./94/1999-2000) നടപടി സ്വീകരിക്കുന്നതിന് 26-12-2007-ൽ ജില്ലാ കളക്ടർക്ക് കത്ത് നൽകിയതായും കാണുന്നു. ഇതു സംബന്ധമായി സെക്രട്ടറി, പ്രിന്റിംഗ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി [ഐ.എൻ.ഡി. (എ)-272] ചാരുംമൂടിന്റെ പേരിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ 5-2-2008-ൽ ബി-14-4882/08 നമ്പർ കത്തു പ്രകാരം ജില്ലാ കളക്ടർ മാവേലിക്കര തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുള്ളതായി ഇതു സംബന്ധമായ ഫയൽ പരിശോധിച്ചതിൽ കാണുന്നു. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ജില്ലാ വ്യവസായ കേന്ദ്രം മാനേജർ 29-3-2008-ൽ ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്ക് അയച്ച കത്തിന്റെ പകർപ്പിൽ (നമ്പർ ബി./1921/2000) ഗ്രാന്റിനത്തിൽ സംഘത്തിനു നൽകിയ 1.5 ലക്ഷം രൂപ 3/2000-ൽ വെച്ച കരാർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ (വ്യവസായ കേന്ദ്രം മാനേജർ) ചെക്ക് മേലൊപ്പ് വെച്ച് തരുന്നമുറയ്ക്ക് മാത്രമേ പിൻവലിക്കാൻ അനുവദിക്കാവൂ എന്ന നിബന്ധനയോടുകൂടി ജില്ലാ സഹകരണ ബാങ്കിന്റെ നൂറനാട് ശാഖയിൽ (എസ്.ബി. അക്കൗണ്ട് നമ്പർ 69) നിക്ഷേപിച്ചിരുന്നതായും, ബാങ്ക് മാനേജരുടെ 11-1-2008-ലെ കത്തു പ്രകാരം ഈ അക്കൗണ്ടിൽ 5,507 രൂപ മാത്രമാണ് മിച്ചംനിൽക്കുന്നത് എന്ന് അറിയിച്ചതായും കാണുന്നു. വ്യവസായ കേന്ദ്രം മാനേജരുടെ ഓഫീസിലെ രേഖകൾ പ്രകാരം പ്രസ്തുത അക്കൗണ്ടിൽനിന്നും തുക പിൻവലിക്കുവാൻ അനുവാദം നൽകി യതായി കാണുന്നില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും കരാറിനു വിരുദ്ധമായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ അനുമതിയില്ലാതെ പദ്ധതിത്തുക പിൻവലി ക്കപ്പെട്ടതായി കാണുന്നു.

18. തുക കൈപ്പറ്റിയ സംഘം സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് പകരം, നിലവിലുള്ള സംഘത്തിന്റെ സെക്രട്ടറിയുടെ പേരിൽ നടപടി സ്വീകരിച്ചതും കാലതാമസത്തിന് ഇടവരുത്തുന്നു.

19. പദ്ധതിപ്പണം നൽകിയത് വ്യവസായകേന്ദ്രം മാനേജർ ആയിരുന്ന തിനാൽ ടിയാൻ മുഖേന ആർ.ആർ. നടപടി സ്വീകരിക്കേണ്ടതായിരുന്നു.

20. പദ്ധതിപ്പണം നൽകിയശേഷം തുടർനടപടികൾ സ്വീകരിക്കാതെ അനധികൃതമായി സംഘം ബാങ്കിൽനിന്നും പണം പിൻവലിച്ചതിന്റെ ഉത്തര വാദിത്വത്തിൽ നിന്നും വ്യവസായകേന്ദ്രം മാനേജർക്ക് ഒഴിയാൻ കഴിയുന്നതല്ല. ഇക്കാര്യത്തിൽ മേൽ നടപടി സ്വീകരിക്കാവുന്നതാണ്.

21. ആർ. ആർ. നടപടിയുടെ ശുപാർശയിന്മേൽ ജില്ലാപഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന്, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 29-9-2009-ലെ 16499/സ്പെ.സെൽ/ജി2/09 നമ്പർ കത്തു പ്രകാരം ഇങ്ങനെ അറിയിച്ചിരിക്കുന്നു.

"ജനകീയാസൂത്രണം 99/00 പ്രകാരം ഏറ്റെടുത്ത ടി പ്രോജക്ടിന് 1,50,000 രൂപ ജില്ലാ വ്യവസായകേന്ദ്രം മുഖേന 13-3-2000-ൽ ചാരുംമൂട് പ്രിന്റിംഗ് ഇൻഡസ്ട്രിയൽ സഹകരണ സംഘം സെക്രട്ടറിക്ക് നൽകിയിരുന്നു. എന്നാൽ തുക വിനിയോഗ വിവരങ്ങൾ ലഭ്യമാകാതിരുന്നതിനാൽ ടി തുക പലിശസഹിതം (3,19,250 രൂപ) റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കാൻ ജില്ലാ കള്ക്ടർ, മാവേലിക്കര തഹസിൽദാരോട് ആവശ്യപ്പെട്ടിരുന്നു. തുടർനടപടികൾക്ക് മാവേലിക്കര തഹസിൽദാരുമായി ബന്ധപ്പെടണമെന്നും കളക്ടർ അറിയിച്ചിരുന്നു. എന്നാൽ ആർ. ആർ. നടപടിയെ സംബന്ധിച്ച് പിന്നീട് ജില്ലാ പഞ്ചായത്ത് മാവേലിക്കര തഹസിൽദാരുമായി എന്തെങ്കിലും കത്തിടപാടുകൾ നടത്തിയതായി രേഖകളില്ല."

"തുക പലിശസഹിതം തിരിച്ചടയ്ക്കുന്നതിന് 22-10-2008-ൽ ആർ. ആർ. നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും തുകയൊന്നും നാളിതുവരെ ജില്ലാപഞ്ചായത്തിൽ ഈടാക്കി അടച്ചിട്ടില്ല എന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12-11-2009-ലെ 28693/എസി3/08/ത.സ്വ.ഭ.വ. നമ്പർ കത്തിൽ അറിയിച്ചിരിക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

22. **ഡി.റ്റി.പി. യൂണിറ്റ് തുടങ്ങുന്നതിന് ചാരുംമൂട് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ആലപ്പുഴ ജില്ലാ പഞ്ചായത്ത് നൽകിയ 1.5 ലക്ഷം രൂപ പലിശ സഹിതം, ജില്ലാസഹകരണ ബാങ്കിൽനിന്നും തുക കൈപ്പറ്റിയ സംഘം സെക്രട്ടറി, സംഘം പ്രസിഡന്റ് എന്നിവരിൽനിന്ന് തുല്യമായി ആർ.ആർ. നടപടിയിലൂടെ ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

23. **പദ്ധതിപ്പണം നൽകിയശേഷം തുടർനടപടികൾ സ്വീകരിക്കുന്നതിലും ബാങ്കിൽനിന്നും സംഘം, തുക പിൻവലിച്ചിട്ടും അതിനെതിരെ നടപടി സ്വീകരിക്കുന്നതിലും വീഴ്ച വരുത്തിയ നിർവ്വഹണോദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പെരുവേലിച്ചാൽ പുഞ്ച ബണ്ട് നിർമ്മാണത്തിൽ അപാകതകൾ-അധികച്ചെലവ്**

ചാരുംമൂട് ഡിവിഷനിൽപ്പെട്ട രണ്ടായിരം ഏക്കർ വിസ്തീർണ്ണമുള്ള പെരുവേലിച്ചാൽ പുഞ്ചയെ വെള്ളക്കെടുതിയിൽ നിന്നും സംരക്ഷിക്കുന്നതിന് 1997-1998, 1998-1999 വർഷത്തിൽ നടപ്പാക്കിയ ബണ്ടിന്റെ ബാക്കിഭാഗം നിർമ്മിക്കുന്നതിനുള്ള പദ്ധതിയിൽ സാങ്കേതിക നിർദ്ദേശം ലംഘിച്ച് പ്രവൃത്തി നടപ്പാക്കിയതിനാലും മണ്ണ് നിറയ്ക്കലിന് നിരക്ക് നിർണ്ണയിച്ചതിലെ അപാകതമൂലവും അധികച്ചെലവ് കാണുന്നു.

ആർ. ആന്റ്. ബി. ചീഫ് എൻജിനീയറുടെ 9-12-1991-ലെ ബി2/41029/91 നമ്പർ സാങ്കേതിക നിർദ്ദേശപ്രകാരം സംരക്ഷണഭിത്തിയുടെ അടിത്തറ വീതി, ആയതിന്റെ ഉയരത്തിന്റെ 4/10-ൽ കൂടുതൽ ആകുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നിബന്ധന ലംഘിച്ച് അധികവീതിയിൽ സംരക്ഷണ ഭിത്തി നിർമ്മിച്ച് മൂല്യം തിട്ടപ്പെടുത്തിയതിനാൽ 54,888 രൂപയുടെ അധികച്ചെലവ് വന്നിട്ടുണ്ട്.

മണ്ണ് നിറയ്ക്കലിന് നിരക്കു നിർണ്ണയിച്ചപ്പോൾ കൺസോളിഡേഷൻ നടത്താതെ ഫില്ലിംഗ് നടത്തുന്ന സംഗതികളിൽ ഉപയോഗിച്ച മണ്ണിന്റെ അളവിൽനിന്നും 20% കുറവുചെയ്യണമെന്ന കെ.എസ്.എസ്. സെക്ഷൻ 4(5)-ലെ വ്യവസ്ഥ തെറ്റായി വ്യാഖ്യാനിച്ച് നിരക്കിനൊപ്പം 20% കൂട്ടിനൽകിയതുമൂലവും 10% ഷ്രിംഗേജ് കുറവ് ചെയ്യാതിരുന്നതുമൂലവും, ലഭ്യമായ മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാതിരുന്നതുമൂലവും 2,28,388 രൂപ അധികമായി നൽകിയതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.4.III.1]

തദ്ദേശസ്വയംഭരണ (എ.ബി.) വകുപ്പിന്റെ 5-1-2008-ലെ 78051/എ.ബി.1/07/ തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു :

24. "ചീഫ് എഞ്ചിനീയറുടെ (R&B) 9-12-1991-ലെ ബി2-41029/91 നമ്പർ സാങ്കേതിക നിർദ്ദേശത്തിലുള്ള സംരക്ഷണഭിത്തിയുടെ അടിത്തറ വീതി ഈ പ്രവൃത്തിക്ക് അപര്യാപ്തമായി കണ്ടതിനാൽ കൂടുതൽ വീതി അടിത്തറയ്ക്ക് കൊടുത്തുകൊണ്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും ടെക്നിക്കൽ കമ്മിറ്റി സ്ഥലം പരിശോധിച്ച് ബോദ്ധ്യമായതിനുശേഷമാണ് സാങ്കേതികാനുമതി നൽകിയിട്ടുള്ള തെന്നും അധികവീതി അടിത്തറയ്ക്ക് കൊടുത്തില്ലായിരുന്നുവെങ്കിൽ സംരക്ഷണഭിത്തി തുടർന്നുവന്ന വെള്ളപ്പൊക്ക കാലം അതിജീവിക്കില്ലായിരുന്നുവെന്നും സ്ഥലത്തെ മണ്ണ് ചെളിയും വെള്ളവും കൂടിക്കലർന്ന അവസ്ഥയിലായിരുന്നതു കാരണം സാധാരണ നിരക്കിൽ നിന്നും 20% അധിക കൺസോളിഡേഷൻ നൽകിയാൽ മാത്രമേ പ്രവൃത്തി ബലപ്പെടുത്താൻ കഴിയൂ എന്ന് പരിപൂർണ്ണമായി ബോധ്യപ്പെട്ടതു കൊണ്ടാണ് എർത്ത് ഫില്ലിംഗ് അപ്രകാരം നിർവ്വഹിച്ചതെന്നും കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷനിൽ പറഞ്ഞിട്ടുള്ള അളവുകൾ പൂർണ്ണമായി പിന്തുടരുവാൻ നിർവ്വാഹമില്ലായിരുന്നുവെന്നും നിർദ്ദിഷ്ട സ്ഥലത്ത് വെള്ളത്തിൽ ഫൗണ്ടേഷൻ എടുക്കുന്ന മുഴുവൻ മണ്ണും ബണ്ട് നിറയ്ക്കുവാൻ ഉപയോഗിക്കുന്നതിന് കഴിയില്ല എന്ന് ബോദ്ധ്യമായതിനാലും ഒരു വശം 6 മീ. വീതിയുള്ള തോടായതിനാൽ 50% ലേറെ മണ്ണ് നഷ്ടപ്പെടുമെന്നുള്ളതിനാലും ബാക്കി 50% മാത്രമേ ഉപയോഗിക്കത്തക്കതായി എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ളതെന്നും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയിരിക്കുന്നത് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പി ക്കുന്നു. ആഡിറ്റ് പുനർറിപ്പോർട്ടിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചി നീയർ ശ്രീ. എം. ആർ. അനിൽകുമാറിൽ നിന്നും സർച്ചാർജ്ജ് ഈടാക്കാൻ നടപടി കൾക്ക് ശുപാർശ ചെയ്തിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ മേൽനടപടി സ്വീകരിക്കുന്നതിന് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് 21-7-2007-ൽ ആവശ്യപ്പെട്ടിട്ടുണ്ട്."

25. പെരുവേലിച്ചാൽ പൂഞ്ച ബണ്ട് നിർമ്മാണത്തിന് 2,28,388 രൂപ എസ്റ്റിമേറ്റിൽ നിന്നും അധികമായി ചെലവഴിച്ചതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചെന്ന് സമിതി ആരാഞ്ഞതിന് ഇതു സംബന്ധിച്ച് കൃഷിവകുപ്പിലെ അന്നത്തെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കെതിരെ സർച്ചാർജ്ജ് നോട്ടീസ് കൊടുത്തിട്ടുണ്ടെന്ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും 1997-1999 വർഷമാണ് ഈ വർക്ക് ചെയ്തതെന്നും 28-7-2007-ൽ ഓഡിറ്റ് തടസ്സത്തിന് മറുപടി നൽകിയെന്നും ആലപ്പുഴ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. എം. ആർ. അനിൽകുമാറും സമിതിയെ അറിയിച്ചു.

26. ശ്രീ. എം. ആർ. അനിൽകുമാറിന്റെ കയ്യിൽ നിന്ന് 2,28,388 രൂപ ഈടാക്കാതിരിക്കുന്നതിന് മതിയായ വിശദീകരണമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഒരു പ്രദേശത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനാണ് പ്രസ്തുത പദ്ധതി ഏറ്റെടുത്തതെന്നും എസ്റ്റിമേറ്റ് എടുത്ത് ടെക്നിക്കൽ കമ്മിറ്റി സ്ഥലം പരിശോധിച്ച് അംഗീകാരം നൽകിയ വർക്കാണ് ചെയ്തതെന്നും മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. പണി പൂർത്തീകരിച്ച ശേഷമുള്ള ഒബ്ജക്ഷനാണ് ഇവിടെ കാണുന്നതെന്നും സമയബന്ധിതമായി തീർത്ത പണിക്ക് ഇതുവരെയും യാതൊരു കേടും സംഭവിച്ചിട്ടില്ലെന്നും നാട്ടുകാരുടെ 50 വർഷത്തെ ആവശ്യമാണ് പ്രസ്തുത പദ്ധതികൊണ്ട് നടപ്പിലായതെന്നും അദ്ദേഹം അറിയിച്ചു.

27. സ്ഥലത്തിന്റെ സാഹചര്യമനുസരിച്ച് ചെയ്ത വർക്കാണെങ്കിലും അതു ബോദ്ധ്യപ്പെടുത്തി സർക്കാരിൽ നിന്ന് സാംഗ്ഷൻ വാങ്ങിയിരിക്കണമെന്നും ഏത് വർക്കായാലും അതിന്റെ നടപടിക്രമം പാലിക്കണമെന്നും അങ്ങനെ ചെയ്യാതിരുന്നത് ജോലിയിലുള്ള കൃത്യവിലോപമായിട്ടേ കണക്കാക്കാനാവൂയെന്നും സമിതി വ്യക്തമാക്കി. അതിനാലാണ് ലയബിലിറ്റി മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഫിക്സ് ചെയ്തതെന്നും 1998-99-ലെ വർക്കിന് 2007 വരേയും മറുപടി നൽകാതെ സമിതിയുടെ തെളിവെടുപ്പ് വേളയിലാണ് ഇതിനൊരു വിശദീകരണം നൽകുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി. ഇത് തെറ്റായ നടപടിയാണെന്നും ചട്ടമനുസരിച്ചേ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും സമിതി അഭിപ്രായപ്പെട്ടു. എന്നിരുന്നാലും ഡി.എൽ.ഇ.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പുസഹിതം ആലപ്പുഴ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് രണ്ടാഴ്ചയ്ക്കകം വിശദീകരണം നൽകി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി ആവശ്യപ്പെട്ടു.

28. സമിതി നിർദ്ദേശത്തെ തുടർന്ന് പദ്ധതിക്ക് ഡി.എൽ.ഇ.സി. അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റ് വകുപ്പ് പരിശോധിക്കുകയും 29-9-2009-ലെ 16499/സ്പെ.സെൽ.ജി2/09 നമ്പർ കത്ത് പ്രകാരം "പദ്ധതിക്ക് ഡി.എൽ.ഇ.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്" എന്ന് അറിയിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശുപാർശകൾ**

29. **ഒരു പ്രദേശത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനായി ഏറ്റെടുത്ത പദ്ധതിയെന്ന നിലയിലും, എസ്റ്റിമേറ്റ് എടുത്ത് ടെക്നിക്കൽ കമ്മിറ്റി സ്ഥലം പരിശോധിച്ച് അംഗീകാരം നൽകിയ പ്രവൃത്തിയെന്ന നിലയിലും, സമയബന്ധിതമായി തീർത്ത പ്രവൃത്തിക്ക് നാളിതുവരെ യാതൊരു കേടുപാടും സംഭവിച്ചിട്ടില്ല എന്ന വസ്തുത കണക്കിലെടുത്തും, നാട്ടുകാരുടെ ദീർഘകാലമായ ആവശ്യം പ്രസ്തുത**

**പദ്ധതി കൊണ്ട് നടപ്പിലായതിനാലും പ്രസ്തുത പദ്ധതിക്ക് ഡി.എൽ.ഇ.സി. അംഗീകാരം ലഭിച്ചിട്ടുള്ളതായി ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും ടി പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചന്തിരൂർ തോട് ശുചീകരണം-വ്യാജരേഖ അടിസ്ഥാനമാക്കി പണം നൽകി**

"1997-98 ജനകീയാസൂത്രണത്തിന്റെ ഭാഗമായി അരൂർ പഞ്ചായത്തിലെ ചന്തിരൂർ തോടിന്റെ ശുചീകരണത്തിനായി 11,50,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഗുണഭോക്തൃ സമിതിവഴി പ്രവൃത്തി നടപ്പാക്കുന്നതിന് വിഭാവനം ചെയ്യുകയും ചെയ്തു. ആരോഗ്യപരമായ കാരണങ്ങളാൽ തൊഴിലാളികൾക്ക് തോട്ടിലിറങ്ങി പണി ചെയ്യുവാൻ സാധ്യമല്ലാത്തതിനാൽ യന്ത്രം, രാസപദാർത്ഥം എന്നിവ ഉപയോഗിച്ച് തോട് ശുചിയാക്കുവാൻ 8-3-2000-ലെ കമ്മിറ്റി തീരുമാനിക്കുകയും സുക്കുറ സൾഫേറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു.

പ്രവൃത്തി പകുതിയിലധികവും പൂർത്തിയായതിനുശേഷം പ്രവൃത്തിയിൽ മാറ്റം വരുത്തുകയും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതിക അനുമതി നേടുകയോ ചെയ്യാതെ പ്രവൃത്തി നടത്തിയത് പൊതുമരാമത്ത് മാന്വൽ നിർദ്ദേശം 10.1.8-ന്റെ ലംഘനമാണ്.

രാസപദാർത്ഥവും ഡ്രെഡ്ജറും ഉപയോഗിച്ച് തോട് ശുചീകരിച്ചിട്ട് മനുഷ്യാദ്ധ്വാനംവഴി മാലിന്യം നീക്കം ചെയ്തതായി വ്യാജരേഖയുണ്ടാക്കി ആയതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്. ഇത് ഗുരുതരമായ ക്രമക്കേടാണ്. എം. ബുക്കിൽ ചെയ്യാത്ത പ്രവൃത്തികൾ ചെയ്തതായി രേഖപ്പെടുത്തി ചെക്ക് മെഷർ ചെയ്തു എന്ന് രേഖപ്പെടുത്തിയ എഞ്ചിനീയർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതിക്ക് കൺവീനർക്ക് നൽകിയ 10,70,656 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.4.III.2]

തദ്ദേശസ്വയംഭരണ (എബി) വകുപ്പിന്റെ 5-1-2008-ലെ 78051/എബി1/07/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:-

30. "സമീപപ്രദേശങ്ങളിലെ ചെമ്മീൻ പീലിംഗ് ഷെഡുകളിൽ നിന്നുള്ള മാലിന്യങ്ങൾ ഒഴുകിയെത്തുന്ന അരൂർ പഞ്ചായത്തിലെ ചന്തിരൂർ തോട് ശുചീകരണത്തിന് 1997-98-ലെ ജനകീയാസൂത്രണ പദ്ധതി പ്രകാരം 11.50 ലക്ഷം രൂപ അനുവദിക്കുകയും ആയതിന്റെ നടത്തിപ്പിനായി ശ്രീ. ഗോപാലനെ ഗുണഭോക്തൃ കമ്മിറ്റി കൺവീനറായി തിരഞ്ഞെടുക്കുകയും കരാർ ഉടമ്പടിവച്ച് തോട്ടിലെ മാലിന്യങ്ങൾ നീക്കംചെയ്യാൻ തുടങ്ങുകയും ചെയ്തു. ചന്തിരൂർ പഴയ

പാലത്തിന് കിഴക്കു വശം ബണ്ടിട്ട് അവിടം മുതൽ കിഴക്കോട്ട് 800 മീറ്റർ നീളം ഒന്നാം ഭാഗമായും പടിഞ്ഞാറോട്ട് 837 മീറ്റർ രണ്ടാം ഭാഗമായും ഇടവിട്ട് ബണ്ടുകൾ ഇട്ട് വെള്ളം വറ്റിച്ച് മാലിന്യങ്ങൾ കോരി നീക്കിയാണ് പ്രവൃത്തി ചെയ്തിരുന്നത്. N.H. പുതിയ പാലത്തിന് പടിഞ്ഞാറുഭാഗത്തുള്ള ബണ്ടും പഴയപാലത്തിന് കിഴക്കു വശത്തുള്ള ബണ്ടിനും ഇടയ്ക്കുള്ള മദ്ധ്യഭാഗം ഉദ്ദേശം 120 മീറ്റർ നീളത്തിലുള്ളത് കഴിച്ച് ബാക്കി ഭാഗങ്ങൾ വൃത്തിയാക്കി കഴിഞ്ഞപ്പോൾ മാലിന്യങ്ങൾ ഒഴുക്കി വിടാൻ കഴിയാതെ ഈ ബണ്ടുകൾക്കിടയിലുള്ള ഭാഗത്ത് മാലിന്യങ്ങൾ അടിഞ്ഞുകൂടി അതീവ ഗുരുതരമായ നിലയിൽ മലിനപ്പെടുകയും ഒരു രീതിയിലും മനുഷ്യാദ്ധ്വാനം കൊണ്ട് ചെയ്യാൻ കഴിയാതെ വരുകയും ചെയ്തതിനാൽ ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം ഭാഗികമായി പടിഞ്ഞാറു വശത്തെ ബണ്ട് പൊട്ടിച്ച് കുറെ മാലിന്യങ്ങൾ ശുചീകരിക്കപ്പെട്ട ഭാഗത്തേക്ക് ഒഴുക്കിയതിനെ തുടർന്ന് ജലോപരിതലത്തിൽ പൊങ്ങി കിടന്നിരുന്ന മാലിന്യങ്ങൾ വീണ്ടും ഗുണഭോക്തൃ കമ്മിറ്റി ശുചീകരിച്ചു വെങ്കിലും ബണ്ടുകൾ നിലനിർത്തി മാലിന്യങ്ങൾ കോരി നീക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ട ജില്ലാ ഭരണകൂടം ബണ്ടുകൾ പുന:സ്ഥാപിച്ച് അടിയന്തരമായി മാലിന്യങ്ങൾ നീക്കം ചെയ്യുവാൻ നിർദ്ദേശിച്ചത് പ്രകാരം ജൈവമാലിന്യങ്ങൾ നിർവീര്യമാക്കുന്നതിന് രാസപദാർത്ഥങ്ങൾ ഉപയോഗിക്കുവാനും മാലിന്യങ്ങൾ കോരിമാറ്റുവാൻ യന്ത്രസഹായം തേടുകയും ചെയ്തതാണെന്നും M/s SOKURA SULPHATES, കൊച്ചി എന്ന സ്ഥാപനവുമായി ഗുണഭോക്തൃ കമ്മിറ്റി കരാറിലേർപ്പെ ടുകയും 120 മീറ്റർ നീളം വരുന്ന തോടിന്റെ ഭാഗം എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന രീതിയിൽ വൃത്തിയാക്കി മാലിന്യങ്ങൾ കോരി മാറ്റുന്നതിന് 3,12,000 രൂപയാണ് കമ്പനി ആവശ്യപ്പെട്ടതെന്നും (ഒരു മീറ്ററിന് 2600 രൂപ) എന്നാൽ ജില്ലാ പഞ്ചായത്ത് അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം 1637 മീറ്ററിന് 11,50,000 രൂപയാണെന്നും (ഒരു മീറ്ററിന് 702.50 രൂപ) തോട്ടിലെ മാലിന്യതോത് അനിയന്ത്രിതമായി വർദ്ധിച്ച സാഹചര്യത്തിൽ ജില്ലാ ഭരണകൂടവും മറ്റ് ഉന്നതാധികാരികളും അടിയന്തര നടപടികൾക്ക് നിർദ്ദേശം നൽകിയതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കൂടിയ തുക നൽകൽ പ്രായോഗികമായിരുന്നില്ലെന്നും 1637 മീറ്ററിൽ 120 മീറ്റർ കഴിച്ച് ബാക്കി ഭാഗം ചെയ്ത ഗുണഭോക്തൃ കമ്മിറ്റിയുടെ ഉത്തരവാദിത്വത്തിൽ തന്നെ ടി ഭാഗവുംകൂടി ഉൾപ്പെടുത്തി ബില്ല് നൽകുകയാണ് ചെയ്തതെന്നും പണി പൂർത്തീകരിച്ച ശേഷം ഫൈനൽ ലവൽസ് എടുത്താണ് ചെയ്ത പണിയുടെ മൂല്യം നിർണ്ണയിച്ചിട്ടുള്ളതെന്നും ജില്ലാ പഞ്ചായത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്താതെ പദ്ധതി പൂർത്തീകരിക്കുകയും ചെയ്തതെന്ന മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ പുനർ റിപ്പോർട്ടിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി യിരുന്നതാണ്. എന്നാൽ ടി ഖണ്ഡിക സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടുപോയിട്ടുള്ള തിനാൽ നിയമസഭാ സമിതിയുടെ അംഗീകാരത്തിന് വിധേയമായി മാത്രമേ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ കഴിയൂ എന്ന് 21-12-2007-ന് ആലപ്പുഴ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഈ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ അഭ്യർത്ഥിക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

**31. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുന:പരിശോധന റിപ്പോർട്ടിന്റെയും സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പ്രവൃത്തിയുടെ മൂല്യത്തിലധികം കൺവീനർക്ക് നൽകിയത്-അധികച്ചെലവ് നിരാകരിക്കുന്നു**

ജില്ലാ പഞ്ചായത്തിന്റെ പൊതുമരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെപ്പറയുന്ന പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിക്കപ്പെടാതെ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്ന കൺവീനറുമായുള്ള കരാർ റദ്ദ് ചെയ്ത് ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനർ ക്രമീകരിക്കുവാനോ ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിലധികമായി നൽകിയ തുക തിരികെ ഈടാക്കാനോ നടപടി സ്വീകരിച്ചിട്ടില്ല.

| | പ്രവൃത്തിയുടെ പേര് | അധികം നൽകിയ തുക |
|---|---|---|
| 1. | കൈക്കുളങ്ങര ഗുരുപുരം അയ്യൻകാളി റോഡ് | 15,000 |
| 2. | ശ്രീനാരായണ തോടിന് പാലം | 84,642 |
| 3. | മുറിയോടി പാടം ഡ്രെയിനേജ് കലുങ്ക് | 42,376 |
| 4. | മുല്ലയ്ക്കൽതോട് സൈഡ് സംരക്ഷണം | 26,000 |
| 5. | ചിങ്ങോലി പഞ്ചായത്ത് വാർഡ് 1 സൈഡ് ഡ്രെയിൻ | 46,770 |
| 6. | പട്ടണക്കാട് എസ്.ബി.വി.വി.എച്ച്.എസ്. ക്ലാസ് മുറി നിർമ്മാണം | 3,414 |
| 7. | പൈനാഗളിപ്പാടം ബണ്ട് (ചെറിയനാട് പഞ്ചായത്ത്) | 65,000 |
| | ആകെ | 2,83,202 |

പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും അധികമായി നൽകിയ തുക ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.4.III.3]

പരാമർശത്തിന് തദ്ദേശസ്വയംഭരണ (എബി) വകുപ്പിന്റെ 5-1-2008-ലെ 78051/എബി1/07/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:-

(1) "അധികം നൽകിയ 15,000 രൂപയും ആയതിന് പലിശയിനത്തിൽ 13,893 രൂപയും ഉൾപ്പെടെ ആകെ 28,893 രൂപ 10/04 മുതൽ 06/05 വരെയുള്ള കാലത്ത് ഗഡുക്കളായി ഈടാക്കിക്കഴിഞ്ഞതിനാൽ ഈ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ അഭ്യർത്ഥിക്കുന്നു.

(2) കൺവീനറിൽനിന്നും തുക ഈടാക്കുന്നതിന് 24-10-2002-ന് ആർ. ആർ. നടപടി സ്വീകരിച്ചിരുന്നതാണെങ്കിലും കൺവീനർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 21546/03 നമ്പർ റിട്ട് ഹർജിയിൽ ഹർജിക്കാരനെതിരെ ഇപ്പോൾ നടപടി സ്വീകരിക്കുന്നത് തൽക്കാലം നിർത്തി വയ്ക്കുവാൻ ഉത്തരവായിരുന്നു. കൂടാതെ, പാലം നിർമ്മാണത്തിനുവേണ്ടി 10 മീറ്ററോളം നീളമുള്ള കോൺക്രീറ്റ് കാലുകൾ വാർത്തിട്ടിരുന്ന സ്ഥലത്തിന്റെ ഉടമ അവ നീക്കംചെയ്തു കിട്ടുന്നതിനും നഷ്ടപരിഹാരത്തിനും വേണ്ടി ചേർത്തല മുൻസിഫ് കോടതിയിൽ OS 42/06 നമ്പരായി ഒരു സിവിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൺവീനറുടെ പക്കൽ നിൽക്കുന്ന തുക ഇതുവരെ ഈടാക്കുവാൻ കഴിഞ്ഞിട്ടില്ല.

(3) പ്രവൃത്തി പൂർത്തീകരിച്ച് 30-4-2004-ന് 1,50,674 രൂപയുടെ ബിൽ നൽകിയിട്ടുള്ളതിനാൽ ഈ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ അഭ്യർത്ഥിക്കുന്നു.

(4) 29-12-2003-ന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. 6,145 രൂപ ഇതിനകം ഈടാക്കിയിട്ടുണ്ട്. ആയതിനാൽ, ഈ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ അഭ്യർത്ഥിക്കുന്നു.

(5) റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കേണ്ട തുക തിട്ടപ്പെടുത്തുന്നതിനു വേണ്ടി ഇതിനകം കൺവീനർ പൂർത്തിയാക്കിയ പ്രവൃത്തി അളന്ന് തിട്ടപ്പെടുത്തുന്നതിന് ചിങ്ങോലി പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.) നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) പ്രവൃത്തി പൂർത്തീകരിച്ച് 30-3-2003-ൽ 1,50,237 രൂപയുടെ ഫൈനൽ ബിൽ നൽകിയിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ അഭ്യർത്ഥിക്കുന്നു.

(7) പ്രവൃത്തി പൂർത്തീകരിച്ചതിനെ തുടർന്ന് 28-3-2005-ൽ 5,18,193 രൂപയുടെ ഫൈനൽ ബിൽ അനുവദിച്ചിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ അഭ്യർത്ഥിക്കുന്നു."

33. ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് ഏഴ് പ്രവൃത്തികൾ നടന്നിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളെക്കുറിച്ചുള്ള വിശദീകരണം 9-1-2008-ൽ നടന്ന സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി നൽകുകയുണ്ടായി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

(1) ഒന്നാമത്തെ പ്രവൃത്തിയായ കൈക്കുളങ്ങര ഗുരുപുരം അയ്യങ്കാളി റോഡിന്റെ പണിക്ക് ബന്ധപ്പെട്ട് കൺവീനർക്ക് അധികമായി നൽകിയ തുക പലിശ സഹിതം തിരിച്ചുപിടിച്ചോയെന്നും തിരിച്ചുപിടിച്ചതിന്റെ രേഖകളുണ്ടോയെന്നും

സമിതി ആരാഞ്ഞതിന് തുക തിരിച്ചുപിടിച്ചിട്ടുണ്ടെന്നും ഈ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കാമെന്നും ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ വിശദാംശങ്ങൾ പരിശോധിച്ചശേഷം 6-9-2008-ലെ 21316/സ്പെ.സെൽ(ജി2)/07 നമ്പർ കത്തു പ്രകാരം താഴെ പറയും പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു :

"അധികം നൽകിയതായി റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന 15,000 രൂപയും പലിശയും ഉൾപ്പെടെ 28,727 രൂപ തിരികെ ഈടാക്കിയിട്ടുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ താഴെപ്പറയുന്ന രസീതുകൾ പ്രകാരം തുക ഈടാക്കിയതായി കാണുന്നു.

| രസീത് നമ്പർ/തീയതി | ഈടാക്കിയ തുക |
|---|---|
| 4434/443370/1-10-2004 | 4,737.00 |
| 4568/456719/26-11-2004 | 3,308.00 |
| 5953/595250/24-1-2005 | 3,800.00 |
| 21833/2183239/26-3-2005 | 7,600.00 |
| 24539/2453887/21-6-2005 | 9,250.00 |
| 19/31723/2-8-2005 | 32.00 |
| | 28,727.00 |

മേൽസാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശുപാർശ ചെയ്യുന്നു."

(2) ശ്രീനാരായണ തോടിന് കുറുകെ പാലം നിർമ്മിച്ചതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലും മുൻസിഫ് കോടതിയിലും കേസ് നിലവിലുണ്ടോയെന്നും അതിന്റെ ഫയലും അത് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ ഹാജരായിട്ടുണ്ടോ യെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ഉദ്യോഗസ്ഥർ ഹാജരായിട്ടില്ലായെന്ന് സെക്രട്ടറി മറുപടി നൽകി. ഇക്കാര്യം സംബന്ധിച്ച് എന്തെങ്കിലും വിശദീകരണം നൽകാൻ സെക്രട്ടറിക്കു സാധിക്കുമോയെന്ന സമിതിയുടെ ചോദ്യത്തിന് കേസ്സിന്റെ കാര്യങ്ങൾ പ്രത്യേകമായി അന്വേഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ജീവനക്കാരുടെ അഭാവമുണ്ടെന്നും, മറ്റൊരാളുടെ പുരയിടത്തിലാണ് 10 മീറ്റർ നീളമുള്ള കോൺക്രീറ്റ് കാലുകൾ വാർത്തിട്ടിരുന്നതെന്നും സെക്രട്ടറി അറിയിച്ചു.

പാലം പണിയുമായി ബന്ധപ്പെട്ട കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും ഈ പണിയുമായി ബന്ധപ്പെട്ട് തിരിച്ചുകിട്ടാനുള്ള 84,642 രൂപ തിരികെ ലഭിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് തുക തിരികെ ലഭിച്ചി ട്ടില്ലെന്നും കേസ് ഹൈക്കോടതിയിലാണെന്നും സെക്രട്ടറി അറിയിച്ചു. നിലവിലുള്ള കേസ്സുകൾ പലതിലും സാമ്പത്തിക നഷ്ടം വന്നതിനാൽ കേസ്സുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക ചുമതലക്കാരെ ഏർപ്പെടുത്തി പരിഹാരം കാണണമെന്നും തുക തിരികെ ലഭ്യമായിട്ടില്ലെങ്കിൽ റവന്യൂ റിക്കവറിക്ക് നടപടിയെടുക്കണമെന്നും

ഇതു സംബന്ധിച്ച എല്ലാ വിവരങ്ങളും ഓഡിറ്റ് വകുപ്പിനെ അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശാനുസരണം പുനഃപരിശോധന നടത്തി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 6-9-2008-ലെ 21316/സ്പെ.സെൽ(ജി2)/07 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു :

" 1999-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി ഏറ്റെടുത്ത " ശ്രീനാരായണപുരം തോടിന് പാലം" എന്ന പദ്ധതിക്കായി 9.5 ലക്ഷം രൂപയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, 17-11-1999-ൽ 8,29,136 രൂപയ്ക്ക് സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തിരുന്നു. 24-1-2000-ൽ വച്ച എഗ്രിമെന്റ് പ്രകാരം (നം.1) 1 ലക്ഷം രൂപ കൺവീനറായ ശ്രീ. എ. ആർ. നന്ദകുമാർ, ആലുംവെളിയിൽ, എഴുപുന്ന എന്ന വ്യക്തിക്ക് നൽകുകയും ചെയ്തു. തുടർന്ന് ടിയാൻ പാർട്ട് ബിൽ സമർപ്പിക്കുകയും ആയതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ 1,00,967 രൂപയുടെ മൂല്യനിർണ്ണയം നടത്തുകയും ചെയ്തു. (എം. ബുക്ക് നമ്പർ 29/1998-99 പേജ് 45) മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 12,000 രൂപയും നികുതികളും മറ്റുമായി 6,410 രൂപയും ഉൾപ്പെടെ ആകെ 18,410 രൂപ കുറവു ചെയ്തശേഷം 82,557 രൂപ 761688/31-3-2000 നമ്പർ ചെക്കുപ്രകാരം കമ്പനിക്ക് നൽകിയിട്ടുണ്ട്. തുടർന്ന് 31-3-2000 മുതൽ ടിയാൻ പ്രവൃത്തി നിർത്തിവച്ചതായാണ് രേഖ. മൂല്യനിർണ്ണയത്തിൽ അധികരിച്ച് ടിയാന് നൽകിയ 84,642 രൂപയിൽ ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 78,766 രൂപ 63/31732/1-2-2008-ാം നമ്പർ രസീതുപ്രകാരം തിരിച്ചടച്ചിട്ടുണ്ട്. ശേഷിച്ച 5,906 രൂപയും പ്രവൃത്തി നിർത്തിവച്ച 31-3-2000 മുതലുള്ള പലിശയും ഈടാക്കിയിട്ടില്ല.

പണി ഏറ്റെടുത്തിരുന്ന കൺവീനർ ശ്രീ. എ. ആർ. നന്ദകുമാർ, പാലം പണിക്കുവേണ്ടി ശ്രീ. ആന്റണി, കൂറ്റുതറ, എരമല്ലൂർ (പി.ഒ.) എന്ന വ്യക്തിയുടെ സ്വകാര്യ സ്ഥലത്ത് തൂണുകൾ വാർത്തിടുകയുണ്ടായിയെന്നും (ഇതിനാണ് പാർട്ട് ബില്ല് ഹാജരാക്കിയത്), ഇതുമൂലം ശ്രീ. ആന്റണിക്ക് വളരെയധികം കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും, പ്രസ്തുത തൂണുകൾ മാറ്റി കൊടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ എതിർകക്ഷിയായി ബഹു. ചേർത്തല മുനിസിഫ് കോടതിയിൽ നൽകിയ ഒ.എസ്.42/06-ാം നമ്പർ ഹർജിയിൽ പ്രസ്തുത തൂണുകൾ മാറ്റിക്കൊടുക്കാനും, ഹർജിക്കാരന് 5,000 രൂപ നഷ്ടപരിഹാരം നൽകുവാനും ഉത്തരവായി കാണുന്നു. ഈ തുക അടയ്ക്കുവാനും തൂണുകൾ സ്വന്തം ചെലവിൽ മാറ്റിക്കൊടുക്കുവാനും ആവശ്യപ്പെട്ട് 22-10-2007-ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ശ്രീ. നന്ദകുമാറിന് കത്തയച്ചിട്ടുണ്ടെങ്കിലും ടിയാൻ പ്രതികരിച്ചിട്ടില്ല. നിലവിൽ പാലം പണി ഉപേക്ഷിച്ചതിനാൽ ഈ ഇനത്തിൽ കൺവീനർക്ക് നൽകിയ മുഴുവൻ തുകയും പാഴ്ചെലവായ അവസ്ഥയാണുള്ളത്.

പാലം നിർമ്മാണത്തിനായി തൂണുകൾ നിർമ്മിച്ചശേഷം അതിന്റെ തുടർ നടപടികൾ സ്വീകരിച്ച് പാലം നിർമ്മിക്കാതിരുന്നതിന് നിർവ്വഹണോദ്യോഗസ്ഥന്റെയും, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും ഭാഗത്തുനിന്നുണ്ടായ കൃത്യവിലോപം ശ്രദ്ധയിൽപ്പെടുത്തുന്നു."

"1,00,000 രൂപ അഡ്വാൻസ് നൽകിയതിൽ, പാർട്ട് ബില്ല് അക്കൗണ്ടിൽ ബാക്കി യുണ്ടായിരുന്ന തുക എന്നിവയിൽ നിന്നും ക്രമീകരിച്ചതിനുശേഷം, കേസ് നില നിൽക്കുന്നതിനാൽ ബാക്കി തുകയായ 5,876 രൂപ ഈടാക്കിയിട്ടില്ല," എന്ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14-7-2009-ലെ AD/3244/07 നമ്പർ കത്ത് പ്രകാരം സമിതിയെ അറിയിച്ചു.

ജില്ലാ പഞ്ചായത്തിന്റെ മറുപടി പരിശോധിച്ചശേഷം 29-9-2009-ലെ 16499/സ്പെ. സെൽ ജി2/09 നമ്പർ കത്തുമുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"കൺവീനർക്ക് അധികം നല്കിയ 5,876 രൂപ ഇതു സംബന്ധിച്ച് കേസ് നിലനില്ക്കുന്നതിനാൽ ഈടാക്കിയിട്ടില്ല എന്നാണ് ജില്ലാ പഞ്ചായത്തിന്റെ മറുപടി. എന്നാൽ യഥാർത്ഥത്തിൽ കൺവീനർ ശ്രീ. നന്ദകുമാറുമായി ഇതു സംബന്ധിച്ച് കേസ് നിലവിലില്ല. അതിനാൽ ടിയാനിൽ നിന്ന് ഈടാക്കേണ്ട 5876 രൂപ ഈടാക്കാൻ തുടർനടപടി സ്വീകരിക്കാവുന്നതാണ്. "

(3) മുറിയോടി പാടം ഡ്രെയിനേജ് കലുങ്കിന്റെ പണിക്കായി ചെലവഴിച്ച 1,50,674 രൂപയിൽ ഫൈനൽ ബിൽ നൽകി തുക സെറ്റിൽ ചെയ്തോയെന്നും അഡ്വാൻസ് നൽകിയ തുക തിരിച്ച് അഡ്ജസ്റ്റ് ചെയ്തോയെന്നും സമിതി ആരാഞ്ഞതിന് ഫൈനൽ ബിൽ തുക സെറ്റിൽ ചെയ്തുവെന്നും അഡ്വാൻസ് കുറച്ചിട്ട് ബാക്കിയാണ് കൊടുത്തതെന്നും ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ബില്ലിന്റെ കോപ്പിയും അഡ്വാൻസ് സെറ്റിൽ ചെയ്തതിന്റെ വിശദ വിവരവും ഓഡിറ്റിനു നൽകി തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശാനുസരണം പ്രസ്തുത പരാമർശത്തെ സംബന്ധിച്ച് 6-9-2008-ലെ 21316/സ്പെ.സെൽ(ജി2)/07 നമ്പർ കത്തു പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു.

"പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 63,000 രൂപ കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിരുന്നു. ആദ്യ പാർട്ട് ബിൽ പ്രകാരം പ്രവൃത്തിയുടെ മൂല്യമായ 81,152 രൂപയിൽനിന്നും 6,576 രൂപ നികുതിയിനത്തിലും 20,000 രൂപ അഡ്വാൻസ് ഇനത്തിലും കുറവ് ചെയ്ത് 54,576 രൂപ 31-3-2001-ലെ 055750-ാം നമ്പർ ചെക്കു പ്രകാരം കൺവീനർക്ക് നൽകി.

15-3-2004-ൽ വർക്ക് പൂർത്തീകരിച്ച് ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. ആകെ മൂല്യമായ 2,31,826 രൂപയിൽനിന്നും, പാർട്ട് ബിൽ തുകയും അഡ്വാൻസ് 43,000 രൂപയും നികുതിയിനത്തിൽ 6,568 രൂപയും കുറവുചെയ്ത് ശേഷിച്ച 1,01,106 രൂപ 31-3-2004-ലെ 980395-ാം നമ്പർ ചെക്കുപ്രകാരം കൺവീനർക്ക് നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശുപാർശ ചെയ്യുന്നു. "

(4) മുളയ്ക്കൽ തോട് സൈഡ് സംരക്ഷണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 26,000 രൂപയിൽ 6,145 രൂപ ഈടാക്കിയതിനുശേഷം ബാക്കി നിൽക്കുന്ന തുക ഈടാക്കിയോ

യെന്നും വില്ലേജാഫീസറാണോ ഇത് ചെയ്യുന്നതെന്നും സമിതി ആരാഞ്ഞതിന് ബാക്കി തുക ഈടാക്കിയിട്ടില്ലെന്നും വില്ലേജാഫീസറാണ് റിക്കവറി നടപടികൾ ചെയ്യുന്നതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. രണ്ടാഴ്ചയ്ക്കകം ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ ഓഡിറ്റ് ഡയറക്ടർക്ക് നല്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

" ആർ. ആർ. നടപടിപ്രകാരം 43,940 രൂപ (മുതൽ 26,000+പലിശ 17,940) ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് രണ്ടു ഗഡുക്കളായി 6,145 രൂപ മാത്രം ഈടാക്കി 2-ാമത്തെ ഗഡു 7-10-2004-ൽ ലഭിച്ചതിനുശേഷം യാതൊരു തുകയും നാളിതുവരെ ഈടാക്കിയിട്ടില്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 6-9-2008-ലെ 21316/സ്പെ.സെൽ(ജി2)/07 നമ്പർ കത്തു പ്രകാരം സമിതിയെ അറിയിക്കുകയുണ്ടായി."

എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 29-12-2003-ൽ 43,940 രൂപയ്ക്കുള്ള ആർ.ആർ. നടപടി സ്വീകരിക്കുകയും 6,145 രൂപ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുക അടയ്ക്കുന്നതിന് തഹസിൽദാർ, വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 12-11-2009-ലെ 28693/എസി3/08/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ കത്തിൽ അറിയിച്ചിരിക്കുന്നു.

(5) ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കൺവീനർ ചെയ്ത പ്രവൃത്തി അളന്ന് തിട്ടപ്പെടുത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് എന്നാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശം നല്കിയതെന്നും ഫൈനൽ ബിൽ കൊടുക്കാത്തത് എന്തുകൊണ്ടാണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് 15-12-2007-ലാണ് അളന്നു തിട്ടപ്പെടുത്തുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശം കൊടുത്തതെന്നും 46,770 രൂപയുടെ പണി നടത്തിയിട്ടുണ്ടെന്നും എസ്റ്റിമേറ്റിലുള്ള എല്ലാ പണിയും നടത്താത്തതിനാലാണ് അളന്നു തിട്ടപ്പെടുത്തി കൊടുക്കാൻ സാധിക്കാത്തതെന്നുമാണ് എഞ്ചിനീയർ അറിയിച്ചതെന്നും സെക്രട്ടറി വ്യക്തമാക്കി.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തി അളന്ന് തിട്ടപ്പെടുത്തി എം. ബുക്കിൽ ചേർക്കേണ്ടതാണെന്നും 46,770 രൂപയുടേതിൽ കൂടുതൽ വർക്ക് ചെയ്തിട്ടുണ്ടെന്ന് സർട്ടിഫിക്കറ്റ് ലഭ്യമായാൽ ഇത് ഒഴിവാക്കാമെന്നും വാല്യുവേഷൻ കുറവാണെങ്കിൽ കൺവീനർക്കെതിരെ ആർ. ആർ. നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇതു സംബന്ധിച്ച രേഖകൾ രണ്ടാഴ്ചയ്ക്കകം ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കാനും സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 6-9-2008-ലെ 21316/സ്പെ.സെൽ (ജി2)/07 നമ്പർ കത്തിൽ ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു :

"165 മീറ്റർ നീളത്തിൽ ഓട നിർമ്മിക്കാൻ തയ്യാറാക്കിയ പദ്ധതി പ്രകാരം 122 മീറ്റർ നീളത്തിൽ ഓട നിർമ്മിച്ചു. ആകെ മൂല്യം 1,80,131 രൂപ പാർട്ട് ബില്ലും മുൻകൂർ നൽകിയ 77,000 രൂപയും ചേരുമ്പോൾ കൺവീനർക്ക് 2,460 രൂപ അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കാൻ 10-2-2008-ൽ നോട്ടീസ് അയച്ചിട്ടുണ്ട്. തുക ഈടാക്കിയ വിവരം അറിയിച്ചിട്ടില്ല.

നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ലക്ഷ്യം കൈവരിച്ചിട്ടില്ല. തുടർ പദ്ധതി തയ്യാറാക്കി ലക്ഷ്യം കൈവരിക്കാൻ നിർദ്ദേശിക്കാവുന്നതാണ്."

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 29-9-2009-ലെ 16499/സ്പെ.സെൽ/ ജി2/09 നമ്പർ കത്തുപ്രകാരം ഇങ്ങനെ തുടർന്ന് അറിയിച്ചിരിക്കുന്നു. ബാക്കി അടയ്ക്കാനുള്ള തുക 2,460 രൂപ (ടാക്സിനത്തിൽ അടയ്ക്കാനുള്ളത്) തിരിച്ച് അടയ്ക്കാൻ കൺവീനർക്ക് 2/08-ൽ രജിസ്ടേർഡ് നോട്ടീസ് നൽകി. തുടർ നടപടി സ്വീകരിച്ചിട്ടില്ല.

(6) പട്ടണക്കാട് എസ്.ബി.വി.പി.എച്ച്.എസ്. ക്ലാസ് മുറി നിർമ്മാണം.

പട്ടണക്കാട് എസ്.ബി.വി.പി.എച്ച്.എസ്. ക്ലാസ് മുറി നിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയ 1,50,237 രൂപയുടെ ഫൈനൽ ബിൽ സെറ്റിൽ ചെയ്തിട്ടുണ്ടോയെന്ന് സമിതിയുടെ ചോദ്യത്തിന് അഡ്വാൻസ് തുക കുറച്ചിട്ടാണ് ഫൈനൽ ബിൽ കൊടുത്തിരിക്കുന്നതെന്ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഫൈനൽ ബിൽ സെറ്റിൽ ചെയ്തതിന്റെ രേഖ ഹാജരാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

ലോക്കൽ ഫണ്ട് ഡയറക്ടറുടെ 6-9-2008-ലെ 21316/സ്പെ.സെൽ (ജി2)/07 നമ്പർ കത്തുപ്രകാരം ഇങ്ങനെ അറിയിച്ചിരിക്കുന്നു :

നിർമ്മാണം പൂർത്തീകരിച്ചതിനെ തുടർന്ന് 10-5-2002-ൽ ഫൈനൽ അളവ് രേഖപ്പെടുത്തി, ആകെ മൂല്യം 13,49,092 രൂപയായി കണക്കാക്കി ഫൈനൽ ബില്ല് 31-3-2003-ൽ നൽകി. മുൻകൂർ നൽകിയിരുന്ന ഒരു ലക്ഷം രൂപ കുറവ് വരുത്തി യിരുന്നു.

ഗുണഭോക്തൃ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ഇത് ഒഴിവാക്കാൻ 30-4-2001-ൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതമായി 54,000 രൂപ കൂടി കൺവീനർക്ക് നൽകി.

ഹയർ സെക്കന്ററി സ്കൂളിൽ സജീവമായ പി.ടി.എ. ഉള്ളതാണ്. ഇവർ കെട്ടിട നിർമ്മാണ ഫണ്ട് പിരിക്കാനുള്ള സാധ്യതയും ഉള്ളപ്പോൾ ഗുണഭോക്തൃവിഹിതം ഒഴിവാക്കിയത് ശരിയായ നടപടിയല്ല. സ്കൂൾ കെട്ടിട നിർമ്മാണത്തിന് പി.ടി.എ. ഫണ്ട് പിരിച്ചിരുന്നില്ലായെന്ന് സ്കൂൾ അധികൃതരിൽനിന്നും രേഖാമൂലം കത്ത് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

കെട്ടിട നിർമ്മാണത്തിനാവശ്യമായ സിമന്റ്, സ്റ്റീൽ മുതലായവ ജില്ലാ പഞ്ചാ യത്തിൽ നിന്നും വാങ്ങി നൽകാമെന്ന് കരാർ ഇല്ലായിരുന്നു. എന്നാൽ കോഴിക്കോട് എം.എസ്.സ്റ്റീൽ കോംപ്ലക്സിൽനിന്നും 8860 കിലോഗ്രാം സ്റ്റീൽ വാങ്ങിയതിന് 1,52,705 രൂപ ചെലവഴിച്ചപ്പോൾ ബില്ലിൽ നിന്നും കിലോഗ്രാമിന് 15 രൂപ നിരക്കിൽ 1,32,900 രൂപ മാത്രമാണ് കുറവ് വരുത്തിയത്.

കൺവീനർക്ക് ഈയിനത്തിൽ അധികം നൽകിയ 19,805 രൂപ (സ്റ്റീൽ വാങ്ങാൻ അധികം ചെലവഴിച്ച തുക) ഉത്തരവാദിയിൽനിന്നും ഈടാക്കുന്നതിന് നിർദ്ദേശിക്കാ വുന്നതാണ്.

ഫൈനൽ ബിൽ 31-3-2009-ൽ സെറ്റിൽ ചെയ്തിട്ടുണ്ടെന്ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14-7-2009-ലെ എഡി/3244/07 നമ്പർ കത്തു പ്രകാരം സമിതിയിൽ അറിയിച്ചു. ആയത് പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 29-9-2009-ലെ 16499/സ്പെ.സെൽ/ജി2/09 നമ്പർ കത്തു പ്രകാരം ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു.

"ഫൈനൽ ബിൽ 31-3-2009-ൽ സെറ്റിൽ ചെയ്ത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്."

7. ചെറിയനാട് ഗ്രാമപഞ്ചായത്തിലെ പൈങ്ങാലിപ്പാടം ബണ്ട് നിർമ്മാണം പൂർത്തീകരിച്ചതിനെത്തുടർന്ന് 5,18,193 രൂപയുടെ ഫൈനൽ ബിൽ അനുവദിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ടെന്നതല്ലാതെ അതിൽ 65,000 രൂപ സെറ്റിൽ ചെയ്തിട്ടുണ്ടെന്ന വിവരം വ്യക്തമാക്കാത്തതെന്താണെന്ന ചോദ്യത്തിന്, ഇതു സംബന്ധിച്ച ഫയൽ സമിതിയിൽ കൊണ്ടുവന്നിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി. ഇതു സംബന്ധിച്ച രേഖകൾ രണ്ടാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് നൽകി വിശദാംശങ്ങൾ അവരെ ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

നിർമ്മാണം പൂർത്തീകരിച്ച് ഫൈനൽ ബില്ലിൽ നിന്നും മുൻകൂർ നൽകിയ തുക കുറവു വരുത്തിയിട്ടുണ്ടന്നു ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പുനഃ പരിശോധന നടത്തി 6-9-2008-ലെ 21316/സ്പെ.സെൽ(ജി2)/07 നമ്പർ കത്തു പ്രകാരം സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**34. കൈക്കുളങ്ങര ഗുരുപുരം അയ്യങ്കാളി റോഡിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അധികമായി നൽകിയിരുന്ന തുക പലിശ സഹിതം ഈടാക്കിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

**35. ശ്രീനാരായണ തോടിനു കുറുകെയുള്ള പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനറുമായി ജില്ലാ പഞ്ചായത്തിന് കേസ് ഒന്നും നിലവിലില്ലാത്ത തിനാൽ കൺവീനറിൽ നിന്ന് ഈടാക്കുവാനുള്ള ബാക്കി തുക (5,876 രൂപ) പലിശ സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് ആയത് സമിതിക്ക് റിപ്പോർട്ട് ചെയ്യാൻ സമിതി ശുപാർശ ചെയ്യുന്നു.**

**36. മുറിയോടി പാടം-ഡ്രെയിനേജ് കലുങ്ക് എന്ന പ്രവൃത്തി പൂർത്തീകരിച്ച തായും 31-3-2004-ൽ ഫൈനൽ ബിൽ നൽകിയതായുള്ള ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അന്വേഷണം നടത്തുകയും ആയത് സ്ഥിരീകരിച്ചുകൊണ്ട് റിപ്പോർട്ട് ചെയ്യുകയും പരാമർശം ഒഴിവാക്കാൻ ശുപാർശ നൽകുകയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാന ത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

**37. മുല്ലയ്ക്കൽ തോട് സൈഡ് സംരക്ഷണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബാക്കി തുക ഈടാക്കുന്നതിന് ആർ.ആർ. നടപടി ത്വരിതപ്പെടുത്തുന്നതിനും പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ സ്ഥിതി സംബന്ധിച്ച് അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.**

**38. 'ചിങ്ങോലി പഞ്ചായത്ത് 1-ാം വാർഡ് സൈഡ് ഡ്രെയിൻ' പ്രവൃത്തിയുമായി ബന്ധപ്പെട്ട്, കൺവീനറിൽനിന്നും തിരിച്ചു പിടിക്കേണ്ട 2,460 രൂപ തിരിച്ചു പിടിക്കാൻ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാനും, 165 മീറ്റർ നീളത്തിൽ ഓട നിർമ്മിക്കാൻ തയ്യാറാക്കിയ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ തുടർ പദ്ധതി തയ്യാറാക്കി ലക്ഷ്യം കൈവരിക്കാനും സമിതി ശുപാർശ ചെയ്യുന്നു.**

**39. പട്ടണക്കാട് എസ്.ബി.വി.പി.എച്ച്.എസ്. ക്ലാസ്മുറി നിർമ്മാണവുമായി ബന്ധപ്പെട്ട് സമിതി നിർദ്ദേശപ്രകാരം ജില്ലാ പഞ്ചായത്ത് ഫൈനൽ ബിൽ സെറ്റിൽ ചെയ്തത് ഓഡിറ്റിൽ ഹാജരാക്കുകയും, ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തതിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

**40. പൈങ്ങാലിപ്പാടം ബണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട്, നിർമ്മാണം പൂർത്തീകരിക്കുകയും ഫൈനൽ ബില്ലിൽ നിന്ന് മൻകൂർ നൽകിയ തുക കുറവ് വരുത്തുകയും ചെയ്തതായി ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ വാങ്ങിയിട്ട് പ്രവൃത്തി നടത്താതിരുന്നത്**

ജില്ലാ പഞ്ചായത്ത് മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് മുൻകൂർ നൽകിയിരുന്നുവെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. യഥാസമയം പ്രവൃത്തി നടത്താതിരുന്ന കൺവീനറിൽനിന്നും പലിശയടക്കം തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

| പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|
| 1. കണ്ടല്ലൂർ പഞ്ചായത്ത്: മാടമ്പി സ്കൂൾ മുതൽ കിഴക്കോട്ടുള്ള റോഡ് | 50,000 |
| 2. പട്ടണക്കാട് പഞ്ചായത്ത്: 10-ാം വാർഡ് കലുങ്ക് | 11,900 |
| 3. മണ്ണഞ്ചേരി പഞ്ചായത്ത്: പാറയ്ക്കൽ കരിപാടശേഖരത്തിൽ ബണ്ട് | 38,000 |
| 4. വള്ളികുന്നം പഞ്ചായത്ത്: ഇലപ്പിക്കുളം ജി.എച്ച്.എസിന് കെട്ടിടം | 1,00,000 |
| 5. മാരാരിക്കുളം തെക്ക് പഞ്ചായത്ത് : പൊള്ളേത്തൈ എച്ച്.എസ്.എസിന് ചുറ്റുമതിൽ | 1,00,000 |
| ആകെ | 2,99,900 |

തുക 18% പലിശ സഹിതം ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുകട സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.4.111.(4)]

41. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 5-1-2008-ലെ 78051/$AB_1$/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:—

(1) "പണി പൂർത്തീകരിക്കുകയും 26-10-2003-ന് 2,42,006 രൂപയുടെ ഫൈനൽ ബിൽ നൽകിയിട്ടുളളതിനാൽ ഈ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ അഭ്യർത്ഥിക്കുന്നു.

(2) 28-5-2007-ൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയും ഇതിനകം 965 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(3) പണി പൂർത്തീകരിച്ച് ബിൽ നൽകിയിട്ടുളളതിനാൽ ഈ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ അഭ്യർത്ഥിക്കുന്നു.

(4) 31-5-2003-ൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുളളതിനാൽ ഈ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ അഭ്യർത്ഥിക്കുന്നു.

(5) പണി പൂർത്തീകരിച്ചതിനെതുടർന്ന് 15-3-2005-ൽ 1,62,557 രൂപയുടെ ഫൈനൽ ബിൽ നൽകിയിട്ടുളളതിനാൽ ഈ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ അഭ്യർത്ഥിക്കുന്നു. "

42. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട 5 പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട് 9-1-2008-ൽ നടന്ന തെളിവെടുപ്പ് യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു :

(1) കണ്ടലൂർ പഞ്ചായത്ത് മാടമ്പി സ്കൂൾ മുതൽ കിഴക്കോട്ടുള്ള റോഡ് നിർമ്മാണം പൂർത്തീകരിച്ച് 2,42,008 രൂപയുടെ ഫൈനൽ ബിൽ കൊടുത്തപ്പോൾ അഡ്വാൻസ് തുകയായ 50,000 രൂപ സെറ്റിൽ ചെയ്തിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അഡ്വാൻസ് തുക സെറ്റിൽ ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി. ഇതു സംബന്ധിച്ച രേഖകൾ ഓഡിറ്റിനു നൽകി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

നിർമ്മാണം 20-9-2004-ൽ പൂർത്തീകരിച്ചുവെന്നും മുൻകൂർ നൽകിയത് തട്ടിക്കിഴിച്ചുവെന്നും മറ്റ് അപാകതകൾ ഇല്ലെന്നും 6-9-2008-ലെ 21316/സ്പെ.സെൽ (ജി2)/07 നമ്പർ കത്തു പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ തുടർന്ന് അറിയിച്ചു.

(2) പട്ടണക്കാട് പഞ്ചായത്ത് 10-ാം വാർഡ് കലുങ്ക് പണിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിനുമേൽ തിരിച്ചുപിടിക്കാനുള്ള 11,900 രൂപ 28-5-2007-ൽ ആർ.ആർ. നടപടി പ്രകാരം 965 രൂപ പിടിച്ചശേഷം ബാക്കി നിൽപ്പുള്ള തുക ഈടാക്കാനാണ് അറിയിച്ചിരുന്നതെന്നും എന്നാൽ തവണകളായാണ് തുക

അടയ്ക്കുന്നതെന്നും ആകെ 965 രൂപ മാത്രമാണ് അടച്ചിട്ടുളളതെന്നും ആലപ്പുഴ ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് ഡയറക്ടർക്ക് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 6-9-2008-ലെ 21316/സ്പെ.സെൽ (ജി2)/07 നമ്പരും 29-9-2009-ലെ 16499/സ്പെ.സെൽ (ജി)/09 നമ്പരുമായ കത്തുകൾ പ്രകാരം അറിയിച്ച വിവരം ഇപ്രകാരമാണ് :

21-10-2002-ൽ നൽകിയ റവന്യൂ റിക്കവറി റിക്യുസിഷൻ പ്രകാരം 965 രൂപ ഈടാക്കിയിട്ടുണ്ട് (രസീത് നമ്പർ 11/58181/28-4-2004). ശേഷിച്ച തുക 20 ഗഡുക്കളായി അടയ്ക്കുവാൻ 28-1-2004-ൽ ബഹു. റവന്യൂ മന്ത്രി ഉത്തരവ് നൽകിയിട്ടുണ്ട് എന്ന് താലൂക്ക് ഓഫീസിൽ നിന്നും അറിയിച്ചു.

11,900 രൂപയിൽ ഈടാക്കിയ 965 രൂപ കഴിച്ച് ബാക്കി തുക ഈടാക്കുന്നതിന് കൺവീനർക്ക് സ്ഥാവരജംഗമ വസ്തുക്കൾ ഇല്ല എന്നുള്ള വിവരം ചേർത്തല തഹസിൽദാർ 10-12-2008-ൽ അറിയിച്ചു. ടി തുക മറ്റ് ഗുണഭോക്തൃ സമിതി അംഗങ്ങളിൽനിന്നും ഈടാക്കാൻ കരാറിൽ വ്യവസ്ഥയുണ്ട്. എന്നാൽ അത്തരം നടപടി സ്വീകരിച്ചിട്ടില്ല. ഗുണഭോക്തൃ സമിതി ചെയർമാൻ, മറ്റ് അംഗങ്ങൾ എന്നിവരിൽ നിന്നും തുക ഈടാക്കാൻ നടപടിക്ക് ശുപാർശ ചെയ്യാവുന്നതാണ്.

(3) മണ്ണഞ്ചേരി പഞ്ചായത്ത് പറവയ്ക്കൽ കരിപാടശേഖരത്തിന്റെ ബണ്ട് നിർമ്മാണം സംബന്ധിച്ച് 30-3-2004-ൽ 1,09,219 രൂപയുടെ ഫൈനൽ ബിൽ നൽകിയിട്ടുണ്ടെന്നും അഡ്വാൻസ് തുക പിടിച്ചിട്ടുണ്ടെന്നുമുള്ള സെക്രട്ടറിയുടെ വിശദീകരണത്തെ തുടർന്ന് ഇതു സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് ഡയറക്ടർക്ക് അടിയന്തരമായി നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

[പ്രസ്തുത പരാമർശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 6-9-2008-ലെ 21316/സ്പെ.സെൽ.(ജി2)/07 നമ്പർ കത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു :

"മസ്റ്റർ റോൾ പ്രകാരം 2002 ഏപ്രിൽ മാസത്തിൽ പ്രവർത്തിച്ച് തുടങ്ങുകയും മേയ് മാസത്തിൽ പൂർത്തീകരിച്ചതായും കാണുന്നു. പാടശേഖരത്തിൽ തോട് നിർമ്മിക്കുകയും അതുവഴി ലഭിക്കുന്ന മണ്ണുകൊണ്ട് ബണ്ട് നിർമ്മിക്കുന്നതായിരുന്നു പദ്ധതി. പ്രവൃത്തി മുഴുവനും 22-2-2003-ൽ പൂർത്തീകരിച്ചതായി ഗുണഭോക്തൃ സമിതിയുടെ മിനിട്സിൽ കാണുന്നു. എന്നാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത് 24-3-2004-ലും അളവിനായി 90/2000 നമ്പർ എം.ബുക്ക് അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയെങ്കിലും ഈ അളവു പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതിന്റെ അസ്സൽ വർക്ക് ബില്ലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആകെ മൂല്യം 1,01,655 രൂപ മുൻകൂർ നൽകിയിരുന്ന 38,000 രൂപയും സന്നദ്ധ സേവനമായി 15,000 രൂപയും കുറച്ച് 48,655 രൂപ 31-3-2004-ൽ കൺവീനർക്ക് നൽകി. എം.ബുക്ക് ഹാജരാക്കാൻ സെക്രട്ടറി 24-7-2008-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തുനൽകിയെങ്കിലും ഇത് ഹാജരാക്കിയില്ല. എം.ബുക്കും വർക്ക് ബില്ലും ഹാജരാക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്. ഹാജരാക്കിയ വർക്ക് ബില്ലിന്റെ പകർപ്പിലും അളവു തീയതി രേഖപ്പെടുത്തിയിട്ടില്ല."

2002 ഏപ്രിൽ, മേയ് മാസങ്ങളിലായി നടന്ന ഒരു മൺപണിയുടെ (തോടുനിർമ്മിച്ച്, ബണ്ടു നിർമ്മിക്കൽ) അളവ് യഥാസമയം രേഖപ്പെടുത്താതെ 24-3-2004-ൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകി, പൂർത്തീകരിച്ചതായി കാണിച്ച് ബില്ല് നൽകിയത് സംശയാസ്പദമാണ്.

ലോക്കൽ ഫണ്ട് ഡയറക്ടറുടെ 29-9-2009-ലെ 16499/സ്പെ.സെൽ/ജി2/09 നമ്പർ കത്തുപ്രകാരം അറിയിച്ചിരിക്കുന്ന പുനഃപരിശോധനാ റിപ്പോർട്ട് ഇപ്രകാരമാണ് :

"എം.ബുക്കും ഫയലും പരിശോധിച്ചു. പെട്ടിയും പറയും നിർമ്മിച്ചതിന്റെയും മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന്റെയും അനുബന്ധ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുക എം.ബുക്കിൽ ചേർത്ത് നൽകുകയാണ് ചെയ്തിട്ടുള്ളത്."

(4) വള്ളിക്കുന്നം പഞ്ചായത്തിലെ ഇലപ്പിക്കുളം ജി.എച്ച്.എസ്സിന്റെ കെട്ടിടപ്പണിക്ക് 1,00,000 രൂപ അഡ്വാൻസ് നൽകിയിട്ട് പണി നടന്നോയെന്നും ആരാണ് വർക്ക് ഏറ്റെടുത്തതെന്നും ഇതിൽ ആർക്കെതിരെയാണ് നടപടി സ്വീകരിച്ചതെന്നും കൺവീനറാരാണെന്നും കെട്ടിട നിർമ്മാണത്തിനു നൽകിയ പണം പി.ടി.എ. ഫണ്ടിൽ ഉണ്ടോയെന്നും ടി തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചോയെന്നും സമിതി ആരാഞ്ഞതിന് പണി നടത്തിയിട്ടില്ലെന്നും ഗുണഭോക്തൃ സമിതിയായ പി.ടി.എ.യാണ് പണി ഏറ്റെടുത്തതെന്നും 31-5-2003-ൽ ആർ.ആർ. നടപടി സ്വീകരിച്ചെന്നും പി.ടി.എ. പ്രസിഡന്റ് ശ്രീ. സുകുമാരനായിരുന്നു കൺവീനറെന്നും പണം ഫണ്ടിലുണ്ടോയെന്ന കാര്യം അന്വേഷിച്ചിട്ടില്ലെന്നും, സെക്രട്ടറി സമിതിയെ അറിയിച്ചു. ഇക്കാര്യത്തിൽ കൃത്യമായ മറുപടി ലഭിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. പി.ടി.എ. പ്രസിഡന്റിന്റെ പേരിൽ അക്കൗണ്ട് ഉണ്ടാകാറില്ലെന്നും, ഹെഡ്മാസ്റ്ററുടെ പേരിലായിരിക്കും അക്കൗണ്ടെന്നും അല്ലെങ്കിൽ പി.ടി.എ.യ്ക്ക് ജോയിന്റ് അക്കൗണ്ട് മാത്രമേ സാധ്യമാവുയെന്നും സമിതി വ്യക്തമാക്കി. ഇതിലേക്കായി ഒരു ലക്ഷത്തോളം രൂപ നൽകിയിട്ട് ആ തുക എന്തു ചെയ്തു എന്നത് സംബന്ധിച്ച് അന്വേഷണം നടത്തുകയോ ശരിയായ വിശദീകരണം നൽകുകയോ ചെയ്യാത്തത് നിയമസഭാ കമ്മിറ്റിയോടുള്ള അവമതിപ്പാണെന്നും ഇത്തരത്തിൽ ലെജിസ്ലേച്ചറിന്റെ പ്രിവിലേജസിനെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള നടപടികൾ ഒരു ഉദ്യോഗസ്ഥനും സ്വീകരിക്കാൻ പാടില്ലായെന്നും ഇതിൽ ക്രിമിനൽ കേസെടുക്കണമെന്നും പി.റ്റി.എ.യുടെ ഫണ്ടിലുണ്ടോയെന്നുപോലും അന്വേഷിക്കാൻ തയ്യാറാകാത്തതിന് സെക്രട്ടറിയുടെ പേരിൽ ലയബിലിറ്റി ഫിക്സ് ചെയ്ത് തുക ഈടാക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഫണ്ട് പി.റ്റി.എ.യ്ക്കാണ് കൊടുത്തതെങ്കിൽ അതിന്റെ രേഖകളും ഫയലും രണ്ടാഴ്ചയ്ക്കുള്ളിൽ ഓഡിറ്റ് ഡയറക്ടർക്ക് ഹാജരാക്കണമെന്നും അല്ലാത്തപക്ഷം ലയബിലിറ്റി സെക്രട്ടറിക്കായിരിക്കും എന്നും സമിതി വ്യക്തമാക്കി.

മുൻകൂർ നൽകിയ 1,00,000 രൂപ പലിശ സഹിതം കൺവീനറിൽനിന്നും ഈടാക്കാൻ ആർ.ആർ. നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർക്കു ശുപാർശ നൽകിയിട്ടുണ്ടെന്നും 24-2-2009-ൽ ഇപ്രകാരം കളക്ടർക്കു കത്തു നൽകിയശേഷം തുടർനടപടികളൊന്നും എടുത്തിട്ടില്ലെന്നും 29-9-2009-ലെ 16499/സ്പെ.സെൽ/ജി2/09 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമിതിക്ക് മറുപടി നൽകിയിട്ടുണ്ട്.

തുക കൈപ്പറ്റിയശേഷം, കരാർ കാലയളവിൽ നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ അന്വേഷിച്ച് യഥാസമയം ഉചിതമായ നടപടി സ്വീകരിക്കാതിരുന്ന സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെടാവുന്നതാണെന്നും ഓഡിറ്റ് വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്.

(5) മാരാരിക്കുളം തെക്ക് പഞ്ചായത്ത് പൊള്ളേത്തെ എച്ച്.എസ്.എസ്സിന് ചുറ്റുമതിൽ നിർമ്മിച്ചതിൽ ഫൈനൽ ബിൽ ആയിട്ടുണ്ടെങ്കിൽ ആയത് ലോക്കൽ ഫണ്ട് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

സമിതിയുടെ നിർദ്ദേശാനുസരണം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുനഃപരിശോധന നടത്തി 6-9-2008-ലെ 21316/സ്പെ.സെൽ.(ജി2)/07 നമ്പർ കത്തു പ്രകാരം അറിയിച്ച വസ്തുത താഴെ ചേർത്തിരിക്കുന്നു :

"500 മീറ്റർ നീളത്തിൽ ചുറ്റുമതിൽ നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിരുന്നു. പൂർത്തീകരിച്ചത് 194 മീറ്റർ നീളത്തിൽ, നിർമ്മാണം പൂർത്തീകരിക്കാതെ ചെയ്ത പ്രവൃത്തിയുടെ അളവ് 26-8-2004-ൽ രേഖപ്പെടുത്തി മൂല്യം കണക്കാക്കി കൺവീനർ കൈപ്പറ്റിയ തുക തട്ടിക്കിഴിച്ചു. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ തുടർപദ്ധതികൾ തയ്യാറാക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

1. ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം - 1,62,557 രൂപ
2. മുൻകൂർ നൽകിയിരുന്നത് - 1,00,000 രൂപ
3. മുൻകൂർ തുക അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. "

**നിഗമനങ്ങൾ/ശുപാർശകൾ**

**43. കണ്ടല്ലൂർ പഞ്ചായത്ത് മാടമ്പി സ്കൂൾ മുതൽ കിഴക്കോട്ടുള്ള റോഡിന്റെ നിർമ്മാണപ്രവൃത്തി 20-9-2009-ൽ പൂർത്തീകരിച്ചതായും മുൻകൂർ നൽകിയ തുക തട്ടിക്കിഴിച്ചതായും മറ്റ് അപാകതകൾ ഒന്നുമില്ല എന്നും ലോക്കൽ ഫണ്ട് വകുപ്പിന്റെ പരിശോധനാ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

**44. പട്ടണക്കാട് 10-ാം വാർഡ് കലുങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് ബാദ്ധ്യത തുകയായ 11,900 രൂപ ആർ.ആർ. നടപടിയിലൂടെ ഈടാക്കുന്നതിന്, കൺവീനറുടെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ ഇല്ലാത്തതിനാൽ ആർ.ആർ. നടപടിക്ക് തടസ്സം നേരിടുന്നതിലും കരാർ തുക മറ്റു ഗുണഭോക്തൃ സമിതി അംഗങ്ങളിൽ നിന്ന് ഈടാക്കാൻ കരാറിൽ വ്യവസ്ഥയുള്ളതിനാലും ഓഡിറ്റ് വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ഗുണഭോക്തൃ സമിതി ചെയർമാൻ, മറ്റ് അംഗങ്ങൾ എന്നിവരിൽ നിന്ന് ബാദ്ധ്യത തുക ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

**45. മണ്ണഞ്ചേരി പഞ്ചായത്ത് പറവയ്ക്കൽ കരിപാടശേഖരത്തിന്റെ ബണ്ട് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പെട്ടിയും പറയും നിർമ്മിച്ചതിന്റെയും മോട്ടോറും അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിന്റെയും അനുബന്ധ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാനും ഓഡിറ്റ് വകുപ്പ് ടി രേഖകൾ പരിശോധിച്ച് റിപ്പോർട്ടു ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.**

**46. ഇലപ്പിക്കുളം ജി.എച്ച്.എസിന്റെ കെട്ടിടം പണിക്ക് കൺവീനർക്ക് മുൻകൂർ നൽകിയ ഒരു ലക്ഷം രൂപ പലിശ സഹിതം ആർ.ആർ. നടപടിയിലൂടെ ഈടാക്കുന്നതിന് കളക്ടർക്ക് നൽകിയ അപേക്ഷയിന്മേൽ ഗൗരവപൂർവ്വമായ തുടർനടപടികൾ സ്വീകരിച്ച് ബാദ്ധ്യത തുക ഈടാക്കി റിപ്പോർട്ട് ചെയ്യുവാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, കരാറുകാരന് തുക നൽകിയശേഷം കരാർ കാലയളവിൽ നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ അന്വേഷിച്ച് യഥാസമയം ഉചിതമായ നടപടി സ്വീകരിക്കാതിരുന്ന സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

**47. മാരാരിക്കുളം തെക്ക് പഞ്ചായത്ത് പൊള്ളേത്തൈ എച്ച്.എസ്.എസ്സിന് ചുറ്റുമതിൽ നിർമ്മിക്കുന്ന പദ്ധതി പൂർത്തിയാക്കിയിട്ടില്ലെന്നും ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കി, കൺവീനർ കൈപ്പറ്റിയ തുക തട്ടിക്കിഴിച്ചതായുള്ള ഓഡിറ്റ് പരിശോധനാ റിപ്പോർട്ട് കണക്കിലെടുത്ത് മുൻകൂർ തുക നൽകിയതായുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നതിനോടൊപ്പം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തുടർപദ്ധതി തയ്യാറാക്കി ആയത് പ്രാവർത്തികമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുളക്കുഴ ജനതാ വ്യവസായ സഹകരണ സംഘം-പദ്ധതിധനം പ്രയോജന രഹിതമായി**

തൊഴിൽരഹിതരായ യുവതീ-യുവാക്കൾക്ക് തൊഴിൽ പ്രദാനം ചെയ്യുന്നതിനായി 13 പ്രമോട്ടർമാർ ചേർന്ന് 19-3-1999-ൽ രജിസ്റ്റർ ചെയ്ത വ്യവസായ സഹകരണ സംഘത്തിന് റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കുക എന്ന പദ്ധതിക്കായി 1998-99-ൽ 2,50,000 രൂപയും 1999-2000-ൽ 22,00,000 രൂപയും നൽകി. പദ്ധതി നടപ്പാക്കാതെ ഓഫ്സെറ്റ് പ്രിന്റിംഗ് യൂണിറ്റ്, ഡി.റ്റി.പി. സെന്റർ മുതലായവ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ 90.04 ലക്ഷം രൂപ അടങ്കലിൽ മറ്റൊരു പദ്ധതി വിഭാവനം ചെയ്തു. 44.5 ലക്ഷം രൂപയുടെ മാത്രം സാങ്കേതിക അനുമതി ലഭിച്ച പദ്ധതിക്ക് 2000-01-ൽ ജില്ലാ പഞ്ചായത്ത് 15 ലക്ഷം രൂപയും മുളക്കുഴ ഗ്രാമപഞ്ചായത്ത് 4,99,970 രൂപയും (ആകെ 44,49,970 രൂപ) നൽകി. ഒരു പ്രവർത്തനവും നടത്താതെ 2003-ൽ 190.10 ലക്ഷം രൂപ അടങ്കലിൽ പരിഷ്ക്കരിച്ച പദ്ധതി നിർദ്ദേശിച്ചു. എന്നാൽ കൂടുതൽ പദ്ധതി ധനം സബ്സിഡിയായി നല്കാനാവില്ല എന്ന കാരണത്താൽ പദ്ധതിക്ക് അനുമതി നിഷേധിച്ചു.

ആകെ ലഭിച്ച 44,49,970 രൂപയിൽ കെട്ടിടം പണിയുന്നതിനും യന്ത്രങ്ങൾ വാങ്ങുന്നതിനും വൈദ്യുതീകരണത്തിനുമായി ആകെ 38,70,477 രൂപ ചെലവ് കാണുന്നു. ചെലവിന്റെ സംശുദ്ധി പരിശോധിക്കുന്നതിനാവശ്യമായ ഒരു രേഖയും ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല. ഓഡിറ്റ് കാലയളവായ 6/2004 വരെ പദ്ധതി പൂർത്തീകരിക്കുകയോ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ല. 24,19,414 രൂപ നൽകി വാങ്ങിയ യന്ത്രങ്ങൾ വർഷങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്നതിനാൽ തുരുമ്പിച്ച് ഉപയോഗശൂന്യമാകുന്ന നിലയിലാണ്.

ഇപ്രകാരം ധനസഹായത്തിലെ ലഭ്യത അനുസരിച്ച് പദ്ധതി ലക്ഷ്യം അടിക്കടി പരിഷ്ക്കരിച്ച് യൂണിറ്റിന് സഹായം നൽകിയത് പദ്ധതി ധനം പാഴാകാനിടയായി.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.4.III.5]

തസ്വഭ(എബി) വകുപ്പിന്റെ 5-1-2008-ലെ 78051/എബി1/07 തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:-

48. ആലപ്പുഴ ജില്ലാ പഞ്ചായത്ത് 1998-99-ൽ അംഗീകരിച്ച പദ്ധതിപ്രകാരം തൊഴിൽരഹിതരായ 13 പ്രമോട്ടർമാരെ ഉൾപ്പെടുത്തി റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് ജനതാ വ്യവസായ സഹകരണ സംഘം എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുവാൻ തയ്യാറാക്കി അംഗീകരിച്ച പദ്ധതി അനുസരിച്ചാണ് 2,50,000 രൂപ സംഘത്തിന് 29-3-1999-ൽ ഗ്രാന്റായി അനുവദിച്ചത്. ഭൂമി വാങ്ങുന്നതിനും കെട്ടിടം പണിക്കും വേണ്ടിയാണ് തുക നിശ്ചയിച്ചിരുന്നത്. എന്നാൽ 1999-2000-ൽ കാർട്ടൻ നിർമ്മാണം, നോട്ട്ബുക്ക് നിർമ്മാണം എന്നീ പ്രവർത്തനങ്ങൾക്കായി ടി പ്രോജക്ട് പുതുക്കുകയുണ്ടായി. പുതുക്കിയ പദ്ധതി അടങ്കൽ തുകയായ 83.67 ലക്ഷം രൂപയിൽ 22 ലക്ഷം രൂപ ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. പിന്നീട് 2000-2001-ൽ അംഗീകരിച്ച സ്പിൽ ഓവർ പ്രോജക്ട് പ്രകാരം 20 ലക്ഷം രൂപ കൂടി ഗ്രാന്റ് അനുവദിക്കുകയുണ്ടായി. ആകെ ലഭിച്ച 44,50,000 രൂപ സംഘത്തിന്റെ പേരിൽ ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ കാരയ്ക്കാട് ശാഖയിൽ 3827-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നതും മാനേജരുടെ മുൻകൂർ അനുമതിയോടെ സംഘം നേരത്തെ മൊത്തം 43,99,800 രൂപ പിൻവലിച്ച് ഉപയോഗിച്ചിട്ടുള്ളതുമാണ്. ശേഷിച്ച 50,200 രൂപ യന്ത്രസാമഗ്രികൾ വാങ്ങിച്ചതിന്റെ കടം വീട്ടുന്നതിനും, പ്രവർത്തന മൂലധനത്തിനുമായി പിൻവലിക്കുന്നതിന് 12-2-2007-ൽ അനുമതി നൽകുകയുണ്ടായി. 2004-ൽ സംഘത്തിന്റെ വ്യവസായ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. വൈദ്യുതി ലഭിക്കുന്നതിന് 2 വർഷത്തോളം കാലതാമസമുണ്ടായത് പദ്ധതി പൂർത്തീകരണത്തിന് കാലതാമസം ഉണ്ടാകാൻ കാരണമായി. സംഘത്തിൽ 121 അംഗങ്ങൾ അടച്ചിട്ടുള്ള 5,61,000 രൂപ ഓഹരി മൂലധനം ഉണ്ട്. 30-ഓളം പേർക്ക് നേരിട്ട് തൊഴിൽ നൽകിക്കൊണ്ട് സംഘം പ്രവർത്തിച്ചുവരുന്നു. 2003-04-ലെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ "ഈ പ്രസ്സ് പ്ലാൻഫണ്ട് ഉപയോഗിച്ച് സ്ഥലം വാങ്ങി നിർമ്മിച്ച കെട്ടിടത്തിൽ തൃപ്തികരമായി പ്രവർത്തിച്ചുവരുന്നതായി ബോദ്ധ്യപ്പെട്ടു" എന്ന് പരാമർശിച്ചിട്ടുള്ളതാണ്. ആകയാൽ, ഈ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ അഭ്യർത്ഥിക്കുന്നു.

49. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ 9-1-2008-ൽ ചേർന്ന സമിതി യോഗം തെളിവെടുപ്പ് നടത്തി. ആയതിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു :

50. പദ്ധതിതുക എന്തെങ്കിലും കാര്യത്തിന് ഉപയോഗിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അവിടെ പ്രവർത്തനങ്ങൾ നടന്നിരുന്നതായി പെർഫോമൻസ് ഓഡിറ്റ് ടീം പോയി പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ആകെ ലഭിച്ച 44 ലക്ഷം രൂപയിൽ 38 ലക്ഷം രൂപയുടെ ചെലവു മാത്രമേ കാണുന്നുള്ളുവെന്നും ചെലവു വിവരം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്ത സാഹചര്യത്തിൽ പെർഫോമൻസ് ഓഡിറ്റുകാർ ഈ കാര്യങ്ങൾ ഒന്നുകൂടി പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

51. എൽ.എഫ്.എ. ഡിപ്പാർട്ടുമെന്റും എ.ജി.യും ഓഡിറ്റ് ചെയ്യുന്ന സമയത്ത് ജില്ലാ വ്യവസായ കേന്ദ്രത്തിന്റേയും പഞ്ചായത്തിന്റേയും ഫയലുകൾ മാത്രമാണുണ്ടായിരുന്നതെന്നും പിന്നീടാണ് രേഖകളും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ഹാജരാക്കിയതെന്നും സംഘം ഇപ്പോൾ പൂർണ്ണമായും പ്രവർത്തനരഹിതമായിരിക്കുകയാണെന്നും എന്നാൽ അസെറ്റ്സ് എല്ലാം നിലവിലുണ്ടെന്നും ആലപ്പുഴ എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. പെർഫോമൻസ് ഓഡിറ്റ് വിശദമായ പരിശോധന നടത്തി ഇത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി നല്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

52. സമിതി നിർദ്ദേശപ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അന്വേഷണം നടത്തി ത.സ്വ.ഭ. വകുപ്പിന്റെ 2-5-2008-ലെ 28693/എസി3/08 തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

53. പ്രസ്തുത വ്യവസായ കേന്ദ്രത്തിൽ 20 ജീവനക്കാർ ഉണ്ട്. 2004-ൽ ആണ് വ്യവസായ കേന്ദ്രം പ്രവർത്തനം ആരംഭിച്ചത്. വൈദ്യുതി ലഭിക്കുന്നതിന് 2 വർഷത്തോളം കാലതാമസം ഉണ്ടായിരുന്നതിനാലാണ് പദ്ധതി പൂർത്തീകരണം വൈകിയത്. ഈ സംഘത്തിൽ 121 അംഗങ്ങളുടെ ഓഹരി മൂലധനം ഉണ്ട്.

54. ഏകദേശം 30-ഓളം പേർക്ക് നേരിട്ട് തൊഴിൽ നൽകുന്നുണ്ട്. പരിശോധനവേളയിൽ ആലപ്പുഴ ജില്ലാ പഞ്ചായത്തിൽനിന്നും ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് അംഗീകരിച്ച പ്രോജക്റ്റ് പ്രകാരം തന്നെ ചുറ്റുമതിൽ കെട്ടിയ കെട്ടിടം നിർമ്മിക്കുകയും ടി കെട്ടിടത്തിൽ സംഘം നടത്തുന്ന പ്രസ്സ് സുഗമമായും ലാഭകരമായും പ്രവർത്തിച്ച് വരുന്നതായും കണ്ടു. ഇപ്പോൾ സംഘത്തിൽ 121 അംഗങ്ങളും 5,61,000 രൂപ ഷെയറും ഉണ്ട്. ചെങ്ങന്നൂർ സിൻഡിക്കേറ്റ് ബാങ്ക് ശാഖയിൽ നിന്നും 10.5 ലക്ഷം രൂപ സംഘം വായ്പ എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട നിയമസഭാ സമിതിയുടെ തെളിവെടുപ്പ് വേളയിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച മറുപടി ശരിവയ്ക്കുംവിധമായിരുന്നു നേരിട്ടുള്ള പരിശോധനയിലും

കണ്ടത്. ഓഡിറ്റ് റിപ്പോർട്ടിൽ ചെലവിന്റെ സംശുദ്ധി പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലാ പഞ്ചായത്തിൽനിന്നും ഏകദേശം 50 കി. മീ. ഓളം അകലെ ഒരു ഗ്രാമപ്രദേശത്താണ് ഈ വ്യവസായ കേന്ദ്രം പ്രവർത്തിച്ചുവരുന്നത്. അതായിരിക്കാം ഒരുവേള ഈ വ്യവസായ കേന്ദ്രത്തിന്റെ നിർമ്മാണം, യന്ത്രസാമഗ്രികൾ വാങ്ങിയത് സംബന്ധിച്ചുള്ള രേഖകൾ യഥാസമയം ഓഡിറ്റിന് ഹാജരാക്കുവാൻ കഴിയാതെ വന്നതെന്ന്, വ്യവസായ കേന്ദ്രം സെക്രട്ടറി അന്വേഷണ ഉദ്യോഗസ്ഥരോട് അറിയിക്കുകയുണ്ടായി. റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിനാണ് ആദ്യം വിഭാവനം ചെയ്തതെങ്കിലും, പുതുക്കിയ പ്രോജക്റ്റിൽ ആണ് കാർട്ടൺ നിർമ്മാണം, നോട്ട്ബുക്ക് നിർമ്മാണം എന്നീ പ്രവർത്തനങ്ങൾക്കായി വ്യവസായ കേന്ദ്രം ആരംഭിച്ചത്. ഇപ്പോൾ ഈ വ്യവസായകേന്ദ്രം തൃപ്തികരമായി പ്രവർത്തിച്ചുവരുന്നു. 2003-04-ൽ പെർഫോമൻസ് ഓഡിറ്റ് ടീം, പ്ലാൻ ഫണ്ട് ഉപയോഗിച്ച് സ്ഥലം വാങ്ങി നിർമ്മിച്ച കെട്ടിടത്തിൽ മേല്പറഞ്ഞ പ്രസ്സ് തൃപ്തികരമായി പ്രവർത്തിച്ചുവരുന്നുണ്ടെന്ന് പരാമർശിച്ചിട്ടുണ്ട്.

55. ജില്ലാ വ്യവസായകേന്ദ്രം മാനേജർ ഹാജരാക്കിയിട്ടുള്ള രേഖകൾ പരിശോധിച്ചതിൽനിന്നും ടി സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 6-9-2008-ലെ LF.21316/sp.cell.G12/02 നമ്പർ കത്തുമുഖേന അറിയിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

**56. മൂളക്കുഴ ജനതാ വ്യവസായ സഹകരണസംഘം പദ്ധതിധനം പ്രയോജനരഹിതമായി എന്ന പരാമർശത്തിന്മേൽ, പ്രസ്തുത സംഘത്തിൽ 30-ഓളം പേർക്ക് നേരിട്ട് തൊഴിൽ നൽകുന്നതായും സംഘത്തിൽ 121 അംഗങ്ങളും 5,61,000 രൂപ ഓഹരി മൂലധനവുമുണ്ടെന്നും വ്യവസായകേന്ദ്രം തൃപ്തികരമായി പ്രവർത്തിക്കുന്നു എന്നുമുള്ള സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ പദ്ധതികൾ നടപ്പാക്കിയിട്ടില്ല-തുക തിരികെ ഈടാക്കണം**

1998-1999, 1999-2000 വർഷങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി ആകെ 2,68,750 രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിട്ടുണ്ടെങ്കിലും പദ്ധതികൾ ഒന്നുംതന്നെ നടപ്പാക്കാത്ത സാഹചര്യത്തിൽ

കൺവീനർമാരിൽനിന്നും തുക പലിശയടക്കം തിരിച്ചുപിടിച്ച് പദ്ധതി ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

| | | |
|---|---|---|
| 1. | തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് മേക്കാവിടം അംഗനവാടി കെട്ടിട നിർമ്മാണം | 9,250 |
| 2. | കുളനട ഗ്രാമപഞ്ചായത്ത് കദളിക്കുന്ന് ഐ.എച്ച്.ഡി.പി കോളനി റോഡ് ഉദ്ധാരണം | 12,500 |
| 3. | കോയിപ്രം ഗ്രാമപഞ്ചായത്ത് ഐ.എച്ച്.ഡി.പി. കോളനി വർക്ക് ഷെഡ് നിർമ്മാണം | 47,000 |
| 4. | റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് അട്ടത്തോട് ട്രൈബൽ കോളനിയിലേക്ക് റോഡ് നിർമ്മാണം | 50,000 |
| 5. | മെഴുവേലി ഗ്രാമപഞ്ചായത്ത് ഇൻഡസ്ട്രീയൽ വർക്ക് ഷെഡ് നിർമ്മാണം | 1,00,000 |
| 6. | മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് നടമല നെല്ലിമൂട് റോഡ് ഉദ്ധാരണം | 25,000 |
| 7. | മൈലപ്ര ഗ്രാമപഞ്ചായത്ത് വള്ളിപ്പടി, വള്ളിപറമ്പിൽ റോഡ് ഉദ്ധാരണം | 25,000 |
| | ആകെ | 2,68,750 |

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക 5.11]

തസ്വഭ.(എബി) വകുപ്പിന്റെ 5-1-2008-ലെ 78051/എബി1/07 തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

57. "(1) 10-10-2002-ലെ ജില്ലാപഞ്ചായത്ത് കമ്മിറ്റി ശ്രീ. എം. പി. ദിനേശനെ കൺവീനർ സ്ഥാനത്തുനിന്നും ഒഴിവാക്കുന്നതിനും ചെയ്ത ഐറ്റങ്ങൾ ക്ളോസ്സ് ചെയ്യുന്നതിനും അവ രേഖപ്പെടുത്തി ബിൽ തയ്യാറാക്കുവാനും നിർദ്ദേശിച്ചിരുന്നു. അപ്രകാരം തയ്യാറാക്കിയ ബിൽ പ്രകാരം 10,744 രൂപയുടെ പ്രവൃത്തികൾ അംഗീകരിക്കുകയും അഡ്വാൻസ് തുക ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. 25-1-2009-ൽ ടിയാൻ ക്ളോഷർ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

(2) റവന്യൂ റിക്കവറി നടപടി അനുസരിച്ച് തുക ഈടാക്കുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട് (കത്ത് നമ്പർ എ1-ആർ.ആർ./02, തീയതി 29-4-2002) 18-4-2003-ലെ ജില്ലാ കളക്ടറുടെ R6-11253/03 K Dis. കത്തുപ്രകാരം കൺവീനറായ ശ്രീ. കെ. കെ. കുഞ്ഞുകുട്ടിക്ക് സ്ഥാവരജംഗമ വസ്തുക്കളില്ലെന്നും തുക ഈടാക്കുവാൻ കഴിയില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നു. 31-12-2007 എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.) യുടെ കത്തുപ്രകാരം ഇക്കാര്യം ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് 31-12-2007-ൽ തന്നെ മറ്റ് ഗുണഭോക്തൃ സമിതി അംഗങ്ങളിൽനിന്നും തുക ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(3) റവന്യൂ റിക്കവറി നടപടി അനുസരിച്ച് തുക ഈടാക്കുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട് (കത്ത് നമ്പർ എ1-ആർ.ആർ./02, തീയതി 29-4-2002). 26-11-2002-ലെ ജില്ലാ കളക്ടറുടെ കത്തുപ്രകാരം തുടർനടപടി സ്വീകരിക്കുവാൻ തിരുവല്ല തഹസിൽദാരെ ചുമതലപ്പെടുത്തിയ വിവരം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നതായി 31-12-2007-ലെ കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.) അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഉണ്ടായ തുടർനടപടികൾ ബോധിപ്പിക്കുവാൻ 31-12-2007-ൽ തന്നെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.) യോട് ആവശ്യപ്പെട്ടു.

(4) റവന്യൂ റിക്കവറി നടപടി അനുസരിച്ച് തുക ഈടാക്കുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട് (കത്ത് നമ്പർ എ1-ആർ.ആർ./02, തീയതി 29-4-2002). 29-4-2002, 30-4-2003-ലെ ജില്ലാ കളക്ടറുടെ R6-11764/03 K.Dis കത്ത് പ്രകാരം കൺവീനറായ ശ്രീ. തങ്കപ്പന്റെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ ഇല്ലെന്നും ആയ തിനാൽ ആർ.ആർ. റിക്വിസിഷൻ തിരികെ അയയ്ക്കുന്നതായും അറിയിച്ചിരുന്നതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.) 31-12-1987-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ സമിതി അംഗങ്ങളിൽനിന്നും തുക ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ 31-12-2007-ൽ തന്നെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.)യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(5) 3-3-2005-ൽ എഗ്രിമെന്റ് പ്രകാരം പണി പൂർത്തീകരിച്ചു. 26-3-2000-ലെ ഫൈനൽ ബില്ല് പ്രകാരം 5,17,163 രൂപയുടെ പ്രവൃത്തികൾ അംഗീകരിച്ച് അഡ്വാൻസ് ക്രമീകരിച്ചിട്ടുണ്ട്.

(6) റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് (കത്ത് നമ്പർ എ1-ആർ.ആർ./02, തീയതി 29-4-2002). കൺവീനറായ ശ്രീ. ഈശോ വർഗ്ഗീസിന്റെ പക്കൽനിന്നും അഡ്വാൻസ് തുകയായ 25,000 രൂപയും അതിന്റെ 18% പലിശയും റവന്യൂ റിക്കവറി നടപടിപ്രകാരം ഈടാക്കാൻ ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ തലത്തിലും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ തലത്തിലും തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(7) റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് (കത്ത് നമ്പർ എ1-ആർ.ആർ./02, തീയതി 3-6-2002). കൺവീനറായ ശ്രീ. പി.എ. ബാബുവിന്റെ പക്കൽനിന്നും അഡ്വാൻസ് തുകയായ 25,000 രൂപയും അതിന്റെ 18% പലിശയും റവന്യൂ റിക്കവറി നടപടിപ്രകാരം ഈടാക്കുവാൻ 3-6-2002-ലെ എ1-ആർ.ആർ./02 കത്തിലൂടെ ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ തലത്തിലും നിർവ്വഹണ ഉദ്യോഗസ്ഥന്റെ തലത്തിലും തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്."

58. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് 7 പ്രവൃത്തികളിന്മേൽ 9-1-2008-ൽ ചേർന്ന സമിതി യോഗത്തിൽ തെളിവെടുപ്പ് നടത്തുകയുണ്ടായി. യോഗത്തിന്റെ സംക്ഷിപ്ത രൂപം ചുവടെ ചേർത്തിരിക്കുന്നു :

ജില്ലാ പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽനിന്നും വർക്കുകൾ ചെയ്യുന്നതിന് അഡ്വാൻസായി കൊടുക്കുന്ന തുക പിന്നീട് സെറ്റിൽ ചെയ്യാറുണ്ടോയെന്നും തണ്ണിത്തോട് പഞ്ചായത്തിലെ മേക്കാവിടം അംഗനവാടി കെട്ടിട നിർമ്മാണത്തിന് അഡ്വാൻസായി കൊടുത്ത 9,250 രൂപ തിരിച്ച് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടോയെന്നും അതു സംബന്ധിച്ച വിവരം എന്നാണ് ഓഡിറ്റുകാരെ അറിയിച്ചതെന്നും സമിതി ആരാഞ്ഞു. അഡ്വാൻസ് കൊടുക്കുന്ന തുക സെറ്റിൽ ചെയ്യാറുണ്ടെന്നും മേക്കാവിടം അംഗനവാടി കെട്ടിട നിർമ്മാണത്തിന് നൽകിയ അഡ്വാൻസ് തുക ആ വർക്കിന്റെ പാർട്ട് ബിൽ തയ്യാറാക്കി അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെന്നും അക്കാര്യം 19-2-2004-ൽ തന്നെ ഓഡിറ്റുകാരെ അറിയിച്ചിട്ടുണ്ടെന്നും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

59. "എഗ്രി. നമ്പർ 110/DPO/Plan 98-99, M.Book No.52/97-98 പ്രകാരം 10,744 രൂപയ്ക്കുള്ള ബിൽ സമർപ്പിച്ച് ക്ലോഷർ എഗ്രിമെന്റ് വച്ച് കൺവീനറെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാത്തതിനാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. പ്രവർത്തികളുടെ എം.ബുക്കും അനുബന്ധ രേഖകളും ഹാജരാക്കുന്നതിന് LSGD ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ രേഖകളെല്ലാം ജില്ലാ പഞ്ചായത്തിൽ ഏൽപ്പിച്ചിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അവ കണ്ടെടുക്കുന്നതിനായി പ്രാഥമികമായ തെരച്ചിലുകൾ നടത്തിയിരുന്നെങ്കിലും കണ്ടെടുക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ വിശദമായ ഒരു തെരച്ചിൽ നടത്തുന്നതിനുവേണ്ടി ഓഫീസിലെ ജൂനിയർ സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ മൂന്ന് ജീവനക്കാരടങ്ങുന്ന ഒരു ടീമിനെ മറ്റു ജോലികൾ മാറ്റിവച്ച് ഇതിനായി മാത്രം നിയോഗിച്ചിരുന്നു. ദിവസങ്ങൾ നീണ്ട തെരച്ചിൽ നടത്തിയിട്ടും എം.ബുക്ക് കണ്ടെടുക്കാൻ സാധിച്ചില്ല. ഈ പ്രവർത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായിരുന്ന റാന്നി, പത്തനംതിട്ട എന്നീ സബ്ഡിവിഷനുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ആഫീസുകൾ നിർത്തലാക്കിയിരുന്നു. ഈ ആഫീസുകളുടെ ചുമതല റാന്നി ബ്ലോക്കിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് നൽകിയിരുന്നത്. ഇവർ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. എന്നാൽ എം.ബുക്ക് ഹാജരാക്കിയിരുന്നില്ല. റെക്കാർഡുകൾ കൈമാറ്റം ചെയ്ത സമയത്ത് ഇവ വീണ്ടെടുക്കാനാവാത്തവിധം നഷ്ടപ്പെട്ടതായിരിക്കാമെന്ന് അനുമാനിക്കുന്നു. അതുകൊണ്ടാകണം ഫയലുകൾ ഹാജരാക്കിയ സമയത്ത് എം.ബുക്ക് ഹാജരാക്കാതിരുന്നത്."

(ത.സ്വ.ഭ. വകുപ്പിന്റെ 21-12-2009-ലെ 41009/എസി3/09 തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം)

60. പ്രസ്തുത വിവരത്തിന്മേൽ ലോക്കൽ ഫണ്ട് ഡയറക്ടറുടെ പ്രാദേശിക പരിശോധനാ റിപ്പോർട്ട് മേൽ സൂചന കത്തുപ്രകാരം ലഭ്യമാക്കിയത് താഴെ ചേർക്കുന്നു :

"36,078 രൂപ അടങ്കലിലുള്ള പ്രവൃത്തിക്കാണ് മുൻകൂർ കൈപ്പറ്റിയിട്ടുള്ളത്. ടി മുൻകൂർ തുകയും ടാക്സും ഉൾപ്പെടെ വരാവുന്ന തുകയ്ക്ക് മൂല്യമാക്കിക്കൊണ്ട് ഒരു ഫൈനൽ ബിൽ തയ്യാറാക്കിയത് പ്രവൃത്തിയുടെ പൂർത്തീകരണമായി കരുതുവാനാകില്ല. എം.ബുക്കോ കംപ്ലീഷൻ സർട്ടിഫിക്കറ്റോ പരിശോധനയ്ക്ക് ലഭിച്ചിട്ടുമില്ല".

61. കുളനട ഗ്രാമപഞ്ചായത്തിലെ ഐ.എച്ച്.ഡി.പി. കോളനി റോഡ് ഉദ്ധാരണം സംബന്ധിച്ച പരാമർശത്തിൽ, കൺവീനറിൽ നിന്നും റിക്കവറി നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ഇനി എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശി ക്കുന്നത് എന്ന് സമിതി ആരാഞ്ഞതിന് ഈടാക്കാനുള്ള 12,500 രൂപ കൺവീനറിൽ നിന്നും റിക്കവർ ചെയ്യാൻ നിർവ്വാഹമില്ലെന്ന് കളക്ടർ അറിയിച്ചതിനെത്തുടർന്ന് ബെനിഫിഷറി കമ്മിറ്റി അംഗങ്ങൾ ജോയിന്റായി പഞ്ചായത്തുമായി ഉണ്ടാക്കിയിരുന്ന കരാറനുസരിച്ച് കൺവീനർക്ക് ഉണ്ടാകുന്ന വീഴ്ചകൾക്ക് അവർ ബാദ്ധ്യസ്ഥരാണെ ന്നുള്ളതുകൊണ്ട് ഗുണഭോക്തൃ സമിതി അംഗങ്ങളിൽ നിന്ന് ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. തുക ഈടാക്കുന്നതിന് സോഴ്സ് ഇല്ലെന്നു കാണിച്ച് 18-4-2003-ൽ ജില്ലാ കളക്ടറുടെ കത്ത് ലഭിച്ചിട്ടും തുടർ നടപടിക്ക് 31-12-2007 വരെ കാത്തിരുന്നതെന്തുകൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന് ഇതു സംബന്ധിച്ച അറിയിപ്പ് ലഭിക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഓഫീസിൽ നിന്നാണെന്നും അതുലഭിച്ച ഉടൻതന്നെ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടു ണ്ടെന്നും സെക്രട്ടറി തുടർന്ന് അറിയിച്ചു.

62. തുക തിരിച്ചു ഈടാക്കുന്നതിന് കൺവീനറുടെ പേരിൽ ആസ്തിയില്ലെന്ന് കളക്ടർ അറിയിച്ചതിന് നിർവ്വഹണോദ്യോഗസ്ഥൻ എന്ന നിലയിൽ മറുപടി പറയാൻ ബാദ്ധ്യസ്ഥനല്ലേയെന്ന് സമിതി ആരാഞ്ഞതിന് ഗുണഭോക്തൃ കമ്മിറ്റിയംഗങ്ങൾക്ക് കത്തയച്ചിട്ടുണ്ടെന്ന് ചെങ്ങന്നൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബിൽഡിംഗ്സ്) സമിതിയെ അറിയിച്ചു. ഇതിന്റെ നടപടിയെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ഒരു മാസത്തിനകം പത്തനംതിട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

63. ഗുണഭോക്തൃ സമിതിയിലെ ചില അംഗങ്ങൾ മരണപ്പെട്ടതിനാൽ ജീവനോടെ യിരിക്കുന്ന മറ്റ് അംഗങ്ങൾക്ക് 2,084 രൂപയും അതിന്റെ നാളിതുവരെയുള്ള 12% പലിശയും അടയ്ക്കണമെന്നാവശ്യപ്പെട്ട് 28-7-2008-ൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുടർന്നും തുക അടയ്ക്കാതിരുന്നാൽ റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്യുന്നതാ ണെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 21-12-2009-ലെ 41009/എസി3/09 ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം സമിതിയെ അറിയിച്ചിട്ടുണ്ട്.

64. കോയിപ്രം ഗ്രാമപഞ്ചായത്തിലെ ഐ.എച്ച്.ഡി.പി. കോളനി വർക്ക്ഷെഡ് നിർമ്മാണം സംബന്ധിച്ച പരാമർശങ്ങളിൻമേലുള്ള വിശദീകരണത്തിലും കളക്ടറുടെ 2002-ലെ കത്തുപ്രകാരം തുടർനടപടി സ്വീകരിക്കുവാൻ തിരുവല്ല തഹസിൽദാർ ചുമതലപ്പെടുത്തിയ വിവരം നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ച തായി 31-12-2007-ലെ കത്തു പ്രകാരമാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ച തെന്നും, ഇത്തരത്തിലുള്ള കാലതാമസം അനുവദിക്കാനാവില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ഈടാക്കാനുള്ള തുകയായ 7,000 രൂപയും ഗുണഭോക്തൃ സമിതി അംഗങ്ങളിൽ നിന്ന് ഈടാക്കി വിവരം ഒരു മാസത്തിനകം പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

കോയിപ്രം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച നിർദ്ദേശത്തിൻമേൽ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ലഭ്യമാക്കിയതായ വിവരം, ലോക്കൽ ഫണ്ട് ഡയറക്ടറുടെ 1-11-2008-ലെ എൽ.എഫ്. 21316/സ്പെ.സെൽ/ജി2/07 നമ്പർ കത്തു പ്രകാരം അറിയിച്ചിരിക്കുന്നത് ഇപ്രകാരമാണ് :

"ഗുണഭോക്തൃ സമിതി കൺവീനറായിരുന്ന ശ്രീ. രഘുനാഥനിൽ നിന്നും 6-10-2004-ൽ മുതലും പലിശയും അടക്കം 67,250 രൂപ ഈടാക്കിയതായി തിരുവല്ല തഹസിൽദാർ 18-1-2008-ലെ ബി5/184 നമ്പർ കത്ത് പ്രകാരം ജില്ലാ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്."

"ഖണ്ഡിക ഒഴിവാക്കുന്നതിന് ബഹുമാനപ്പെട്ട നിയമസഭാ സമിതിയുടെ ഉത്തരവിനായി സമർപ്പിക്കുന്നു."

65. അട്ടത്തോട് ട്രൈബൽ കോളനി നിർമ്മാണം സംബന്ധിച്ച് പരാമർശങ്ങളിൻമേലും വിശദീകരണത്തിലും കളക്ടറുടെ 2002-ലെ കത്തുപ്രകാരം തുടർനടപടി സ്വീകരിക്കുവാൻ തിരുവല്ലാ തഹസിൽദാരെ ചുമതലപ്പെടുത്തിയ വിവരം നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ചതായി 31-12-2007-ലെ കത്തു പ്രകാരമാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതെന്നും ഇത്തരത്തിലുള്ള കാലതാമസം അനുവദിക്കാനാവില്ലെന്നും ഈടാക്കാനുള്ള തുക 50,000 ഗുണഭോക്തൃ സമിതി അംഗങ്ങളിൽ നിന്ന് ഈടാക്കി പ്രസ്തുത വിവരം ഒരു മാസത്തിനകം പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

"ഗുണഭോക്തൃ സമിതി കൺവീനറായിരുന്ന ശ്രീ. തങ്കപ്പന്റെ പേരിൽ ഭൂമിയോ മറ്റ് വസ്തുക്കളോ ഇല്ലാത്തതിനാൽ തുക ഈടാക്കുവാൻ നിർവ്വാഹമില്ലെന്നും 30-4-2003-ൽ ജില്ലാ കളക്ടർ ആർ.6/11764/03/കെഡിസ്. കത്തു പ്രകാരം അറിയിച്ചതിനെ തുടർന്ന് ഗുണഭോക്തൃ സമിതിയിലെ 7 അംഗങ്ങൾക്കും 7,143 രൂപയും പലിശയും അടയ്ക്കാനാവശ്യപ്പെട്ട് ഡി2/679/1999-2000 പ്ലാൻ തീയതി 28-7-2008 പ്രകാരം കത്ത് നൽകിയിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് ഓഡിറ്റിനെ അറിയിക്കുകയുണ്ടായി." 'തുടർ നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്' എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 1-10-2008-ലെ എൽ.എഫ്. 21316/സ്പെ. സെൽ.ജി2/07 നമ്പർ കത്തിൽ തുടർന്ന് സമിതിയെ അറിയിച്ചു.

66. മെഴുവേലി ഗ്രാമപഞ്ചായത്തിലെ ഇൻഡസ്ട്രിയൽ വർക്ക്ഷെഡിനായി നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടുണ്ടോയെന്നും ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിച്ചിട്ടുണ്ടോയെന്നും എന്നാണ് വിവരം അറിയിച്ചതെന്നും ആരെയാണ് വിവരം അറിയിച്ചതെന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, അഡ്വാൻസ് ക്രമീകരിച്ചിട്ടുണ്ടെന്നും വിവരം അറിയിച്ചിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്താണ് ഓഡിറ്റർക്ക് മറുപടി കൊടുത്തതെന്നും നിർവ്വഹണോദ്യോഗസ്ഥർ തന്ന റിപ്പോർട്ടുകൂടി ചേർത്താണ് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് മറുപടി കൊടുത്തതെന്നും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതി നിർദ്ദേശാനുസരണം ജില്ലാ പഞ്ചായത്ത് ഓഡിറ്റ് വകുപ്പിന് നൽകിയ വിശദീകരണം ചുവടെ ചേർത്തിരിക്കുന്നു :

"പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ഫൈനൽ ബിൽ ഹാജരാക്കി. 5,17,163 രൂപയുടെ മൂല്യനിർണ്ണയം നടത്തി മുൻകൂറുകളും നികുതികളും കഴിച്ച് 1,68,550 രൂപ ഫൈനൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട് (എം.ബുക്ക് പി.ഡബ്ല്യു. 86/04 ഹാജരാക്കിയിട്ടില്ല)."

പിന്നീട് ത.സ്വ.ഭ. വകുപ്പ് 21-12-2009-ലെ 41009/എ.സി.3/09/തസ്വഭവ. നമ്പർ കത്തു പ്രകാരം താഴെ പറയുന്ന വിവരം സമിതിക്ക് ലഭ്യമാക്കി :

എഗ്രി. നമ്പർ 110/DPO/Plan 98-99, M. Book No. 52/97-98 പ്രകാരം 10,744 രൂപയ്ക്കുള്ള ബിൽ സമർപ്പിച്ച് ക്ലോഷർ എഗ്രിമെന്റ് വച്ച് കൺവീനറെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാത്തതിനാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. പ്രവൃത്തികളുടെ എം. ബുക്കും അനുബന്ധ രേഖകളും ഹാജരാക്കുന്നതിന് LSGD ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ രേഖകളെല്ലാം ജില്ലാ പഞ്ചായത്തിൽ ഏൽപ്പിച്ചിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അവ കണ്ടെടുക്കുന്നതിനായി പ്രാഥമികമായ തിരച്ചിലുകൾ നടത്തിയിരുന്നുവെങ്കിലും കണ്ടെടുക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ വിശദമായ ഒരു തെരച്ചിൽ നടത്തുന്നതിനുവേണ്ടി ഓഫീസിലെ ജൂനിയർ സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ മൂന്നു ജീവനക്കാരടങ്ങുന്ന ഒരു ടീമിനെ മറ്റു ജോലികൾ മാറ്റിവച്ച് ഇതിനായി മാത്രം നിയോഗിച്ചിരുന്നു. ദിവസങ്ങൾ നീണ്ട തെരച്ചിൽ നടത്തിയിട്ടും എം. ബുക്ക് കണ്ടെടുക്കാൻ സാധിച്ചില്ല. ഈ പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായിരുന്ന എഞ്ചിനീയർമാരുടെ ഓഫീസുകൾ നിർത്തലാക്കിയിരുന്നു. ഈ ഓഫീസുകളുടെ ചുമതല റാന്നി ബ്ലോക്കിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് നൽകിയിരുന്നത്. ഇവർ ഫയലുകൾ ഓഡിറ്റിന് ഹാജാരാക്കിയിരുന്നു. എന്നാൽ എം. ബുക്ക് ഹാജരാക്കിയിരുന്നില്ല. റെക്കോർഡുകൾ കൈമാറ്റം ചെയ്ത സമയത്ത് ഇവ വീണ്ടെടുക്കാനാവാത്ത വിധം നഷ്ടപ്പെട്ടതായിരിക്കാമെന്ന് അനുമാനിക്കുന്നു. അതുകൊണ്ടാകണം ഫയലുകൾ ഹാജരാക്കിയ സമയത്ത് എം. ബുക്ക് ഹാജരാക്കാതിരുന്നത്.

മേൽ മറുപടി പരിശോധിച്ച് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 1-11-2008-ലെ എൽ.എഫ്. 21316/സ്പെ.സെൽ ജി2/07 നമ്പർ കത്തു പ്രകാരം "എം.ബുക്ക് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തീർപ്പു കൽപ്പിക്കുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തു."

67. മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിലെ നടമല നെല്ലിമൂട് റോഡ് ഉദ്ധാരണം സംബന്ധിച്ചും മൈലപ്ര ഗ്രാമപഞ്ചായത്തിലെ വഞ്ചിപ്പടി പളളിപ്പറമ്പിൽ റോഡ് ഉദ്ധാരണം സംബന്ധിച്ചും സമിതി വിശദീകരണമാരാഞ്ഞു. 2002-ൽ ആർ.ആർ. നടപടികൾക്ക് കത്ത് പ്രകാരം ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ടെന്നും ഇക്കാര്യം സംബന്ധിച്ചും നിർവ്വഹണോദ്യോഗസ്ഥതലത്തിലും ജില്ലാ പഞ്ചായത്ത് തലത്തിലും തുടർനടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് പറയാൻ കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന്, കളക്ടറേറ്റിൽ ആർ.ആർ. കോൺഫറൻസ് നടത്താറുണ്ടെന്നും കൊടുത്തിട്ടുളള ആർ.ആർ. കേസുകളിൽ സജീവമായി ഇടപെടണമെന്ന് നേരിട്ടു പറയാറുണ്ടെന്നും ഓർമ്മക്കുറിപ്പുകൾ അയയ്ക്കാറുണ്ടെന്നും കൂടാതെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെക്കൊണ്ടുതന്നെ കളക്ടർക്ക് ഒരു ഡി.ഒ. ലെറ്റർ അയപ്പിച്ച് ഇത്തരം കാര്യങ്ങളിൽ സജീവമായി സഹായിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. കത്ത് കൊടുത്തിട്ടുണ്ടെങ്കിൽ രണ്ടു പരാമർശങ്ങളിൻമേലും അയച്ച കത്തിന്റെ നടപടി റിപ്പോർട്ടും രേഖകളും സഹിതം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

മല്ലപ്പള്ളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശത്തിൻമേൽ ഓഡിറ്റ് വകുപ്പിന് നൽകിയ വിവരം, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 1-11-2008-ലെ എൽ.എഫ്. 21316/സ്പെ.സെൽ ജി2/07 നമ്പർ കത്തു പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നത് ഇപ്രകാരമാണ് :

"പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ഫൈനൽ ബിൽ ഹാജരാക്കിയിട്ടുണ്ട്. 1,03,491 രൂപയുടെ മൂല്യനിർണ്ണയം നടത്തി മുൻകൂറുകളും നികുതികളും ക്രമീകരിച്ച് കൺവീനർ ശ്രീ. ഈശോ വർഗ്ഗീസിന് 12-6-2003-ൽ 52,176 രൂപ ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. (എം.ബുക്ക് ഹാജരാക്കിയിട്ടില്ല)."

തുടർന്ന് ത.സ്വ.ഭ. വകുപ്പ് 21-12-2009-ലെ 41009/എ.സി.3/09/തസ്വഭവ. നമ്പർ കത്തു പ്രകാരം താഴെപ്പറയുന്ന വിവരം സമിതിക്ക് ലഭ്യമാക്കി :

എഗ്രി. നമ്പർ 110/DPO/Plan 98-99, M. Book No. 52/97-98 പ്രകാരം 10,744 രൂപയ്ക്കുള്ള ബിൽ സമർപ്പിച്ച് ക്ലോഷർ എഗ്രിമെന്റ് വച്ച് കൺവീനറെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാത്തതിനാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. പ്രവൃത്തികളുടെ എം. ബുക്കും അനുബന്ധ രേഖകളും ഹാജരാക്കുന്നതിന് LSGD ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ രേഖകളെല്ലാം ജില്ലാ പഞ്ചായത്തിൽ ഏൽപ്പിച്ചിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അവ കണ്ടെടുക്കുന്നതിനായി പ്രാഥമികമായ തിരച്ചിലുകൾ നടത്തിയിരുന്നുവെങ്കിലും കണ്ടെടുക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ വിശദമായ ഒരു തെരച്ചിൽ നടത്തുന്നതിനുവേണ്ടി ഓഫീസിലെ ജൂനിയർ സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ മൂന്ന് ജീവനക്കാരടങ്ങുന്ന ഒരു ടീമിനെ മറ്റു ജോലികൾ മാറ്റി വച്ച് ഇതിനായി മാത്രം നിയോഗിച്ചിരുന്നു. ദിവസങ്ങൾ നീണ്ട തെരച്ചിൽ നടത്തിയിട്ടും എം. ബുക്ക് കണ്ടെടുക്കാൻ സാധിച്ചില്ല. ഈ പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായിരുന്ന റാന്നി, പത്തനംതിട്ട എന്നീ സബ് ഡിവിഷനുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഓഫീസുകൾ നിർത്തലാക്കിയിരുന്നു. ഈ ഓഫീസുകളുടെ ചുമതല റാന്നി ബ്ലോക്കിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് നൽകിയിരുന്നത്. ഇവർ ഫയലുകൾ ഓഡിറ്റിന് ഹാജാരാക്കിയിരുന്നു. എന്നാൽ എം. ബുക്ക് ഹാജരാക്കിയിരുന്നില്ല. റെക്കോർഡുകൾ കൈമാറ്റം ചെയ്ത സമയത്ത് ഇവ വീണ്ടെടുക്കാനാവാത്ത വിധം നഷ്ടപ്പെട്ടതായിരിക്കാമെന്ന് അനുമാനിക്കുന്നു. അതുകൊണ്ടാകണം ഫയലുകൾ ഹാജരാക്കിയ സമയത്ത് എം. ബുക്ക് ഹാജരാക്കാതിരുന്നത്.

49,485 രൂപ ഈ ഓഫീസിൽ 26-2-2009-ലെ 789048-ാം നമ്പർ ഉ. പ്രകാരം ഒടുക്കുവരുത്തിയിട്ടുണ്ടെന്ന് ത.സ്വ.ഭ. വകുപ്പ് 21-12-2009-ലെ 41009/എ.സി.3/ തസ്വഭവ. നമ്പർ കത്തു പ്രകാരം സമിതിയെ അറിയിച്ചു.

തുക അടവാക്കിയ സാഹചര്യത്തിൽ ഖണ്ഡികയിലെ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ഓഡിറ്റ് ഡയറക്ടറുടെ 31-7-2010-ലെ എൽ.എഫ്. 21316/സ്പെ.സെൽ ജി2/07 നമ്പർ കത്തു പ്രകാരം അറിയിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

**68. മേക്കാവിടം അംഗനവാടി കെട്ടിട നിർമ്മാണം എന്ന വർക്ക് നിർദ്ദിഷ്ട കാലയളവിൽ തന്നെ നടപ്പാക്കിയിട്ടുണ്ടോയെന്ന് ഓഡിറ്റ് വകുപ്പ് നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും പ്രസ്തുത വർക്കിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റും എം.ബുക്കും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

**69. കുളനട ഗ്രാമപഞ്ചായത്തിലെ I.H.D.P. കോളനി റോഡ് ഉദ്ധാരണം സംബന്ധിച്ച പരാമർശത്തിൽ കൺവീനറിൽ നിന്ന് ബാധ്യത തുക ഈടാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഗുണഭോക്തൃ സമിതി അംഗങ്ങളിൽ നിന്ന് തുകയും നാളിതുവരെയുള്ള പലിശയും തുല്യമായി ഈടാക്കി, ആയതിന്റെ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

**70. കോയിപ്രം ഗ്രാമപഞ്ചായത്തിലെ ഐ.എച്ച്.ഡി.പി. കോളനി വർക്ക്ഷെഡ് നിർമ്മാണം സംബന്ധിച്ച പരാമർശത്തിൽ സമിതി നിർദ്ദേശപ്രകാരം, ഗുണഭോക്തൃ സമിതി കൺവീനറിൽനിന്നും ബാദ്ധ്യതതുക മുതലും പലിശയുമടക്കം ഈടാക്കിയതായി ജില്ലാ പഞ്ചായത്ത് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ചെയ്യുകയും, പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഖണ്ഡിക ഒഴിവാക്കുന്നതിന് ആഡിറ്റ് വകുപ്പ് ശുപാർശ നൽകുകയും ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

**71. റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് അട്ടത്തോട് ട്രൈബൽ കോളനി റോഡുമായി ബന്ധപ്പെട്ട പരാമർശത്തിൻമേൽ കൺവീനറുടെ പേരിൽ ഭൂമിയോ മറ്റു വസ്തുക്കളോ ഇല്ലാത്തതിനാൽ ബാദ്ധ്യത ഈടാക്കാൻ നിർവ്വാഹമില്ലെന്ന് കളക്ടർ അറിയിച്ചതിനാൽ ഗുണഭോക്തൃ സമിതിയിലെ 7 അംഗങ്ങളിൽ നിന്നും നാളിതുവരെയുള്ള പലിശയുൾപ്പെടെയുള്ള തുക തുല്യമായി ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനും ബാദ്ധ്യത തുക ഈടാക്കി പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യാനും സമിതി ശുപാർശ ചെയ്യുന്നു.**

**72. മെഴുവേലി ഗ്രാമപഞ്ചായത്തിലെ ഇൻഡസ്ട്രിയൽ വർക്ക് ഷെഡുമായി ബന്ധപ്പെട്ട പരാമർശത്തിൽ, പ്രവൃത്തി പൂർത്തീകരിച്ചതായും മൂല്യനിർണ്ണയം നടത്തി മുൻകൂർ അഡ്ജസ്റ്റ് ചെയ്ത് ഫൈനൽ ബിൽ നൽകിയതുമായി ജില്ലാ പഞ്ചായത്ത് ഓഡിറ്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ എം. ബുക്കും അനുബന്ധ രേഖകളും വീണ്ടെടുക്കാനാകാത്തവിധം നഷ്ടപ്പെട്ടതായി അനുമാനിക്കുന്നു എന്നാണ് ഗ്രാമപഞ്ചായത്ത് ഓഡിറ്റിനെ അറിയിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ രേഖകൾ ഇല്ലാതെ പരാമർശം ഒഴിവാക്കുവാൻ നിവൃത്തിയില്ല. ആയതിനാൽ നഷ്ടപ്പെട്ടു എന്നത് അനുമാനം മാത്രമാകയാൽ പദ്ധതി സംബന്ധിച്ച എം.ബുക്ക് വീണ്ടെടുത്ത് ഓഡിറ്റിന് അടിയന്തരമായി പരിശോധനയ്ക്ക് സമർപ്പിക്കുന്നതിനും ആയത് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് അടിയന്തരമായി റിപ്പോർട്ട് നൽകുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.**

**73. മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിലെ നടാല നെല്ലിമൂട് റോഡ് ഉദ്ധാരണം സംബന്ധിച്ച പരാമർശത്തിൽ പ്രവൃത്തി പൂർത്തീകരിച്ച്, മൂല്യനിർണ്ണയം നടത്തി മുൻകൂറുകളും നികുതിയും ക്രമീകരിച്ച് ഫൈനൽ ബിൽ നൽകിയതായി ഓഡിറ്റിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കേസിലും എം. ബുക്കും അനുബന്ധ രേഖകളും വീണ്ടെടുക്കാൻ കഴിയാത്തവണ്ണം നഷ്ടപ്പെട്ടതായി അനുമാനിക്കുന്നു എന്നാണ് പഞ്ചായത്ത് നിഗമനം. ഇത് അംഗീകരിക്കാൻ നിവൃത്തിയില്ല. ആയതിനാൽ പദ്ധതി സംബന്ധിച്ച എം.ബുക്ക് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിനും എം.ബുക്ക് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് പരാമർശം ഒഴിവാക്കാവുന്നതാണോ എന്ന് അടിയന്തരമായി റിപ്പോർട്ട് ചെയ്യാനും സമിതി ശുപാർശ ചെയ്യുന്നു.**

**74. മൈലപ്ര ഗ്രാമപഞ്ചായത്തിലെ വളളിപ്പടി വള്ളിപറമ്പിൽ റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ 26-2-2009-ലെ 789048-ാം നമ്പർ ഉത്തരവ് പ്രകാരം 49,485 രൂപ ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഭവന നിർമ്മാണ പദ്ധതി-കൃത്രിമ രേഖ ഹാജരാക്കി ധനസഹായം ലഭ്യമാക്കി.**

കെ. ആർ. കൃഷ്ണൻകുട്ടി എന്ന ഗുണഭോക്താവ് 1999-2000 വർഷത്തെ ഭവന നിർമ്മാണ പദ്ധതി പ്രകാരം മൂന്നു ഗഡുക്കളായി 28,000 രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടിയാൻ ഇതേ പദ്ധതിയിൽ ബ്ലോക്കിൽ നിന്നും 1993-94 വർഷം സഹായ ധനം കൈപ്പറ്റിയതായി കണ്ടെത്തി. അവസാന ഗഡുവിനായി അപേക്ഷിച്ചപ്പോൾ ടിയാൻ ഹാജരാക്കിയ സ്റ്റേജ് സർട്ടിഫിക്കറ്റ് വ്യാജമാണെന്നും ടിയാന്റെ പേരിൽ നിയമനടപടികൾ സ്വീകരിക്കണമെന്നും പുളിക്കീഴ് ബി.ഡി.ഒ. റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ ഇത്രയും ഗുരുതരമായ വിഷയത്തിൽ നാളിതുവരെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഇത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയും നിരുത്തരവാദിത്വവുമായി കാണേണ്ടതാണ്. ആയതിനാൽ നഷ്ടത്തിനുത്തരവാദിയായവരിൽ നിന്നും തുക തിരികെ പിടിക്കേണ്ടതും അതോടൊപ്പം സമയോചിതമായി നടപടികൾ സ്വീകരിക്കാതിരുന്നവരുടെ പേരിൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-2004 ഖണ്ഡിക 5.1.2]

തസ്വഭ.(എബി)വകുപ്പിൽ നിന്നും 5-1-2008-ലെ 78051/എബി1/07/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:—

75. "1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന പ്രോജക്ട് നമ്പർ 203 ബന്ധപ്പെട്ട പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുവേണ്ടിയുള്ളതായിരുന്നു. പ്രോജക്ട് പ്രകാരം ഒരു വീടിന് 35,000 രൂപ സബ്സിഡി നൽകുന്നു. അസിസ്റ്റന്റ് ഡവലപ്പ്മെന്റ്

കമ്മീഷണർ (ജനറൽ) ആയിരുന്നു ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ. ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഗ്രാമസഭാ ലിസ്റ്റ് പ്രകാരം ജില്ലാ പഞ്ചായത്ത് അനുമതി നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് നിർവ്വഹണത്തിനായി അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർക്ക് നൽകി. പ്രോജക്ട് പ്രകാരം തുക നാലു ഗഡുക്കളായി ആണ് നൽകുന്നത്. ആദ്യഗഡുവായ 3,500 രൂപ, രേഖകളും കരാർ ഉടമ്പടിയും ഹാജരാക്കുന്ന സമയത്തും രണ്ടാം ഗഡുവായ 10,500 രൂപ, അടിസ്ഥാനം ഇട്ടശേഷം ബന്ധപ്പെട്ട വി.ഇ.ഒ.യും ജില്ലാ പഞ്ചായത്ത് മെമ്പറും നൽകുന്ന സ്റ്റേജ് സർട്ടിഫിക്കറ്റ് അടിസ്ഥാനത്തിലും മൂന്നാം ഗഡുവായ 14,000 രൂപ ഉത്തര നിരപ്പുവരെ പണികളും പൂർത്തിയായശേഷം വി.ഇ.ഒ.യുടെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും അവസാന ഗഡുവായ 7,000 രൂപ വീടിന്റെ എല്ലാ പണികളും തീർന്നശേഷം ജില്ലാ പഞ്ചായത്ത് മെമ്പറും ബ്ലോക്കിലെ അസിസ്റ്റന്റ് എഞ്ചിനീയറും നൽകുന്ന സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും നൽകുന്നതായിരുന്നു പ്രോജക്ട് പ്രകാരമുള്ള നടപടിക്രമം".

76. നിർവ്വഹണത്തിനായി എ.ഡി.സി.-ക്കു നൽകിയ ലിസ്റ്റിൽപ്പെട്ട ഒരു ഗുണഭോക്താവായിരുന്നു ശ്രീ. കെ. ആർ. കൃഷ്ണൻകുട്ടി കാവിലേത്ത്, കടപ്ര എന്നയാൾ, ആദ്യഗഡുവായ 3,500 രൂപ മേൽപ്പറഞ്ഞ പ്രകാരം രേഖകൾ ഹാജരാക്കിയശേഷം ഗുണഭോക്താവിന് നൽകി. രണ്ടാം ഗഡുവായ 10,500 രൂപയും മൂന്നാം ഗഡുവായ 14,000 രൂപയും ബന്ധപ്പെട്ട വി.ഇ.ഒ.-യും ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. നിരണം തോമസും നൽകിയ സ്റ്റേജ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ നൽകി. വി.ഇ.ഒ.യുടെ രണ്ട് സർട്ടിഫിക്കറ്റുകളിലും സീൽ ഇല്ലായിരുന്നു. പത്തനംതിട്ടയിൽ നിന്നും ഏകദേശം 40 കിലോമീറ്റർ അകലെ താമസിക്കുന്ന പാവപ്പെട്ട ഒരു പട്ടികജാതി വിഭാഗം ഗുണഭോക്താവ് ആയതിനാലും ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പറുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഉണ്ടായതിനാലുമാണ് മനുഷ്യത്വപരമായ സമീപന ത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് രണ്ടും മൂന്നും ഗഡു തുക നൽകിയത്. അവസാന ഗഡുവിനുള്ള സ്റ്റേജ് സർട്ടിഫിക്കറ്റ് കൊണ്ടുവരുമ്പോൾ ബന്ധപ്പെട്ട ആഫീസറുടെ ഒപ്പും സീലും ഉണ്ടായിരിക്കണമെന്ന് കർശനനിർദ്ദേശവും നൽകിയിരുന്നു. തുടർന്ന് നാലാം ഗഡുവിനായി ഗുണഭോക്താവ് സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിച്ചപ്പോൾ സൂക്ഷ്മപരിശോധനയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒപ്പും സീലും കൃത്രിമമായി ചമച്ചതാണെന്ന് ബോധ്യപ്പെട്ടു. ഇതു സംബന്ധിച്ച പുളിക്കീഴ് ബ്ലോക്ക് ഡെവല പ്പ്മെന്റ് ഓഫീസർ മുഖേന നടത്തിയ അന്വേഷണത്തിൽ രണ്ടുംമൂന്നും ഗഡുവിനായി ഹാജരാക്കിയ വി.ഇ.ഒ.യുടെ സ്റ്റേജ് സർട്ടിഫിക്കറ്റുകളും വ്യാജ മാണെന്ന് കണ്ടെത്തി. എന്നാൽ ജില്ലാ പഞ്ചായത്ത് മെമ്പറുടെ കത്ത് യഥാർത്ഥമായിരുന്നുവെന്നും ബോധ്യപ്പെടുകയുണ്ടായി.

77. 11-10-1999-ലെ പുളിക്കീഴ് ബി.ഡി.ഒ.-യുടെ അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഗുണഭോക്താവിനെതിരെ നടപടി എടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് അനുമതി നൽകി. ഇതിൻപ്രകാരം 28,000 രൂപ മുതലും 18% നിരക്കിലുള്ള പലിശയായ 20,298 രൂപയും ചേർത്ത് 48,298 രൂപ ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാനുള്ള അപേക്ഷ 3-7-2000-ൽ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ തലത്തിലും ജില്ലാ പഞ്ചായത്തിന്റെ തലത്തിലും തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

78. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് 9-1-2008-ൽ സമിതി നടത്തിയ തെളിവെടുപ്പിന്റെ ചുരുക്കം ചുവടെ ചേർത്തിരിക്കുന്നു :

ഭവന വായ്പ എടുക്കുന്നതിനായി സർട്ടിഫിക്കറ്റ് നൽകിയ ജില്ലാ പഞ്ചായത്ത് മെമ്പറുടെ പേരെന്താണെന്നും സർട്ടിഫിക്കറ്റ് നൽകുന്നതിന് ജില്ലാ പഞ്ചായത്ത് മെമ്പർക്ക് അധികാരമുണ്ടോയെന്നും ആർ.ആർ. നടപടിയിലൂടെ ആരുടെ കൈയിൽ നിന്നാണ് തുക ഈടാക്കാനുദ്ദേശിക്കുന്നതെന്നും സമിതി ആരാഞ്ഞതിന് ശ്രീ. നിരണം തോമസ് ആണ് ജില്ലാ പഞ്ചായത്ത് മെമ്പറെന്നും മെമ്പർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് അധികാരമുണ്ടെന്നും ശ്രീ. കൃഷ്ണൻകുട്ടിയെന്ന ഗുണഭോക്താവിൽ നിന്നും ഈടാക്കാനാണ് ശുപാർശ ചെയ്തതെന്നും മെമ്പറുടെ പേരിൽ നടപടി യൊന്നും എടുത്തിട്ടില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ഓഡിറ്റ് റിപ്പോർട്ട് വന്നപ്പോഴേക്കും ജില്ലാ പഞ്ചായത്ത് മെമ്പറുടെ കാലാവധി അവസാനിച്ചാലും ടിയാന്റെ പേരിൽ ബാദ്ധ്യത നിലനിൽക്കുമെന്ന് സെക്രട്ടറി അറിയിച്ചു. വ്യാജ സ്റ്റേജ് സർട്ടിഫിക്കറ്റാണ് ഹാജരാക്കിയതെന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒപ്പും സീലും വ്യാജമാണെന്ന് ബോദ്ധ്യപ്പെട്ടോയെന്നും കത്താണോ സർട്ടിഫി ക്കറ്റാണോ മെമ്പർ നൽകിയതെന്നും സമിതി ആരാഞ്ഞതിന്, സർട്ടിഫിക്കറ്റ്, ഒപ്പ്, സീൽ എന്നിവ വ്യാജമാണെന്നും മെമ്പറുടെ കത്ത് അദ്ദേഹത്തിന്റെ ലറ്റർപാഡിലായി രുന്നെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. സർട്ടിഫിക്കറ്റും ഒപ്പും വ്യാജമാണെന്ന് നിർവ്വഹണോദ്യോഗസ്ഥന് ബോദ്ധ്യപ്പെട്ട സ്ഥിതിക്ക് ഭവനനിർമ്മാണ ഗഡുക്കൾ നൽകുന്നതിന് ശുപാർശക്കത്തു നൽകിയ ശ്രീ. നിരണം തോമസിനെതിരെയും നോട്ടീസ് നൽകി അതിന്റെ വിവരം ഉൾപ്പെടെ റിപ്പോർട്ട് നല്കണമെന്നും സമിതി ആവശ്യപ്പെട്ടു.

79. ത.സ്വ.ഭ. വകുപ്പിന്റെ 21-12-2009-ലെ 41009/എ.സി.3/09/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:-

ശ്രീ. കൃഷ്ണൻകുട്ടി, കാവിലേത്ത്, കടപ്ര എന്നയാൾ കൃത്രിമരേഖ ചമച്ച് പഞ്ചായത്ത് ഫണ്ട് അനർഹമായി കൈക്കലാക്കിയതിനെതിരെ കേസെടുത്ത് അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ 17-4-2008-ൽ തിരുവല്ല സർക്കിൾ ഇൻസ്പെക്ടറെ അറിയിച്ചിരുന്നു. അന്വേഷണം ആരംഭിച്ചതായി 22-5-2008-ൽ പുളിക്കീഴ് സബ് ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. ആവശ്യമായ രേഖകൾ പുളിക്കീഴ് പോലീസ് സ്റ്റേഷനിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

80. പ്രസ്തുത വിഷയത്തിന്മേലുള്ള തുടർനടപടി അറിയിക്കാൻ ആവശ്യ പ്പെട്ടിട്ടുള്ളതായി ഓഡിറ്റ് ഡയറക്ടറുടെ 1-11-2008-ലെ എൽ.എഫ്. 21316/ സ്പെ.സെൽ.ജി2/07 നമ്പർ കത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതായി ഓഡിറ്റ് വകുപ്പ് അറിയിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

81. **ഭവനനിർമ്മാണ പദ്ധതി-കൃത്രിമ രേഖ ഹാജരാക്കി ധനസഹായം ലഭ്യമാക്കി എന്ന പരാമർശത്തിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിന്റെ പേരിൽ ചാർജ് ചെയ്തിരിക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി അടിയന്തരമായി**

**റിപ്പോർട്ടു ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഭവന വായ്പയ്ക്ക് സർട്ടിഫിക്കറ്റ് നൽകിയ അക്കാലയളവിലെ ജില്ലാ പഞ്ചായത്ത് മെമ്പറോട് വിശദീകരണം ആവശ്യപ്പെടുകയും ടിയാന്റെ വിശദീകരണത്തിന്റെ വിശദാംശം അടിയന്തരമായി അറിയിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണികളുടെ നിർവ്വഹണത്തിൽ അപാകതകൾ**

ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ വേണ്ടത്ര ശ്രദ്ധയോടും ശുഷ്ക്കാന്തിയോടും നടപ്പിലാക്കാത്തതിനാൽ ഗുരുതരമായ അപാകതകൾ ഉണ്ടായിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം പ്രവൃത്തികൾക്ക് അധികം പ്രതിഫലം നൽകിയതായി കാണുന്നു.

കോൺട്രാക്ടറുടെ സ്വന്തം മണ്ണുപയോഗിച്ച് നികത്തലിന് അർഹമായ നിരക്കിനെക്കാളും അധികം പ്രതിഫലമാണ് നൽകിയിരിക്കുന്നത് ഐ.ആർ.സി. സ്പെസിഫിക്കേഷൻ നിബന്ധനപ്രകാരം വോയിഡ് കുറവുചെയ്തു പ്രതിഫലം നൽകേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. പുഴകളുടെയും തോടുകളുടെയും തീരസംരക്ഷണത്തിനായി കരിങ്കല്ലു പാകുന്നതിനും തീരസംരക്ഷണ ഭിത്തിയുടെ നിർമ്മാണത്തിനും അർഹമായ നിരക്കിൽനിന്നും അധികരിച്ച് തുക നൽകിയിട്ടുണ്ട്.

2000-2001-ൽ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ 14,88,646 രൂപയുടെ ചെലവ് നിരാകരിക്കുകയും 3,52,437 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുകയുണ്ടായി. അതുപോലെതന്നെ 2001-02 സാമ്പത്തിക വർഷത്തിൽ 7,83,926 രൂപയുടെ ചെലവ് നിരാകരിക്കുകയും 3,30,801 രൂപ തടസ്സപ്പെടുത്തുകയും ചെയ്യുകയുണ്ടായി.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05 ഖണ്ഡിക 3.3.II.1]

ത.സ്വ.ഭ.(എ.ബി.) വകുപ്പിൽ നിന്നും 5-1-2008-ലെ 78051/എബി1/07 തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:-

82. " ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് പണികൾക്ക് നിയമാനുസൃതമല്ലാത്ത ഒരു തുകയും നൽകിയിട്ടില്ല. കോൺട്രാക്ടറുടെ സ്വന്തം മണ്ണ് ഉപയോഗിച്ച് നിരത്തലിന് 1999-ലെ പി.ഡബ്ള്യു.ഡി. ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് ഡി.എൽ.ഇ.സി. സബ് കമ്മിറ്റി അംഗീകരിച്ച റേറ്റ് അനുസരിച്ചാണ് പേയ്മെന്റ് നടത്തിയിട്ടുള്ളത്. ചീഫ് എഞ്ചിനീയർ (ജനറൽ ആന്റ് ബിൽഡിംഗ്സ് ആന്റ് ലോക്കൽ വർക്സ്) 11-2-1988-ലെ ഒ. ആന്റ് എം. (1) 12407/88 ഉത്തരവ് പ്രകാരം ഐ.ആർ.സി. സ്പെസിഫിക്കേഷൻ അതേ നിലയിൽ സംസ്ഥാന റോഡുകൾക്ക് ബാധകമാകേണ്ടതില്ല എന്ന് തീരുമാനിക്കുകയും സംസ്ഥാന റോഡുകളുടെ നിർമ്മാണത്തിനും മെയിന്റനൻസിനും പുതിയ സ്പെസിഫിക്കേഷൻ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വോയ്ഡ്സ് കുറയ്ക്കുവാൻ നിർദ്ദേശിച്ചിട്ടില്ല. പുഴകളുടെയും തോടുകളുടെയും സംരക്ഷണ പ്രവൃത്തികൾ

നടക്കുന്ന സ്ഥലംവരെ ലോറിമുഖേന കരിങ്കല്ല് എത്തിക്കുക പലപ്പോഴും അപ്രായോഗിക മാണ്. കരിങ്കല്ല് സ്റ്റോക്ക് ചെയ്തിരിക്കുന്ന സ്ഥലത്തുനിന്നും പണിസ്ഥലത്തേക്കുള്ള ദൂരം ഇനിഷ്യൽ ലീഡിനെ അധികരിച്ചുവന്നാൽ extra head ലോഡ് കൺവയൻസ് കൂടി അനുവദിക്കുന്നതിനാൽ റേറ്റ് കൂടിവരുന്നതാണ്. ആയതിനാൽ നൽകിയ പേയ്മെന്റുകൾ നിയമാനുസൃതം തന്നെയാണ് എന്നു വ്യക്തമാക്കിക്കൊള്ളുന്നു. ഇത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ലഭിച്ച മറുപടി ഓഡിറ്റിനെ അറിയിച്ചിട്ടുള്ളതാണ്."

83. ജില്ലാ പഞ്ചായത്തിലെ മരാമത്ത് പണികളുടെ നിർവ്വഹണത്തിൽ കോൺട്രാക്ടറുടെ/കൺവീനറുടെ സ്വന്തം മണ്ണുപയോഗിച്ച് നികത്തിയതിന് അർഹമായ നിരക്കിനേക്കാൾ അധികംതുക നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആരാണെന്ന് സമിതി ആരാഞ്ഞു. അന്ന് ജില്ലാതലത്തിലുള്ള ഡി.എൽ.ഇ.സി. അംഗീകരിച്ച നിരക്ക് പ്രകാരമാണ് അന്നത്തെ കമ്മിറ്റി സാങ്കേതികാനുമതി നല്കി യിരുന്നതെന്നും അതിൽ പ്രാദേശിക നിരക്ക് നൽകാൻ മാർഗ്ഗനിർദ്ദേശം ഉണ്ടായിരുന്നു വെന്നും റോഡ് വർക്കിൽ ഐ.ആർ.സി. സ്പെസിഫിക്കേഷൻ അനുസരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്നും സെക്രട്ടറി അറിയിച്ചു. ഐ.ആർ.സി. സ്പെസിഫിക്കേഷൻ അതേനിലയിൽ സംസ്ഥാനത്തു നടപ്പിലാക്കാൻ സാധിക്കു കയില്ലെന്നു ചീഫ് എഞ്ചിനീയറുടെ പരാമർശമുണ്ടായിരുന്നെന്നും സെക്രട്ടറി തുടർന്നറിയിച്ചു.

84. ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായി ഒരു ഡിപ്പാർട്ട്മെന്റ് നോട്ട് തയ്യാറാക്കി ഇറക്കിയാൽ ജി.ഒ.യാണ് നിലനിൽക്കുന്നതെന്നും റേറ്റ് നിശ്ചയിക്കുന്നതിന്റെ അതോറിറ്റി ചീഫ് എഞ്ചിനീയറല്ലെന്നും സമിതി അഭിപ്രായപ്പെട്ടു പി.ഡബ്ള്യു.ഡി. കോഡും മാനുവലും അനുസരിച്ചാണ് വർക്കുകൾ ചെയ്യുന്നത് എന്ന് സെക്രട്ടറി അറിയിച്ചു. ഐ.ആർ.സി. സ്പെസിഫിക്കേഷൻ അതേനിലയിൽ സംസ്ഥാന റോഡു കൾക്ക് ബാധകമാക്കണമെന്ന് ഗവൺമെന്റ് വ്യക്തമാക്കുന്നുണ്ടെന്നും ബാധകമല്ലെന്നു പറയാൻ ചീഫ് എഞ്ചിനീയർക്ക് അധികാരമില്ലെന്നും ലോക്കൽ റേറ്റ് നിശ്ചയിക്കുന്ന തിനുള്ള അതോറിറ്റി കളക്ടറാണെന്നും ഡി.എൽ.ഇ.സി.-ക്ക് അധികാരം കൊടുത്തി ട്ടില്ലെന്നും ഓരോ വർഷവും റേറ്റ് പുതുക്കി നിശ്ചയിക്കാൻ കളക്ടർ ചെയർമാനായി കമ്മിറ്റി ഉണ്ടെന്നും ആ റേറ്റിൽ ഫിക്സ് ചെയ്ത് ഒരു എസ്റ്റിമേറ്റ് റേറ്റിൽ വർക്ക് ചെയ്യാൻ വേണ്ടിയാണ് പൊതുമരാമത്ത് റൂൾസ് ഉണ്ടാക്കിയിട്ടുള്ളതെന്നും ഡി.എൽ.ഇ.സി.-ക്ക് റേറ്റ് റിവൈസ് ചെയ്യാനുള്ള അധികാരം ഗവൺമെന്റോ ഗവൺമെന്റ് ഏജൻസിയോ നല്കിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖ ഹാജരാക്കണ മെന്നും അല്ലാത്തപക്ഷം അതു ചട്ടവിരുദ്ധമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

85. പി.ഡബ്ള്യു.ഡി. നിരക്കിൽ പറയാത്ത ഇനങ്ങൾക്ക് മാത്രം പ്രാദേശിക നിരക്ക് നല്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടെങ്കിലും ഡി.എൽ.ഇ.സി. റേറ്റ് നിശ്ചയിക്കുകയെന്ന് പറഞ്ഞാൽ നിയമവിരുദ്ധമായ ചെലവാക്കലാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റും അത് ശരിയാണെന്ന് അംഗീകരി ക്കുന്നത് ശരിയായ നടപടിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

86. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് വാങ്ങി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് നൽകണമെന്നും നൽകിയ റേറ്റിൽത്തന്നെ അക്കങ്ങൾ വ്യത്യാസമായിട്ടാണ് കാണുന്നതെന്നും അതിന് ശരിയായ വിശദീകരണമുണ്ടെങ്കിൽ അതും ഓഡിറ്റർക്ക് നൽകുവാനും ഗവൺമെന്റ് ഉത്തരവ് പ്രകാരം ഡി.എൽ.ഇ.സി.-ക്ക് അധികാരമുണ്ടെങ്കിൽ ആയതിന്റെ രേഖയും ഹാജരാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

87. പരാമർശത്തിന്മേൽ ജില്ലാപഞ്ചായത്ത് ഓഡിറ്റിന് നൽകിയ മറുപടിയിൽ "ഡി.എൽ.ഇ.സി. നിരക്കിൽ അധികമായി മണ്ണിന് നിരക്ക് നൽകിയിട്ടില്ല" എന്നു രേഖപ്പെടുത്തിയിരിക്കുന്നതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1-11-2008-ലെ എൽ.എഫ്. 21316/സ്പെ.സെൽ/ജി2/07 നമ്പർ കത്തിൽ പറഞ്ഞിരിക്കുന്നു. പ്രസ്തുത വിഷയത്തിന്മേൽ ടി കത്തുപ്രകാരം തുടർന്നറിയിച്ചിരിക്കുന്ന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

88. "നിയമപരമായി മണ്ണിന്റെ അളവിൽ ഷ്രിംകേജ് കുറയ്ക്കാതെ തുക നൽകിയത് വഴിയാണ് നഷ്ടം സംഭവിച്ചത്. ഇതിന് ഡി.എൽ.ഇ.സി.-യുടെ നിരക്കുമായി ബന്ധമൊന്നുമില്ല. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദ്ദേശിച്ച പ്രകാരം അധിക ലീഡും ലിഫ്റ്റും നിരക്കിൽ നിന്നു കുറയ്ക്കുന്നത് ഒഴിവാക്കുവാൻ ഡി.എൽ.ഇ.സി.-യ്ക്ക് അധികാരമില്ല."

89. ഐ.ആർ.സി. സ്പെസിഫിക്കേഷൻ നിബന്ധന പാലിക്കുന്നത് സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് ഓഡിറ്റിന് നൽകിയ മറുപടി താഴെ ചേർക്കുന്നു.

"11-2-1988-ലെ ഒ&എം (1) 12407/88 നമ്പർ ഉത്തരവിൽ ഐ.ആർ.സി. സ്പെസിഫിക്കേഷൻ അതേനിലയിൽ സംസ്ഥാന റോഡുകൾക്ക് ബാധകമാക്കേണ്ടതില്ല എന്ന് ഉത്തരവുള്ളതായി മറുപടി തന്നിരിക്കുന്നു."

90. മേൽ മറുപടി പരിശോധിച്ച് ഓഡിറ്റ് വകുപ്പ് റിപ്പോർട്ടു ചെയ്ത മറുപടി താഴെ ചേർത്തിരിക്കുന്നു :

"ടി ഉത്തരവിൽ ഐ.ആർ.സി. 5.1.1 ബാധകമാക്കേണ്ടതില്ല എന്നു പറഞ്ഞിട്ടില്ല. എന്നാൽ ഐ.ആർ.സി. ബാധകമാക്കിക്കൊണ്ട് ഇറക്കിയ ഉത്തരവിൽ ഐ.ആർ.സി. 3-6.3 വരെയുള്ളൂ എന്നതിനാൽ ഇതു സംബന്ധിച്ച് ആശയക്കുഴപ്പം നിലനിൽക്കുന്നതുകൊണ്ട് തടസ്സം തുടരേണ്ടതില്ല എന്ന് അഭിപ്രായപ്പെടുന്നു.

91. പുഴകളുടെയും തോടുകളുടെയും സംരക്ഷണവുമായി ബന്ധപ്പെട്ട പരാമർശത്തിൽ ജില്ലാപഞ്ചായത്ത് ഓഡിറ്റിന് നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

"പുഴകളുടെയും തോടുകളുടെയും സംരക്ഷണ പ്രവൃത്തി നടക്കുന്ന സ്ഥലത്ത് ലോറി എത്താത്തതിനാൽ കരിങ്കല്ലിന് ഹെഡ് ലോഡ് നിരക്ക് കൂട്ടി കൊടുത്തതിനാൽ അധിക നിരക്ക് വന്നു എന്നാണ് മറുപടി".

92. ജില്ലാ പഞ്ചായത്തിന്റെ മറുപടി പരിശോധിച്ച് ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് 1-11-2008-ലെ LF 21316/SPl.Cell/G2/07 നമ്പർ കത്തുപ്രകാരം നൽകിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

"മണൽ വാരുന്നതിന് നിത്യേന ലോറി ഇറങ്ങുന്ന തീരങ്ങളാണ് പത്തനംതിട്ടയിലെ പുഴകളുടേത്. ഇവിടെ ലോറിയിൽ കരിങ്കല്ല് എത്തില്ല എന്നു പറയുന്നത് വിചിത്രം തന്നെ എന്ന് അഭിപ്രായപ്പെടുന്നു. മാത്രമല്ല കരിങ്കല്ല് ഇറക്കി അട്ടിവെയ്ക്കുന്നതിന് പ്രത്യേകം അട്ടികൂലി കൊടുത്തതുവഴിയാണ് ചില ഇനങ്ങളിൽ അധിക നിരക്ക് വന്നിട്ടുള്ളത്. കരിങ്കല്ലിന്റെ വില അട്ടിവയ്ക്കുന്നതിനുള്ള കൂലി ഉൾപ്പെടെയുള്ളതായതിനാൽ പ്രത്യേകം അട്ടികൂലി അനുവദനീയമല്ല. ഡി.എൽ.ഇ.സി. അംഗീകരിച്ച നിരക്കിൽ നിന്ന് അധികരിച്ച നിരക്കിൽ പാറ കെട്ടുന്നതിനും കോൺക്രീറ്റിംഗിനും മറ്റും തുക കൊടുത്തത് ടി ഖണ്ഡികയിൽ വിശദീകരിച്ചിട്ടുണ്ട്. ഖണ്ഡിക 29-ന്റെ ഒടുവിൽ കാണിച്ചിട്ടുള്ള പ്രകാരം ഖണ്ഡിക 30 മുതൽ 55 വരെയായി ടി ഇനങ്ങളിലുള്ള നഷ്ടം പറഞ്ഞിട്ടുള്ളതിൽ വോയ്ഡ് ഇനത്തിൽ പറഞ്ഞിട്ടുള്ളവ ഒഴികെയുള്ള നഷ്ടങ്ങൾ ഈടാക്കേണ്ടവ തന്നെ എന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതിയെ അറിയിക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

**93. ഓഡിറ്റ് പരാമർശത്തിന് മറുപടിയായി ജില്ലാ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ള വിശദീകരണങ്ങൾ ഒന്നുകൂടി പരിശോധിക്കുവാനും മരാമത്ത് പണികളുടെ നിർവ്വഹണത്തിലെ അപാകതകൾ കൊണ്ടും അധികനിരക്ക് നൽകിയത് വഴിയും ജില്ലാ പഞ്ചായത്തിനുണ്ടായ നഷ്ടം/ബാദ്ധ്യത ഓഡിറ്റ് വകുപ്പ് കൃത്യമായി തിട്ടപ്പെടുത്തി ഗവൺമെന്റിനെ അറിയിക്കണമെന്നും ടി തുക ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും റവന്യൂ റിക്കവറി വഴിയോ ശമ്പളത്തിൽ നിന്ന് നേരിട്ടോ ഈടാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പൊതുമരാമത്ത്) സബ്ഡിവിഷൻ, പത്തനംതിട്ട-ഓഡിറ്റിന് രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്**

2001-02-ലെ പദ്ധതി നിർവ്വഹണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥന് 70,00,000 രൂപ അനുവദിച്ചിട്ടുണ്ട്. പാസ്ബുക്ക് പരിശോധിച്ചതിൽ 57,46,527 രൂപ ചെലവാക്കിയതായി കാണുന്നു. എന്നാൽ ചെലവ് രേഖകൾ നിരന്തരം ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. മുൻവർഷം ഓഡിറ്റ് നീക്കിയിരുപ്പ് ആധാരമാക്കി 2001-02-ൽ ടിയാന്റെ പദ്ധതി കണക്കിൽ നീക്കിയിരുപ്പ് 26,36,553 രൂപ കാണേണ്ടതാണ്. എന്നാൽ പാസ്ബുക്ക് പ്രകാരം 24,37,717 രൂപ മാത്രമാണ് കാണുന്നത്. അതായത് കണക്കിൽ 1,98,836 രൂപയുടെ കുറവ് കാണുന്നു. ഈ വിഷയത്തിൽ ഭരണവകുപ്പിന്റെ സത്വര ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. മതിയായ രേഖകളുടെ അഭാവത്തിൽ 2001-02-ൽ ചെലവായതായി കാണുന്ന 57,46,527 രൂപ ഓഡിറ്റ് തടസ്സവാദം ഉന്നയിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05 ഖണ്ഡിക 3.3.II.2]

തദ്ദേശസ്വയംഭരണ (എ.ബി.) വകുപ്പിൽ നിന്നും 5-1-2008-ലെ 78051/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

94. "നിരവധി തവണ ആവശ്യപ്പെട്ടിട്ടും ബന്ധപ്പെട്ട രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ ഉദ്യോഗസ്ഥന്റെ ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസവും താമസസ്ഥലത്തെ മേൽവിലാസവും ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് 12-2-2007-ൽ കത്ത് നൽകിയിരുന്നു. (ബി1-1593/ 06) നിർവ്വഹണ ഉദ്യോഗസ്ഥന്റെ ആഫീസിൽ മേൽവിലാസം ലഭ്യമല്ലെന്ന് അറിയിച്ചതിനെ തുടർന്ന് നിർവ്വഹണ കാലയളവിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥന്റെ മേൽവിലാസം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് 5-3-2007, 24-4-2007, 22-8-2007എന്നീ തീയതികളിൽ പി.ഡബ്ല്യു.ഡി. ഭരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കണമെന്ന് വീണ്ടും ഭരണ വിഭാഗം ചീഫ് എഞ്ചിനീയറോട് 13-9-2007-ൽ ആവശ്യപ്പെട്ടിട്ടുണ്ട്."

95. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് 9-1-2008-ൽ ചേർന്ന സമിതി യോഗം തെളിവെടുപ്പ് നടത്തുകയുണ്ടായി. യോഗത്തിന്റെ സംക്ഷിപ്തരൂപം ചുവടെ ചേർത്തിരിക്കുന്നു:

96. ബന്ധപ്പെട്ട രേഖകൾ നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റിനു ഹാജരാക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടിട്ടും, ഉദ്യോഗസ്ഥന്റെ മേൽവിലാസം അറിയിക്കണമെന്നാവശ്യപ്പെട്ട് പി.ഡബ്ല്യു.ഡി. ഭരണവിഭാഗം ചീഫ് എഞ്ചിനീയർക്ക് കത്ത് നല്കിയിട്ടും മറുപടി ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

97. പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും രേഖകൾ ലഭ്യമാക്കാത്തതിന്റെ കാരണം ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനായ ശ്രീ. ആർ. നാരായണനോട് സമിതി ആരാഞ്ഞു. ശ്രീ. ആർ. നാരായണന് 4 മാസം മാത്രമാണ് പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ അഡീഷണൽ ചാർജ്ജ് ഉണ്ടായിരുന്നതെന്നും 13-8-2003-ൽ അഡീഷണൽ ചാർജ്ജ് വിട്ട് റാന്നി ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചാർജ്ജ് കൊടുത്തിട്ട് ചെങ്ങന്നൂരിലേക്ക് മാറിയെന്നും 2008 ജനുവരി 5-ാം തീയതിയാണ് ഇതു സംബന്ധിച്ച അറിയിപ്പ് ലഭിച്ചതെന്നും എല്ലാ രേഖകളും ഫർണിച്ചറുകളും പി.ഡി. പാസ്ബുക്കുമെല്ലാം റാന്നി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീകുമാറിന് കൈമാറിയിട്ടാണ് പോയതെന്നും അതിന്റെ രേഖകളെല്ലാം ഉണ്ടെന്നും മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

98. പദ്ധതി നടത്തിപ്പിനായി അനുവദിച്ച 70 ലക്ഷം രൂപയിൽ 57,46,527 രൂപ ചെലവാക്കിയതായി പാസ്ബുക്ക് പരിശോധനയിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞെന്നും എന്നാൽ പലതവണ ആവശ്യപ്പെട്ടിട്ടും ചെലവ് സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ലെന്നും സമിതി ചൂണ്ടിക്കാട്ടി. മുൻവർഷത്തെ നീക്കിയിരുപ്പ് 2001-02-ൽ ടിയാന്റെ പദ്ധതി കണക്കിൽ, 26,36,553 രൂപ കാണേണ്ടതിനു പകരം പാസ്ബുക്കിൽ 24,37,717 രൂപ മാത്രമാണ് ഉള്ളതെന്നും 1,98,836 രൂപയുടെ കുറവ് കാണുന്നതായും സമിതി ചൂണ്ടിക്കാട്ടി. മതിയായ രേഖകളില്ലാത്തതിനാൽ 2001-02-ൽ ചെലവായതായിക്കാണുന്ന 57,46,527 രൂപയ്ക്ക് ഓഡിറ്റ് വകുപ്പ് തടസ്സം ഉന്നയിച്ചിട്ടുണ്ടെന്നും സമിതി വ്യക്തമാക്കി.

99. 2001-02-ലെ പ്രവൃത്തികളുടെ നിർവ്വഹണോദ്യോഗസ്ഥൻ ആരായിരുന്നുവെന്നും അദ്ദേഹം ഇപ്പോൾ സർവ്വീസിലുണ്ടോയെന്നും സമിതി ആരാഞ്ഞതിന് ശ്രീ. എ. വി. തോമസ് എന്നയാളാണ് 2001-ലെ നിർവ്വഹണോദ്യോഗസ്ഥനെന്നും ഇപ്പോൾ അടൂരിലെ പി.ഡബ്ല്യു.ഡി. റോഡ്സ് സബ്ഡിവിഷനിൽ വർക്ക് ചെയ്യുന്നുണ്ടെന്നും ചെങ്ങന്നൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബിൽഡിംഗ്സ്) സമിതിയെ അറിയിച്ചു.

100. പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച 70 ലക്ഷം രൂപയിൽ 57,46,527 രൂപ മാത്രമാണ് ചെലവായതായി കാണുന്നതെന്നും എന്നാൽ ഇതിന് രേഖകളൊന്നും കാണുന്നില്ലെന്നും പൊതുപണം ചെലവാക്കുന്നതിന് രേഖ വേണമെന്നും എങ്കിൽ മാത്രമേ ചെലവ് അംഗീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്നും പലകാര്യങ്ങളും പ്രിവിലേജസിന് വിരുദ്ധമായാണ് ചെയ്യുന്നതെന്നും ഇത് പല ബുദ്ധിമുട്ടുകളുണ്ടാക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. നിർവ്വഹണോദ്യോഗസ്ഥനായ എ.വി. തോമസിനെ കണ്ടുപിടിക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോയെന്നും രണ്ടു ലക്ഷം രൂപയുടെ വ്യത്യാസം വന്നതിന്റെ കാരണം ഇപ്പോഴുള്ള ഉദ്യോഗസ്ഥൻ വ്യക്തമാക്കണമെന്നും അല്ലാത്തപക്ഷം ബാദ്ധ്യത നിലവിലുള്ള സെക്രട്ടറിക്ക് ആയിരിക്കുമെന്നും സമിതി വ്യക്തമാക്കി. ഇതു സംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

101. പരാമർശവുമായി ബന്ധപ്പെട്ട് ജില്ലാപഞ്ചായത്ത് ഓഡിറ്റിന് നല്കിയ വിശദീകരണം, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയിൽ ലഭ്യമാക്കിയത് താഴെ ചേർത്തിരിക്കുന്നു :

സമിതിയുടെ നിർദ്ദേശാനുസരണം ജില്ലാ പഞ്ചായത്ത് "പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 31-1-2003 മുതൽ 31-3-2004 വരെയുള്ള പാസ്ബുക്കിന്റെ കമ്പ്യൂട്ടർ പകർപ്പ് ഓഡിറ്റിനു ഹാജരാക്കുകയും, 31-1-2003-ലെ നീക്കിയിരിപ്പ് 31,45,011 രൂപയും 31-3-2004-ൽ നീക്കിയിരിപ്പ് ഇല്ല എന്നുമാണ് പാസ്ബുക്കിൽ കാണുന്നതെന്ന് വ്യക്തമാക്കുകയും ചെയ്തു."

102. ജില്ലാ പഞ്ചായത്തിന്റെ വിശദീകരണത്തിൻമേൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പരിശോധനാ റിപ്പോർട്ട് 1-11-2008-ലെ എൽ.എഫ്. 21316/സ്പെ.സെൽ. ജി.2/07 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു :

"ഓഡിറ്റിന് രേഖകൾ ഹാജരാക്കേണ്ടത് 2001-02-ൽ ചെലവായ തുകകളെ സംബന്ധിച്ചുള്ളവയാണ്. ടിയാളുടെ പദ്ധതി കണക്കിൽ കണ്ട നീക്കിയിരിപ്പും പാസ് ബുക്കിൽ 31-3-2002-ൽ കാണുന്ന നീക്കിയിരിപ്പും തമ്മിൽ 1,98,836 രൂപയുടെ വ്യത്യാസം (കുറവ്) കാണുന്നതായാണ് ഖണ്ഡികയിൽ പറഞ്ഞിട്ടുള്ളത്. ഇതു സംബന്ധിച്ച് ഭരണവകുപ്പിൽ നിന്ന് അന്വേഷണം നടന്നിട്ടുള്ളതായി അറിയുന്നു. എന്നാൽ ഇതിന്റെ റിപ്പോർട്ടിന്റെ പകർപ്പ് ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടില്ല. 70 ലക്ഷം രൂപ അനുവദിച്ചതിൽ 2001-02 വർഷം 57,46,527 രൂപ ചെലവായതായി പാസ്സ്ബുക്കിൽ കാണുന്നുവെന്നും പ്രസ്തുത ചെലവിനാധാരമായ ഒരു രേഖയും ഓഡിറ്റിന് ലഭിച്ചിട്ടില്ല എന്നുമാണ് ഓഡിറ്റ് പരാമർശം. ഇതിനു മറുപടിയായി

31-1-2003 മുതലുള്ള പാസ്സ്ബുക്കിന്റെ കമ്പ്യൂട്ടർ പതിപ്പ് ഹാജരാക്കിയത് ദുരൂഹമാണ്. ഈ കാര്യം ബഹുമാനപ്പെട്ട ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മേൽനടപടികൾക്കായി അറിയിക്കുന്നു."

103. പരാമർശവുമായി ബന്ധപ്പെട്ട്, തെളിവെടുപ്പ് യോഗത്തിൽ, തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെട്ട അന്വേഷണ റിപ്പോർട്ട് (സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അന്വേഷണം നടത്തിയത്) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28-6-2008-ലെ 24613/എ.സി.3/08/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു:

"പത്തനംതിട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തന്റെ പി.ഡി. അക്കൗണ്ടിലെ കണക്കുകൾ രേഖപ്പെടുത്തുന്നതിനുവേണ്ടി ഒരു ക്യാഷ് ബുക്ക് സൂക്ഷിച്ചിരുന്നു. അതനുസരിച്ച് 2001 മാർച്ച് 31-ാം തീയതിയിലെ നീക്കിയിരിപ്പ് 13,83,080 രൂപ ആയിരുന്നു. 2001-02-ൽ മൂന്ന് ഗഡുക്കളായി 70 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിൽനിന്നും വിവിധ പദ്ധതികളുടെ നടത്തിപ്പിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിരുന്നു. 2001-02-ലെ ചെലവ് 57,07,527 രൂപയും 2001-02-ലെ നീക്കിയിരിപ്പ് 26,75,553 രൂപയും ആയിരുന്നു. 24-6-2003-ൽ അതുവരെയുള്ള തുകകൾ മുഴുവൻ ചെലവാക്കി നീക്കിയിരിപ്പ് ശൂന്യമാക്കിയിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ 2001-02-ലെ റിപ്പോർട്ടിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വരവ്-ചെലവ് കാണിക്കുന്ന പട്ടികയിൽ പത്തനംതിട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പായ 13,83,080 രൂപയും ഉൾപ്പെടുത്തിയിരുന്നു. 2001-02-ലെ ഓഡിറ്റിൽ ടി തുക പ്രാരംഭ ബാക്കിയായി ആ വർഷം കൈമാറിക്കിട്ടിയ 70 ലക്ഷം രൂപയും ചേർത്ത് ആകെ വരവ് 83,83,080 രൂപ കാണിക്കുകയും, ട്രഷറി പാസ്ബുക്ക് പ്രകാരമുള്ള ചെലവ് 57,46,527 രൂപ എന്ന് കണക്കാക്കി നീക്കിയിരിപ്പ് ഉണ്ടാകേണ്ടത് 26,36,553 രൂപ എന്ന് കണക്കുകൂട്ടുകയും, എന്നാൽ പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് 24,37,717 രൂപയാണെന്നും അതിനാൽ 1,98,836 രൂപ കുറവുണ്ടെന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഓഡിറ്റിന്റെ കണ്ടെത്തലുകൾ ശരിയല്ല. ക്യാഷ് ബുക്ക് പ്രകാരം പ്രാരംഭ ബാക്കി കണക്കാക്കിയപ്പോൾ ചെലവും ക്യാഷ്ബുക്ക് പ്രകാരമുള്ളത് കണക്കാക്കേണ്ടിയിരുന്നു. അല്ലെങ്കിൽ പ്രാരംഭ ബാക്കിയും ചെലവും പാസ്ബുക്ക് പ്രകാരമുള്ളത് കണക്കാക്കണമായിരുന്നു. ക്യാഷ്ബുക്ക് പ്രകാരം മാർച്ച് 31-ാം തീയതി വിതരണം ചെയ്യുന്ന ചെക്കുകൾ പാസ്ബുക്കിൽ അടുത്ത സാമ്പത്തിക വർഷത്തിലായിരിക്കും ചേർക്കുക. (പാസ്ബുക്ക് പരിശോധനയ്ക്ക് ലഭിച്ചില്ല). ഇപ്രകാരം രണ്ട് വ്യത്യസ്ത സ്രോതസ്സുകളിൽ നിന്നുള്ള തുകകൾ താരതമ്യപ്പെടുത്തിയതുകൊണ്ടാണ് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വ്യത്യാസം കാണുവാനിടയായത്. അല്ലാതെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും തുകയൊന്നും നഷ്ടപ്പെട്ടിട്ടില്ല എന്നാണ് അന്വേഷണത്തിൽ ബോധ്യമായത്."

104. ഇതു സംബന്ധിച്ച രേഖകൾ ഹാജരാക്കാമെന്ന് 14-2-2008-ൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നടത്തിയ അവലോകനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നേരിട്ട് എത്തി വിശദീകരണം നൽകിയിരുന്നുവെങ്കിലും നാളിതുവരെ ഹാജരാക്കിയിട്ടില്ലെന്നും രേഖകൾ യഥാവിധി സൂക്ഷിക്കുന്നതിലും കൈമാറ്റം ചെയ്യുന്നതിലും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്റെ പേരുവിവരം റിപ്പോർട്ട് ചെയ്യുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ (LSGD) യോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ട് ലഭിച്ചാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ് എന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 21-12-2009-ലെ 41009/ACB/09/തസ്വഭവ. നമ്പർ കത്തു പ്രകാരം സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**105. ഓഡിറ്റ് പരാമർശത്തിൻമേൽ സമിതി നിർദ്ദേശപ്രകാരം എസ്.പി.എ.ഒ. നടത്തിയ അന്വേഷണ റിപ്പോർട്ടിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും തുകയൊന്നും നഷ്ടപ്പെട്ടിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. എന്നിരുന്നാലും രേഖകൾ യഥാവിധി സൂക്ഷിക്കുന്നതിലും കൈമാറ്റം ചെയ്യുന്നതിലും അവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിലും വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നു സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൃക്കണ്ണാപുരം ഏലാസംരക്ഷണ ഭിത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പദ്ധതിക്കു നാളിതുവരെയായി 1,27,547 രൂപ ചെലവാക്കിയെങ്കിലും പദ്ധതിയിൽ നിർദ്ദേശിച്ച സംരക്ഷണഭിത്തി പൂർത്തീകരിച്ചിട്ടില്ല. ഫയലുകൾ പരിശോധിച്ചതിൽ പദ്ധതി ഉപേക്ഷിച്ച നിലയിലാണ്. കൂടാതെ പദ്ധതിയിൽ നിർദ്ദേശിച്ച സന്നദ്ധ സേവനം ആനുപാതികമായി ഭാഗികബില്ലിൽ കുറച്ചുകാണുന്നില്ല. ഉദ്ദേശിച്ച ഫലം ഗുണഭോക്താക്കൾക്ക് കിട്ടിയിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതിക്കായി ചെലവാക്കിയ 1,27,547 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05 ഖണ്ഡിക 3.3.II.3]

തദ്ദേശസ്വയംഭരണ (എ.ബി.) വകുപ്പിൽനിന്നും 5-1-2008-ലെ 78051/ എ.ബി.1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

106. "ജനകീയാസൂത്രണപദ്ധതി പ്രകാരം പത്തനംതിട്ട ജില്ലാ പഞ്ചായത്ത് 1998-99 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി കോയിപ്രം ഡിവിഷനിലെ കോയിപ്രം പഞ്ചായത്തിൽ 10-ാം വാർഡിൽപ്പെട്ട 30 ഹെക്ടറോളം വരുന്ന തൃക്കണ്ണാപുരം ഏലായുടെ പുനഃരുദ്ധാരണത്തിനായാണ് പദ്ധതി തയ്യാറാക്കിയത്.

107. ഏലായിൽക്കൂടി ഒഴുകുന്ന തോടിന് 1500 മീറ്റർ നീളത്തിൽ ആഴവും, വീതിയും വർദ്ധിപ്പിക്കുന്നതിനും മടവീഴ്ചയ്ക്കു സാദ്ധ്യതയുള്ള ഭാഗങ്ങളിൽ 350.00 മീറ്റർ സംരക്ഷണ ഭിത്തി കെട്ടി ബലപ്പെടുത്തുന്നതിനുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പദ്ധതി പ്രവർത്തനങ്ങളിൽ തോടിന്റെ 1500 മീറ്റർ നീളത്തിൽ ആഴവും വീതിയും വർദ്ധിപ്പിക്കുന്നതിൽ 500 മീറ്റർ നീളം സന്നദ്ധ സേവനമായാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

108. രൂക്ഷമായ തിട്ടയിടിച്ചിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള തോടിന്റെ ഇരുഭാഗങ്ങളിലുമായി 211.50 മീറ്റർ സംരക്ഷണ ഭിത്തി കെട്ടി നിലവിലുള്ള ബണ്ട് 40 മീറ്റർ നീളത്തിൽ പൊക്കം വെച്ചു. 90 മീറ്റർ തോടിന്റെ ആഴം വർദ്ധിപ്പിച്ചു. ആകെ 1,27,547 രൂപയുടെ പണികൾ ചെയ്തു പൂർത്തീകരിച്ച് അളവു ബുക്കിൽ രേഖപ്പെടുത്തുകയുണ്ടായി. സന്നദ്ധസേവനമായി പ്രോജക്ടിൽ പ്രത്യേകം പരാമർശിച്ചിരുന്ന പ്രവൃത്തികൾ ഗുണഭോക്താക്കൾ സ്വന്തമായി ചെയ്തു പൂർത്തീകരിച്ചിരുന്നു. ഈ ആഫീസിലെ 2521-ാം നമ്പർ മെഷർമെന്റ് ബുക്ക് പ്രകാരം 17-3-2001-ൽ പണികൾ പൂർത്തീകരിക്കുകയും 31-3-2001-ൽ ബില്ല് പാസ്സാക്കി നൽകുകയും ചെയ്തതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

109. മടവീഴ്ചയുണ്ടാകാൻ സാദ്ധ്യതയുള്ള ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുകയും തോടിന്റെ ആഴം വർദ്ധിപ്പിക്കുകയും ചെയ്ത് ഏലാ സംരക്ഷണം ഉറപ്പാവുകയും ചെയ്ത സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് പദ്ധതി പ്രയോജനപ്പെടുന്ന നിലയിൽ എത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരം പദ്ധതി അവസാനിപ്പിക്കുകയാണ് ചെയ്തതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിക്കുന്നു."

110. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് 9-1-2008-ൽ സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. യോഗത്തിന്റെ സംക്ഷിപ്തരൂപം ചുവടെ ചേർത്തിരിക്കുന്നു :

111. തൃക്കണ്ണാപുരം ഏലാ സംരക്ഷണ ഭിത്തി നിർമ്മാണം ഏതുവരെയായിയെന്ന് സമിതി ആരാഞ്ഞു. ഒരു ഘട്ടമെത്തിയപ്പോൾ വർക്ക് അവസാനിപ്പിച്ചെന്നും ബിൽ ആയിട്ടുണ്ടെന്നും 29-7-2005-ൽ മറുപടി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് കൊടുത്തിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

112. 1500 മീറ്റർ നീളമുള്ള തോടിന്റെ 500 മീറ്റർ നീളത്തിൽ ആഴവും വീതിയും വർദ്ധിപ്പിച്ച് 350 മീറ്റർ സംരക്ഷണ ഭിത്തി കെട്ടേണ്ട സ്ഥാനത്ത് 40 മീറ്റർ നീളത്തിൽ ബണ്ട് ബലപ്പെടുത്തുകയും 90 മീറ്റർ നീളത്തിൽ തോടിന്റെ ആഴം വർദ്ധിപ്പിച്ച് 211 മീറ്റർ സംരക്ഷണ ഭിത്തിയും കെട്ടിയാൽ നിർമ്മാണ പ്രവൃത്തി പൂർണ്ണമായെന്നു പറയാൻ സാധിക്കയില്ലെന്നു ലോക്കൽ ഫണ്ട് ഡയറക്ടറുടെ അഭിപ്രായത്തിൻമേൽ 350 മീറ്റർ സംരക്ഷണഭിത്തി എന്നുള്ളതിൽ 211.5 മീറ്റർ സംരക്ഷണ ഭിത്തി കെട്ടിയിട്ടുണ്ടെന്നും 40 മീറ്റർ നീളത്തിൽ ബണ്ട് ബലപ്പെടുത്തുകയും 90 മീറ്റർ നീളത്തിൽ തോടിന്റെ ആഴം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും അപ്പോൾത്തന്നെ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ സാധിച്ചുവെന്നും ബാക്കിയുണ്ടായിരുന്ന വർക്ക് പാടശേഖര സമിതി തന്നെ സന്നദ്ധ പ്രവർത്തനമായി

ചെയ്തിട്ടുണ്ടെന്നും ബാക്കി വരുന്ന 2,57,000 രൂപ വീണ്ടും ചെലവഴിക്കേണ്ട എന്ന തുകൊണ്ടാണ് ജില്ലാ പഞ്ചായത്തിൽ നിന്ന് തീരുമാനമെടുത്തിട്ടുളളതെന്നും പത്തനംതിട്ട ഡിസ്ട്രിക്ട് സോയിൽ കൺസർവേഷൻ ഓഫീസർ അറിയിച്ചു.

113. ഒരു പദ്ധതി രേഖയിൽപ്പെടുത്തി പാസാക്കി എസ്റ്റിമേറ്റ് അപ്രൂവ് ചെയ്തു നടപ്പാക്കുന്ന അവസരത്തിൽ ഗുണഭോക്തൃ സമിതി ചെയ്യുന്ന പണിയുടെ മൂല്യം പ്രത്യേകവും പ്ലാൻ ഫണ്ട് ഉപയോഗിച്ചു ചെയ്യുന്നതിന്റെ മൂല്യം പ്രത്യേകവും കണക്കാക്കേണ്ട കാര്യമില്ലെന്നും എം. ബുക്കിന്റെ ഒന്നാമത്തെ പേജു മുതൽ അവസാന പേജുവരെ നോക്കിയാൽ മാത്രമേ ഒരു പ്രോജക്ട് പൂർത്തീകരിച്ചോ എന്ന് അറിയാൻ കഴിയുകയുളളൂവെന്നും സാധാരണ ഗുണഭോക്തൃ വിഹിതം അനുസരിച്ചുളള തുക കുറച്ചിട്ടാണ് മെഷർമെന്റും മറ്റും ചെയ്യുന്നതെന്നും എന്നാൽ ഇതിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ചു ചെയ്ത പണിയുടെ മെഷർമെന്റാണ് രേഖപ്പെടുത്തിയിട്ടുളളതെന്നും ആയതിനാലാണ് ഓഡിറ്റ് തടസ്സം ഉന്നയിച്ചതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ വ്യക്തമാക്കി.

114. മട വീഴ്ചയുണ്ടാകാൻ സാദ്ധ്യതയുളള ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുകയും തോടിന്റെ ആഴം വർദ്ധിപ്പിക്കുകയും ചെയ്ത് ഏലാ സംരക്ഷണം ഉറപ്പാക്കിയ സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് പദ്ധതി പ്രയോജനപ്പെടുന്ന നിലയിൽ എത്തുകയാണുണ്ടായതെന്നും അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരം പദ്ധതി അവസാനിപ്പിക്കുകയായിരുന്നുവെന്നും നിർവ്വഹണോദ്യോഗസ്ഥൻ സമിതിയിൽ വ്യക്തമാക്കി. പ്രസ്തുത പദ്ധതിക്ക് എസ്റ്റിമേറ്റ് എത്രയായിരുന്നുവെന്നും ചെലവിനായി എത്ര രൂപ കൊടുത്തെന്നുമുളള സമിതിയുടെ ചോദ്യത്തിന് 3,84,740 രൂപയുടെ എസ്റ്റിമേറ്റായിരുന്നുവെന്നും 1,27,547 രൂപ പദ്ധതി ചെലവിനായി കൊടുത്തെന്നും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച റിപ്പോർട്ടും ഫയലും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

115. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, 1-11-2008-ലെ എൽ.എഫ്. 21316/സ്പെ.സെൽ./ജി.2/07 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു.

"29-9-2008-ൽ ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ തൃപ്തികരമായി പണി പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണ് എന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതിയെ അറിയിക്കുന്നു. "

**നിഗമനങ്ങൾ/ശുപാർശകൾ**

116. **തൃക്കണ്ണാപുരം ഏലാ സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൻമേൽ, തൃപ്തികരമായി പണി പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ നൽകുകയും, ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തതിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എസ്റ്റിമേറ്റിനേക്കാൾ തുക അധികരിച്ചു നൽകി**

നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ എസ്റ്റിമേറ്റ് പ്രകാരം ചെയ്ത ജോലിയുടെ വർക്ക് ബിൽ തയ്യാറാക്കി മെഷർമെന്റ് ബുക്കിൽ അളവും നിരക്കും രേഖപ്പെടുത്തി എസ്റ്റിമേറ്റിൽ പറയുന്ന തുക മാത്രമേ നൽകാവൂ. ഇതിനു വിരുദ്ധമായി കോന്നി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് റബ്ബർ ഉണക്കുന്നതിന് പുകപ്പുര നിർമ്മിക്കുന്നതിനുള്ള പദ്ധതിക്കുവേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥൻ അടങ്കൽ തുകയായ 2,33,182 രൂപ നൽകിയിരിക്കുന്നതായി കാണുന്നു. മുഴുവൻ അടങ്കൽ തുക മാർക്കറ്റിംഗ് സൊസൈറ്റിക്കു നൽകിയത് ജനകീയാസൂത്രണ ചട്ടങ്ങളുടെ ലംഘനമാണ്. ഫയൽ പരിശോധിച്ചതിൽ എം. ബുക്കും ബില്ലും തയ്യാറാക്കിയിട്ടില്ല. 10% ടാക്സും സൂപ്പർവൈസിംഗ് ചാർജ്ജിനു മാറ്റിയ തുക കൂടി സൊസൈറ്റിക്ക് നൽകിയ രീതി ക്രമത്തിലല്ല. ആയതിനാൽ അധികമായി നൽകിയ 21,198 രൂപ തിരികെ ഈടാക്കേണ്ടതാണ്. എം. ബുക്കും വർക്ക് ബില്ലും ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവായ 2,11,984 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2000-01-ലെ തുടർ പദ്ധതിയായ 639-ാം നമ്പർ മൈലപ്ര സഹകരണ ബാങ്കിന്റെ പ്രോസസിംഗ് യൂണിറ്റായ ആട്ട, മൈദ സംസ്ക്കരണ പദ്ധതിക്ക് ഗോഡൗൺ നിർമ്മിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് രജിസ്ട്രാർ അടങ്കൽ തുക മൈലപ്ര സഹകരണ ബാങ്കിനു നൽകി. എസ്റ്റിമേറ്റിനേക്കാൾ അധികരിച്ചു നൽകിയ 19,367 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്. പദ്ധതിയുടെ എം. ബുക്ക് അളവും നിരക്കും രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്ക് ബില്ല് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ആയതിനാൽ 1,93,668 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.II.4. ]

ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ (എബി) വകുപ്പിൽ നിന്നും 5-1-2008-ലെ 78051/എബി1/07/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:-

117. "മൈലപ്ര എസ്.സി.ബി.ക്ക് കൂടുതലായി അനുവദിച്ച 19,367 രൂപയും കോന്നി മാർക്കറ്റിംഗ് സൊസൈറ്റിക്ക് കൂടുതലായി അനുവദിച്ച 21,198 രൂപയും ടി സംഘത്തിൽനിന്നും ഈടാക്കണമെന്നും വെച്ചൂച്ചിറ പഞ്ചായത്ത് പട്ടികജാതി/ പട്ടികവർഗ്ഗ സംഘത്തിനനുവദിച്ച 50,000 രൂപ (സ്ഥലം വാങ്ങുന്നതിന്) ഓഡിറ്റിൽ തടഞ്ഞിട്ടുള്ളതായും ചൂണ്ടിക്കാണിച്ചിരുന്നു. ഇതിൽ മൈലപ്ര എസ്.സി.ബി. ടി തുക 7-6-2007-ലും കോന്നി മാർക്കറ്റിംഗ് സൊസൈറ്റി 21,182 രൂപ 13-6-2007-ലും ജില്ലാ പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. കോന്നി മാർക്കറ്റിംഗ് സംഘത്തിന് അംഗീകരിച്ചു കിട്ടിയ എസ്റ്റിമേറ്റ് 2,12,000 രൂപയുടേതാണെന്നും ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് പ്രകാരം 2,11,984 രൂപയുടേത് അല്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

118. ഇംപ്ലിമെന്റിംഗ് ഓഫീസറിൽനിന്നും ഈടാക്കുന്നതിനായി ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ച തുകകൾ ബന്ധപ്പെട്ട സംഘങ്ങൾ ജില്ലാ പഞ്ചായത്തിൽ ഒടുക്കിയിട്ടുളളതിനാൽ ഓഡിറ്റ് റിപ്പോർട്ടിലെ ഇംപ്ലിമെന്റിംഗ് ആഫീസർക്കെതിരെയുളള പരാമർശം തീർക്കുന്നതിനും ടിയാനെ ബാദ്ധ്യതയിൽനിന്നും ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ശുപാർശ ചെയ്തുകൊണ്ട് ഓഡിറ്റിനു കത്ത് അയച്ചിട്ടുളളതാണ്. ഈ പ്രവൃത്തികളുടെ എം.ബുക്കുകൾ അളവു രേഖപ്പെടുത്തുന്നതിനായി ജില്ലാ പഞ്ചായത്ത് എഞ്ചിനീയറുടെ ആഫീസിൽ 26-12-2002-ൽ നൽകിയിരുന്നതായും ആയത് തിരികെ ലഭിച്ചിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഖണ്ഡിക 3 II(2) പ്രകാരം സമർപ്പിക്കുവാൻ അവശേഷിക്കുന്ന രേഖകളിൽപ്പെട്ടവയാണ് ഇതെന്ന് ബോധിപ്പിക്കുന്നു."

119. ഓഡിറ്റ് പരാമർശത്തിന്മേൽ 9-1-2008-ൽ ചേർന്ന സമിതി യോഗം തെളിവെടുപ്പ് നടത്തുകയുണ്ടായി. ആയതിന്റെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:

120. മൈലപ്ര സഹകരണ ബാങ്കിന്റെ പ്രോസസിംഗ് യൂണിറ്റിന്റെ വർക്കിന് അധികമായി നൽകിയ 1,93,669 രൂപ ഓഡിറ്റിൽ അംഗീകരിക്കാത്തതിന് കാരണമെന്താണെന്നും പ്രസ്തുത തുക തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്നാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ ആരാണെന്നും സമിതി ആരാഞ്ഞതിന് അധിക തുക തിരിച്ചടച്ചിട്ടുണ്ടെന്നുളള വിവരം 21-8-2006-ൽ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ടെന്നും, ടി ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് രജിസ്ട്രാറാണെന്നും സെക്രട്ടറി മറുപടി നൽകി. ഇതു സംബന്ധിച്ച രേഖകൾ റിപ്പോർട്ട് സഹിതം സെക്രട്ടറി മുഖാന്തിരം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

121. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 1-11-2008-ലെ എൽ.എഫ്. 21316/സ്പെ.സെൽ.ജി2/07/നമ്പർ കത്തു പ്രകാരം സമിതിയിൽ താഴെപ്പറയും പ്രകാരം റിപ്പോർട്ട് ചെയ്തു :

122. "ഈ ആഫീസിലെ 16-2-2008-ലെ എൽ.എഫ്. പി.റ്റിഎ./പി1/138/07 നമ്പർ പ്രാദേശിക പരിശോധനാ റിപ്പോർട്ടിൽ പറയുന്ന പ്രകാരം നിരാകരിച്ച തുകയുടെ തിരിച്ചടവ് പരിശോധിച്ചിട്ടുണ്ട്. നിരാകരണം ഒഴിവാക്കാവുന്നതാണ്. എന്നാൽ ഇതു കൂടാതെ തടസ്സത്തിൽ വെച്ച ചെലവ് അംഗീകരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം ടി പ്രവൃത്തിക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്."

123. ലോക്കൽ ഫണ്ട് വകുപ്പ് മൈലപ്ര സഹകരണ ബാങ്കുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം പരിശോധന നടത്തി 1-11-2008-ലെ എൽ.എഫ്. 21316/സ്പെ. സെൽ./ജി2/07 നമ്പർ കത്തു പ്രകാരം തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതിയിൽ റിപ്പോർട്ട് ചെയ്തു.

**നിഗമനങ്ങൾ/ശുപാർശകൾ**

124. **കോന്നി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട പരാമർശത്തിൽ 21,198 രൂപയുടെ ചെലവ് തടസ്സത്തിൽ വച്ചത് അംഗീകരിക്കു**

**ന്നതിന് ജില്ലാ പഞ്ചായത്ത് എൻജിനീയറിംഗ് വിഭാഗത്തിൽനിന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 21,198 രൂപയുടെ നിരാകരണം ഒഴിവാക്കുന്നതിനും തടസ്സത്തിൽ വച്ച ചെലവ് അംഗീകരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽനിന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെ ഫയലും എം.ബുക്കും ഓഡിറ്റിന് ഹാജരാക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.**

125. മൈലപ്ര സഹകരണബാങ്കുമായി ബന്ധപ്പെട്ട പരാമർശം, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പ്രാദേശിക പരിശോധന നടത്തി അംഗീകരിച്ചതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഇംപ്രസ്റ്റ് അക്കൗണ്ട് ക്രമവിരുദ്ധമായി നിലനിർത്തുന്നത് സംബന്ധിച്ച്**

അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ പ്ലാൻ പി.ഡി. അക്കൗണ്ട് 9-7-2003-ലെ ജി.ഒ. (പി) 321/ധനം/2003-ാം നമ്പർ ഉത്തരവ് പ്രകാരം ക്ലോസ് ചെയ്തുവെങ്കിലും അദ്ദേഹത്തിനു ലഭിച്ച പദ്ധതി വിഹിതത്തിൽ നിന്നുള്ള തുക വിനിയോഗിച്ച് ആരംഭിച്ച ജില്ലാ സഹകരണ ബാങ്കിലെ 8107(ജെ.ആർ.വൈ. ഹൗസിംഗ്) 8108(എസ്.സി.പി.ഹൗസിംഗ്) 8109(ജനറൽ ഹൗസിംഗ്) എന്നീ മൂന്ന് അക്കൗണ്ടുകളിലൂടെയുള്ള പണമിടപാടുകൾ അവസാനിപ്പിക്കണമെന്ന് 1999-2000-ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 91(1) പ്രകാരം നിർദ്ദേശിച്ചിരുന്നു. മേൽപ്പറഞ്ഞ മൂന്ന് അക്കൗണ്ടുകളിലായി അവശേഷിക്കുന്നതും 2000-01 റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതുമായ ആകെ നീക്കിയിരിപ്പായ 5,71,797 രൂപ നാളിതുവരെ സർക്കാരിലേക്ക് തിരിച്ചടവു കാണുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.II.5. ]

ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ (എബി) വകുപ്പിൽ നിന്നും 5-1-2008-ലെ 78051/എബി1/07/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

126. "ജില്ലാ പഞ്ചായത്തിന്റെ 1998-99 വർഷത്തെ ഭവനനിർമ്മാണ ധനസഹായ പദ്ധതികളുടെ (പ്രോജക്ട് നമ്പർ 204) നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിന്റെ പത്തനംതിട്ട മെയിൻ ബ്രാഞ്ചിൽ അക്കൗണ്ട് തുറന്ന് ഇടപാടുകൾ നടത്തിക്കൊണ്ടിരുന്ന 8107, 8108, 8109 എന്നീ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ ബാക്കി നിലനിന്നിരുന്ന 6,23,611 രൂപ (രൂപ ആറു ലക്ഷത്തി ഇരുപത്തി മൂവായിരത്തി അറുനൂറ്റി പതിനൊന്ന് മാത്രം) 26-9-2006-ൽ ടി അക്കൗണ്ടുകൾ തീർപ്പാക്കി തുക കൈപ്പറ്റുകയും, ആയത് പത്തനംതിട്ട

സബ് ട്രഷറിയിൽ ചെലാൻ നമ്പർ എസ്. 88 പ്രകാരം 27-9-2006-ൽ 2515-00-911-99-ROP എന്ന കണക്കിനത്തിൽ ഒടുക്കിയിട്ടുള്ളതാണ്. ആയതിന്റെ അസ്സൽ ചെലാൻ ജില്ലാ പഞ്ചായത്തിൽ അയച്ചു തന്നിട്ടുണ്ട്. അക്കൗണ്ടുകളിൽ ബാക്കി നിന്നിരുന്ന തുകയുടെ വിവരം താഴെക്കൊടുത്തിരിക്കുന്നു :

| ക്രമനമ്പർ | അക്കൗണ്ട് നമ്പർ | മുതൽ | പലിശ | ആകെ |
|---|---|---|---|---|
| 1 | 8107 | 95,600 | 39,644 | 1,35,244 |
| 2 | 8108 | 1,15,200 | 1,30,649 | 2,45,849 |
| 3 | 8109 | 1,71,650 | 70,868 | 2,42,518 |
| | ആകെ | 3,82,450 | 2,41,161 | 6,23,611 |

127. ക്രമവിരുദ്ധമായി അക്കൗണ്ടുകളിൽ ശേഷിച്ചിരുന്ന തുക ലഭിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അത് പരിശോധിക്കാമെന്ന് ലോക്കൽ ഫണ്ട് ഡയറക്ടർ ഉറപ്പു നൽകി.

128. സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 1-11-2008-ലെ എൽ.എഫ്. 21316/സ്പെ.സെൽ/ജി2/07 നമ്പർ കത്തു പ്രകാരം സമിതിയിൽ റിപ്പോർട്ടു ചെയ്ത വിവരം താഴെ ചേർത്തിരിക്കുന്നു :

"തുക ട്രഷറിയിൽ ഒടുക്കിയതിന്റെ ചെലാന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. ചെലാൻ നമ്പർ 388/27-9-2006 പ്രകാരം 6,23,611 രൂപ ഒടുക്കിയിട്ടുണ്ട്. പരാമർശം ഒഴിവാക്കാവുന്നതാണ്."

**നിഗമനങ്ങൾ/ശുപാർശകൾ**

129. **'ഇംപ്രസ്റ്റ് അക്കൗണ്ട് ക്രമവിരുദ്ധമായി നിലനിർത്തുന്നത് സംബന്ധിച്ച്' എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് വിവിധ അക്കൗണ്ടുകളിലായി ബാക്കിനിന്നിരുന്ന തുക 388/27-9-2006 ചെലാൻ നമ്പർ പ്രകാരം ട്രഷറിയിൽ ഒടുക്കിയതിന്റെ ചെലാൻ പകർപ്പ് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പട്ടികവർഗ്ഗ ഭവനനിർമ്മാണ പദ്ധതി പരാജയപ്പെട്ടു**

പദ്ധതി നടത്തിപ്പിലേക്കായി വീടൊന്നിന് 42,000 രൂപ നിരക്കിൽ 20 വീടുകൾക്കായി 8,40,000 രൂപ നിർമ്മിതി കേന്ദ്രത്തിനു നൽകുകയുണ്ടായി. ഇതിൽ 11 വീടുകൾ പൂർത്തിയാക്കുകയും ഏതാനും വീടുകൾ ഭാഗികമായി പണിയുകയും ചെയ്തിട്ടുണ്ട്. ഇതിലേക്ക് ആകെ 5,15,980 രൂപ ചെലവാക്കിയതായി കാണുന്നു. ബാക്കിയുള്ള പണി ഗുണഭോക്താക്കളെക്കൊണ്ട് നേരിട്ടു ചെയ്യിപ്പിക്കുന്നതിനായി കമ്മിറ്റി തീരുമാനിക്കുകയും ബാക്കി തുകയായ 3,24,020 രൂപ നിർമ്മിതികേന്ദ്രത്തിൽ നിന്നും തിരികെ വാങ്ങുകയും ചെയ്തു. എന്നാൽ ഈ തുകയിൽ നിന്നും 1,98,020 രൂപ മാത്രമാണ് അവശേഷിക്കുന്ന പണി പൂർത്തിയാക്കുന്നതിനായി അസിസ്റ്റന്റ്

ഡെവലപ്മെന്റ് കമ്മീഷണർക്ക് കൈമാറിയിരിക്കുന്നത്. നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രവുമായി യാതൊരു കരാറിലും ജില്ലാ പഞ്ചായത്ത് ഏർപ്പെട്ടിരുന്നതായി കാണുന്നില്ല. സ്വന്തമായി ഭൂമിയില്ലാത്തവർ ഗുണഭോക്താക്കളായി കടന്നുകൂടിയത് പദ്ധതി നിർവ്വഹണത്തിലെ ഗുരുതരമായ അപാകതയാണ്. 1999 ജനുവരിയിൽ പൂർത്തിയാക്കേണ്ടിയിരുന്ന പദ്ധതി 2001-02-ൽ പോലും പൂർത്തിയാക്കിയിട്ടില്ല. അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ അലംഭാവംമൂലം പദ്ധതി പരാജയപ്പെട്ടതായി കാണുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.2.6. ]

ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ (എബി) വകുപ്പിൽ നിന്നും 5-1-2008-ലെ 78051/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:-

130. "ജില്ലാ പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് 1998-99 കാലയളവിൽ 9 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് നൽകുന്നതിനുവേണ്ടി 1,98,020 രൂപ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്ക് നൽകിയിരുന്നു. ഓരോ ഗുണഭോക്താവിനും നൽകേണ്ട മുഴുവൻ തുകയായ 42,000 രൂപയിൽ നിന്നും ഈ പദ്ധതിയുടെ നേരത്തെയുള്ള നടത്തിപ്പുകാരായ ജില്ലാ നിർമ്മിതി കേന്ദ്രം നൽകിയ തുകയുടെ ബാക്കി തുകയാണ് ടി ഓഫീസിലേക്ക് കൈമാറിയത്. 9 ഗുണഭോക്താക്കളിൽ മൂന്ന് പേർ അവർക്ക് നിർമ്മിതി കേന്ദ്രത്തിൽ നിന്ന് തുക ഒന്നും തന്നെ ലഭിച്ചില്ല എന്നു വാദിച്ചു. ബാക്കിയുള്ള 6 ഗുണഭോക്താക്കൾ അവർക്ക് സഹായം നിർമ്മിതി കേന്ദ്രത്തിൽ നിന്നു ലഭിച്ചു എന്ന് സമ്മതിച്ചെങ്കിലും ഇവരിൽ ഒരാൾ ശ്രീമതി പ്രസന്നകുമാരി, ഇളവുങ്കൽ വീട്, കൊടുമുടി, കാരിക്കയം മാത്രമാണ് ആവശ്യമായ രേഖകളുമായി സഹായം വാങ്ങാൻ എത്തിയത്. അവർ വീടുപണി പൂർത്തിയാക്കുകയും 30,500 രൂപ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ആഫീസിൽ നിന്നും കൈപ്പറ്റുകയും ചെയ്തു. ഇവർ നേരത്തെതന്നെ 11,500 രൂപ നിർമ്മിതി കേന്ദ്രത്തിൽ നിന്നും വാങ്ങിച്ചിരുന്നു. മറ്റ് ഉപഭോക്താക്കൾ ഒന്നും തന്നെ പണം കൈപ്പറ്റുവാൻ എത്താതിരുന്നതിനാൽ ബാക്കി നിന്ന തുകയായ 1,67,250 രൂപ 18-7-2002-ലെ ചെക്ക് നമ്പർ 676414 പ്രകാരം ജില്ലാ പഞ്ചായത്തിലേക്ക് റീ ഫണ്ട് ചെയ്തിട്ടുണ്ട്."

131. പട്ടികവർഗ്ഗ ഭവനനിർമ്മാണ പദ്ധതിക്കായി ഓരോ ഗുണഭോക്താവിനും നൽകേണ്ട മുഴുവൻ തുകയായ 42,000 രൂപയിൽ നിന്നും പ്രസ്തുത പദ്ധതിയുടെ മുൻ നടത്തിപ്പുകാരായ ജില്ലാ നിർമ്മിതി കേന്ദ്രം നൽകിയ തുകയുടെ ബാക്കി തുകയാണ് A.D.C.യുടെ ഓഫീസിലേക്ക് കൈമാറിയതെന്നും 9 ഉപഭോക്താക്കളിൽ മൂന്നു പേർക്ക് നിർമ്മിതി കേന്ദ്രത്തിൽനിന്നും തുക ഒന്നും ലഭിക്കുകയുണ്ടായില്ലെന്നും ബാക്കിയുള്ള 6 ഗുണഭോക്താക്കൾക്ക് സഹായം ലഭിച്ചുവെങ്കിലും ഇവരിൽ ഒരാളായ ശ്രീമതി പ്രസന്നകുമാരി, ഇളവുങ്കൽ വീട്, കൊടുമുടി, കാരിക്കയം മാത്രമാണ് ആവശ്യമായ രേഖകളുമായി സഹായം വാങ്ങാൻ എത്തിയ

തെന്നും അവർ വീടുപണി പൂർത്തിയാക്കുകയും 30,500 രൂപ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഓഫീസിൽനിന്നും കൈപ്പറ്റുകയും ചെയ്തിരുന്നു. ശ്രീമതി പ്രസന്നകുമാരി, 11,600 രൂപ നേരത്തെ നിർമ്മിതി കേന്ദ്രത്തിൽനിന്ന് കൈപ്പറ്റിയിരുന്നുവെന്നും മറ്റു ഉപഭോക്താക്കൾ ആരും തന്നെ പണം കൈപ്പറ്റുവാൻ എത്താതിരുന്നതിനാൽ ബാക്കി നിന്ന 1,67,520 രൂപ 18-7-2003-ലെ 676414-ാം നമ്പർ ചെക്ക് പ്രകാരം ജില്ലാ പഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നതായി സെക്രട്ടറി വെളിപ്പെടുത്തി. കൂടാതെ പണി നടത്തുന്നതിന് നിർമ്മിതി കേന്ദ്രവുമായി എഗ്രിമെന്റ് വച്ചിരുന്നില്ലെന്നുള്ള കാര്യവും സമിതി ചൂണ്ടിക്കാട്ടി. അത് സെക്രട്ടറിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്നും സമിതി അഭിപ്രായപ്പെട്ടു.

132. ഉപഭോക്താക്കൾക്ക് കൊടുത്തതിന്റെ ബാക്കി പണം എന്തു ചെയ്തുവെന്നും ഇത് പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതിയാണോയെന്നും സമിതി ആരാഞ്ഞതിന് ബാക്കി പണം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മടക്കി അടയ്ക്കുകയുണ്ടായെന്നും ഇത് പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതിയായിരുന്നുവെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

133. നിർമ്മിതി കേന്ദ്രവുമായി എഗ്രിമെന്റ് വയ്ക്കാത്തതു സംബന്ധിച്ച് മുൻ സെക്രട്ടറിയുടെ വിശദീകരണം ആരാഞ്ഞതിന് കളക്ടർ ചെയർമാനായുള്ള ഏജൻസിയായതിനാൽ വ്യക്തമായ നിർദ്ദേശമില്ലായിരുന്നെന്നും ചാർജ്ജെടുക്കാൻ ആരുമില്ലാത്തതിനാൽ അഡീഷണൽ ചാർജ്ജ് ഏൽപ്പിച്ചതാണെന്നും 11 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കി തുക തിരിച്ചടച്ചിട്ടുണ്ടെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു. പട്ടികജാതിക്കാർക്കുവേണ്ടിയുള്ള പദ്ധതിക്ക് ഉൾപ്പെടുത്തിയിട്ടുള്ള കാശ് തിരിച്ചടയ്ക്കുകയെന്നാൽ ഗവൺമെന്റ് പോളിസി അനുസരിച്ച് കുറ്റകരമാണെന്ന് സമിതി അഭിപ്രായപ്പെടുകയും അതിനുള്ള കാരണം സമിതി ആരാഞ്ഞതിന് ഒരു പ്രത്യേക സാഹചര്യത്തിൽ പദ്ധതി നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥ വന്നുവെന്നും സീതത്തോട് വളരെ ഹില്ലി ഏരിയയാണെന്നും കൊടുത്ത തുകയ്ക്ക് പ്രവൃത്തി പൂർത്തിയാകുമായിരുന്നില്ലെന്നും സാധനങ്ങൾ ഇറക്കിക്കൊടുക്കണമെന്നും അടിസ്ഥാനം വെട്ടിക്കൊടുക്കണമെന്നും ആവശ്യപ്പെട്ടപ്പോൾ കുറച്ചാളുകൾ സഹകരിച്ചില്ലെന്നും അങ്ങനെ വന്നപ്പോൾ മണലും, ഇഷ്ടികയും, സിമന്റും കേടു വന്നതിനാൽ മറിച്ചു വിൽക്കുകയുണ്ടായെന്നും ആ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തിന്റെ യോഗം വിളിച്ചുകൂട്ടുകയും വെൽഫെയർ കമ്മിറ്റി ചെയർമാനുൾപ്പെടെ ഒരു നിവൃത്തിയുമില്ലാതെ ഇപ്രകാരമൊരു തീരുമാനമെടുക്കേണ്ടി വന്നതാണെന്നും മുൻ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

134. പണി പൂർത്തിയാകാതെ നിറുത്തിവച്ച സാഹചര്യത്തിൽ 53,350 രൂപ ചെലവ് വന്നതിന് എന്ത് വിശദീകരണമാണ് പറയാനുള്ളതെന്നും ശേഷിച്ച 5 വീടുകൾക്ക് പണം ചെലവാക്കിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് 9 വീടുകളിൽ 4 എണ്ണം പിന്നീട് പൂർത്തിയാക്കിയെന്നും ബാക്കിയുണ്ടായിരുന്ന 5 പേരും അഡ്വാൻസായി 3,500 രൂപ വാങ്ങിയിട്ടുണ്ടെന്നും ഇവരിൽ പലരും അവരുടെ വീടുകളിലില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

135. തുടർന്ന് ഓഡിറ്റ് വകുപ്പ് വസ്തുതകളുടെ പുനഃപരിശോധന നടത്തി സമിതിയെ താഴെപ്പറയും പ്രകാരം അറിയിച്ചു.

"9 ഗുണഭോക്താക്കളിൽ ഒരാൾ മാത്രം വീടുപണി പൂർത്തിയാക്കി 30,500 രൂപ വാങ്ങിയതായും മറ്റുള്ള 8 പേരിൽ 6 പേർ മാത്രമേ നിർമ്മിതി കേന്ദ്രത്തിൽനിന്നും 11,500 രൂപ നേരത്തെ വാങ്ങിയതായി സമ്മതിച്ചിട്ടുള്ളു എന്നും പറയുന്നു. നിജസ്ഥിതി നിർമ്മിതി കേന്ദ്രത്തിൽനിന്നും ശേഖരിച്ച് അറിയിക്കുന്നതിനും മേൽ നടപടികൾക്കും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെടുന്നു. ബാക്കി തുക 1,67,520 രൂപ എ.ഡി.സി. ജില്ലാ പഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

136. **പട്ടികവർഗ ഭവനനിർമ്മാണ പദ്ധതി പരാജയമായ സാഹചര്യത്തിൽ 9 ഗുണഭോക്താക്കളിൽ എത്രപേർ തുക കൈപ്പറ്റി എത്ര പേർ വീടുപണി പൂർത്തിയാക്കി എന്നുള്ളതിന്റെ നിജസ്ഥിതി നിർമ്മിതി കേന്ദ്രത്തിൽനിന്ന് ശേഖരിച്ച് ജില്ലാ പഞ്ചായത്ത് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ പൊതു ഫണ്ടിൽനിന്നും ചെലവഴിച്ച തുകയ്ക്ക് വിശദീകരണം നൽകാത്തതിനും എഗ്രിമെന്റ് വയ്ക്കാതെ പ്രവൃത്തി ഏജൻസിയെ ഏൽപ്പിച്ചതിനും ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരിൽ വകുപ്പുതല നടപടിക്കും സമിതി ശുപാർശ ചെയ്യുന്നു.**

തിരുവനന്തപുരം,
2012 ഡിസംബർ 18.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമനമ്പർ | ഖണ്ഡികനമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 10 | എറണാകുളം ജില്ലാ പഞ്ചായത്ത് (തദ്ദേശ സ്വയംഭരണ വകുപ്പ്) | കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ കണിയാൻകുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ കൺവീനർ മുൻകൂറായി കൈപ്പറ്റിയ 50,000 രൂപ പലിശ സഹിതം ഈടാക്കിയതിന്റെ വിശദവിവരം ലഭ്യമാക്കണമെന്ന് തെളിവെടുപ്പു വേളയിൽ സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 17-5-2011-ലെ കത്തു പ്രകാരം കൺവീനറുടെ പേരിൽ സ്ഥാവര ജംഗമവസ്തുക്കളൊന്നും ഇല്ലാത്തതിനാൽ പത്ത് ഗുണഭോക്തൃ സമിതി അംഗങ്ങളിൽ നിന്നും റവന്യൂ റിക്കവറി നടപടിയിൽ കൂടി തുക തുല്യമായി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമാക്കാമെന്നും അറിയിച്ച സാഹചര്യത്തിൽ തുക തിരികെ ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 2 | 22 | ആലപ്പുഴ ജില്ലാപഞ്ചായത്ത് (തദ്ദേശ സ്വയംഭരണ വകുപ്പ്) | ഡി.റ്റി.പി. യൂണിറ്റ് തുടങ്ങുന്നതിന് ചാരുംമൂട് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ആലപ്പുഴ ജില്ലാ പഞ്ചായത്ത് നൽകിയ 1.5 ലക്ഷം രൂപ പലിശ സഹിതം, ജില്ലാസഹകരണ ബാങ്കിൽ നിന്നും തുക കൈപ്പറ്റിയ സംഘം സെക്രട്ടറി, സംഘം പ്രസിഡന്റ് എന്നിവരിൽ നിന്ന് തുല്യമായി ആർ.ആർ. നടപടിയിലൂടെ ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | 23 | ആലപ്പുഴ ജില്ലാപഞ്ചായത്ത്(തദ്ദേശ സ്വയംഭരണ വകുപ്പ്) | പദ്ധതി പണം നൽകിയശേഷം തുടർ നടപടികൾ, സ്വീകരിക്കുന്നതിലും ബാങ്കിൽ നിന്നും സംഘം, തുക പിൻവലിച്ചിട്ടും അതിനെതിരെ നടപടി സ്വീകരിക്കുന്നതിലും വീഴ്ച വരുത്തിയ നിർവ്വഹണോദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 4 | 29 | ,, | ഒരു പ്രദേശത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനായി ഏറ്റെടുത്ത പദ്ധതിയെന്ന നിലയിലും, എസ്റ്റിമേറ്റ് എടുത്ത് ടെക്നിക്കൽ കമ്മിറ്റി സ്ഥലം പരിശോധിച്ച് അംഗീകാരം നൽകിയ പ്രവൃത്തിയെന്ന നിലയിലും, സമയബന്ധിതമായി തീർത്ത പ്രവൃത്തിക്ക് നാളിതുവരെ യാതൊരു കേടുപാടും സംഭവിച്ചിട്ടില്ല എന്ന വസ്തുത കണക്കിലെടുത്തും, നാട്ടുകാരുടെ ദീർഘകാലമായ ആവശ്യം പ്രസ്തുത പദ്ധതി കൊണ്ട് നടപ്പിലായതിനാലും പ്രസ്തുത പദ്ധതിക്ക് ഡി.എൽ.ഇ.സി. അംഗീകാരം ലഭിച്ചിട്ടുള്ളതായി ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും ടി പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 5 | 31 | ,, | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധന റിപ്പോർട്ടിന്റെയും സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | 34 | ആലപ്പുഴ ജില്ലാപഞ്ചായത്ത്(തദ്ദേശ സ്വയംഭരണ വകുപ്പ്) | കൈക്കുളങ്ങര ഗുരുപുരം അയ്യങ്കാളി റോഡിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അധികമായി നൽകിയിരുന്ന തുക പലിശ സഹിതം ഈടാക്കിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 7 | 35 | ,, | ശ്രീനാരായണ തോടിനു കുറുകെയുള്ള പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനറുമായി ജില്ലാ പഞ്ചായത്തിന് കേസ് ഒന്നും നിലവിലില്ലാത്തതിനാൽ കൺവീനറിൽ നിന്ന് ഈടാക്കുവാനുള്ള ബാക്കി തുക (5,876 രൂപ) പലിശ സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് ആയത് സമിതിക്ക് റിപ്പോർട്ട് ചെയ്യാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 8 | 36 | ,, | മുറിയോടി പാടം-ഡ്രെയിനേജ് കലുങ്ക് എന്ന പ്രവൃത്തി പൂർത്തീകരിച്ചതായും 31-3-2004-ൽ ഫൈനൽ ബിൽ നൽകിയതായുള്ള ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അന്വേഷണം നടത്തുകയും ആയത് സ്ഥിരീകരിച്ചുകൊണ്ട് റിപ്പോർട്ട് ചെയ്യുകയും പരാമർശം ഒഴിവാക്കാൻ ശുപാർശ നൽകുകയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 9 | 37 | ,, | മുല്ലയ്ക്കൽ തോട് സൈഡ് സംരക്ഷണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബാക്കി തുക ഈടാക്കുന്നതിന് ആർ.ആർ. നടപടി ത്വരിതപ്പെടുത്തുന്നതിനും പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ സ്ഥിതി സംബന്ധിച്ച് അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | 38 | ആലപ്പുഴ ജില്ലാപഞ്ചായത്ത്(തദ്ദേശ സ്വയംഭരണ വകുപ്പ്) | 'ചിങ്ങോലി പഞ്ചായത്ത് 1-ാം വാർഡ് സൈഡ് ഡ്രെയിൻ' പ്രവൃത്തിയുമായി ബന്ധപ്പെട്ട്, കൺവീനറിൽനിന്നും തിരിച്ചു പിടിക്കേണ്ട 2,460 രൂപ തിരിച്ചു പിടിക്കാൻ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാനും, 165 മീറ്റർ നീളത്തിൽ ഓട നിർമ്മിക്കാൻ തയ്യാറാക്കിയ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ തുടർ പദ്ധതി തയ്യാറാക്കി ലക്ഷ്യം കൈവരിക്കാനും സമിതി ശുപാർശ ചെയ്യുന്നു. |
| 11 | 39 | ,, | പട്ടണക്കാട് എസ്.ബി.വി.പി.എച്ച്.എസ്. ക്ലാസ് മുറി നിർമ്മാണവുമായി ബന്ധപ്പെട്ട് സമിതി നിർദ്ദേശ പ്രകാരം ജില്ലാ പഞ്ചായത്ത് ഫൈനൽ ബിൽ സെറ്റിൽ ചെയ്തത് ഓഡിറ്റിൽ ഹാജരാക്കുകയും, ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തതിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 12 | 40 | ,, | പൈങ്ങാലിപ്പാടം ബണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട്, നിർമ്മാണം പൂർത്തീകരിക്കുകയും ഫൈനൽ ബില്ലിൽ നിന്ന് മുൻകൂർ നൽകിയ തുക കുറവ് വരുത്തുകയും ചെയ്തതായി ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 13 | 43 | ,, | കണ്ടല്ലൂർ പഞ്ചായത്ത് മാടമ്പി സ്കൂൾ മുതൽ കിഴക്കോട്ടുള്ള റോഡിന്റെ നിർമ്മാണപ്രവൃത്തി 20-9-2009-ൽ പൂർത്തീകരിച്ചതായും മുൻകൂർ നൽകിയ തുക തട്ടിക്കിഴിച്ചതായും മറ്റ് അപാകതകൾ ഒന്നുമില്ല |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | എന്നും ലോക്കൽ ഫണ്ട് വകുപ്പിന്റെ പരിശോധനാ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുളളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 14 | 44 | ആലപ്പുഴ ജില്ലാപഞ്ചായത്ത്(തദ്ദേശ സ്വയംഭരണ വകുപ്പ്) | പട്ടണക്കാട് 10-ാം വാർഡ് കലുങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് ബാദ്ധ്യത തുകയായ 11,900 രൂപ ആർ.ആർ. നടപടിയിലൂടെ ഈടാക്കുന്നതിന്, കൺവീനറുടെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ ഇല്ലാത്തതിനാൽ ആർ.ആർ. നടപടിക്ക് തടസ്സം നേരിടുന്നതിലും കരാർ തുക മറ്റു ഗുണഭോക്തൃ സമിതി അംഗങ്ങളിൽ നിന്ന് ഈടാക്കാൻ കരാറിൽ വ്യവസ്ഥയുള്ളതിനാലും ഓഡിറ്റ് വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ഗുണഭോക്തൃ സമിതി ചെയർമാൻ, മറ്റ് അംഗങ്ങൾ എന്നിവരിൽ നിന്ന് ബാദ്ധ്യത തുക ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 15 | 45 | ,, | മണ്ണഞ്ചേരി പഞ്ചായത്ത് പറവയ്ക്കൽ കരിപാടശേഖരത്തിന്റെ ബണ്ട് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പെട്ടിയും പറയും നിർമ്മിച്ചതിന്റെയും മോട്ടോറും അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിന്റെയും അനുബന്ധ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാനും ഓഡിറ്റ് വകുപ്പ് ടി രേഖകൾ പരിശോധിച്ച് റിപ്പോർട്ടു ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 16 | 46 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് (തദ്ദേശ സ്വയം ഭരണ വകുപ്പ്) | ഇലപ്പിക്കുളം ജി.എച്ച്.എസിന്റെ കെട്ടിടം പണിക്ക് കൺവീനർക്ക് മുൻകൂർ നൽകിയ ഒരു ലക്ഷം രൂപ പലിശ സഹിതം ആർ.ആർ. നടപടിയിലൂടെ ഈടാക്കുന്നതിന് കളക്ടർക്ക് നൽകിയ അപേക്ഷയിന്മേൽ ഗൗരവ പൂർവ്വമായ തുടർ നടപടികൾ സ്വീകരിച്ച് ബാദ്ധ്യത തുക ഈടാക്കി റിപ്പോർട്ട് ചെയ്യുവാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, കരാറുകാരന് തുക നൽകിയശേഷം കരാർ കാലയളവിൽ നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ അന്വേഷിച്ച് യഥാസമയം ഉചിതമായ നടപടി സ്വീകരിക്കാതിരുന്ന സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 17 | 47 | ,, | മാരാരിക്കുളം തെക്ക് പഞ്ചായത്ത് പൊള്ളേത്തൈ എച്ച്.എസ്.എസ്സിന് ചുറ്റുമതിൽ നിർമ്മിക്കുന്ന പദ്ധതി പൂർത്തിയാക്കിയിട്ടില്ലെന്നും ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കി, കൺവീനർ കൈപ്പറ്റിയ തുക തട്ടിക്കിഴിച്ചതായുള്ള ഓഡിറ്റ് പരിശോധനാ റിപ്പോർട്ട് കണക്കിലെടുത്ത് മുൻകൂർ തുക നൽകിയതായുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നതിനോടൊപ്പം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തുടർ പദ്ധതി തയ്യാറാക്കി ആയത് പ്രാവർത്തികമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 18 | 56 | ,, | മുളക്കുഴ ജനതാ വ്യവസായ സഹകരണസംഘം പദ്ധതി ധനം പ്രയോജനരഹിതമായി എന്ന പരാമർശത്തിന്മേൽ, പ്രസ്തുത സംഘത്തിൽ 30-ഓളം പേർക്ക് നേരിട്ട് തൊഴിൽ നൽകുന്നതായും സംഘത്തിൽ 121 |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അംഗങ്ങളും 5,61,000 രൂപ ഓഹരി മൂലധനവുമുണ്ടെന്നും വ്യവസായ കേന്ദ്രം തൃപ്തികരമായി പ്രവർത്തിക്കുന്നു എന്നുമുള്ള സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 19 | 68 | പത്തനംതിട്ട ജില്ലാപഞ്ചായത്ത് (ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്) | മേക്കാവിടം അംഗനവാടി കെട്ടിട നിർമ്മാണം എന്ന വർക്ക് നിർദ്ദിഷ്ട കാലയളവിൽതന്നെ നടപ്പാക്കിയിട്ടുണ്ടോയെന്ന് ഓഡിറ്റ് വകുപ്പ് നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും പ്രസ്തുത വർക്കിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റും എം.ബുക്കും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 20 | 69 | ,, | കുളനട ഗ്രാമപഞ്ചായത്തിലെ I.H.D.P. കോളനി റോഡ് ഉദ്ധാരണം സംബന്ധിച്ച പരാമർശത്തിൽ കൺവീനറിൽ നിന്ന് ബാധ്യത തുക ഈടാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഗുണഭോക്തൃ സമിതി അംഗങ്ങളിൽ നിന്ന് തുകയും നാളിതുവരെയുള്ള പലിശയും തുല്യമായി ഈടാക്കി, ആയതിന്റെ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 21 | 70 | ,, | കോയിപ്രം ഗ്രാമപഞ്ചായത്തിലെ ഐ.എച്ച്.ഡി.പി. കോളനി വർക്ക് ഷെഡ് നിർമ്മാണം സംബന്ധിച്ച പരാമർശത്തിൽ സമിതി നിർദ്ദേശ പ്രകാരം, ഗുണഭോക്തൃസമിതി കൺവീനറിൽ നിന്നും ബാദ്ധ്യത തുക മുതലും പലിശയുമടക്കം ഈടാക്കിയതായി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ജില്ലാ പഞ്ചായത്ത് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ചെയ്യുകയും, പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഖണ്ഡിക ഒഴിവാക്കുന്നതിന് ആഡിറ്റ് വകുപ്പ് ശുപാർശ നൽകുകയും ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 22 | 71 | പത്തനംതിട്ട ജില്ലാപഞ്ചായത്ത് (ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്) | റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് അട്ടത്തോട് ട്രൈബൽ കോളനി റോഡുമായി ബന്ധപ്പെട്ട പരാമർശത്തിൻമേൽ കൺവീനറുടെ പേരിൽ ഭൂമിയോ, മറ്റു വസ്തുക്കളോ ഇല്ലാത്തതിനാൽ ബാദ്ധ്യത ഈടാക്കാൻ നിർവ്വാഹമില്ലെന്ന് കളക്ടർ അറിയിച്ചതിനാൽ ഗുണഭോക്തൃ സമിതിയിലെ 7 അംഗങ്ങളിൽനിന്നും നാളിതുവരെയുള്ള പലിശയുൾപ്പെടെയുള്ള തുക തുല്യമായി ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനും ബാദ്ധ്യത തുക ഈടാക്കി പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യാനും സമിതി ശുപാർശ ചെയ്യുന്നു. |
| 23 | 72 | ,, | മെഴുവേലി ഗ്രാമപഞ്ചായത്തിലെ ഇൻഡസ്ട്രിയൽ വർക്ക് ഷെഡുമായി ബന്ധപ്പെട്ട പരാമർശത്തിൽ, പ്രവൃത്തി പൂർത്തീകരിച്ചതായും മൂല്യനിർണ്ണയം നടത്തി മുൻകൂർ അഡ്ജസ്റ്റ് ചെയ്ത് ഫൈനൽ ബിൽ നൽകിയതുമായി ജില്ലാ പഞ്ചായത്ത് ഓഡിറ്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ എം. ബുക്കും അനുബന്ധ രേഖകളും വീണ്ടെടുക്കാനാകാത്തവിധം നഷ്ടപ്പെട്ടതായി അനുമാനിക്കുന്നു എന്നാണ് ഗ്രാമപഞ്ചായത്ത് ഓഡിറ്റിനെ അറിയിച്ചിരിക്കുന്നത്. മേൽപറഞ്ഞ രേഖകൾ ഇല്ലാതെ പരാമർശം ഒഴിവാക്കുവാൻ നിവൃത്തിയില്ല. ആയതിനാൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നഷ്ടപ്പെട്ടു എന്നത് അനുമാനം മാത്രമാകയാൽ പദ്ധതി സംബന്ധിച്ച എം.ബുക്ക് വീണ്ടെടുത്ത് ഓഡിറ്റിന് അടിയന്തരമായി പരിശോധനയ്ക്ക് സമർപ്പിക്കുന്നതിനും ആയത് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് അടിയന്തരമായി റിപ്പോർട്ട് നൽകുന്നതിനും സമിതി ശുപാർശ ചെയ്യുന്നു. |
| 24 | 73 | പത്തനംതിട്ട ജില്ലാപഞ്ചായത്ത് (ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്) | മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിലെ നടാല നെല്ലിമൂട് റോഡ് ഉദ്ധാരണം സംബന്ധിച്ച പരാമർശത്തിൽ പ്രവൃത്തി പൂർത്തീകരിച്ച്, മൂല്യ നിർണ്ണയം നടത്തി മുൻകൂറുകളും നികുതിയും ക്രമീകരിച്ച് ഫൈനൽ ബിൽ നൽകിയതായി ഓഡിറ്റിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കേസിലും എം. ബുക്കും അനുബന്ധ രേഖകളും വീണ്ടെടുക്കാൻ കഴിയാത്തവണ്ണം നഷ്ടപ്പെട്ടതായി അനുമാനിക്കുന്നു എന്നാണ് പഞ്ചായത്തു നിഗമനം. ഇത് അംഗീകരിക്കാൻ നിവൃത്തിയില്ല. ആയതിനാൽ പദ്ധതി സംബന്ധിച്ച എം.ബുക്ക് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിനും എം.ബുക്ക് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് പരാമർശം ഒഴിവാക്കാവുന്നതാണോ എന്ന് അടിയന്തരമായി റിപ്പോർട്ട് ചെയ്യാനും സമിതി ശുപാർശ ചെയ്യുന്നു. |
| 25 | 74 | ,, | മൈലപ്ര ഗ്രാമപഞ്ചായത്തിലെ വളളിപ്പടി വള്ളിപറമ്പിൽ റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ 26-2-2009-ലെ 789048-ാം നമ്പർ ഉത്തരവ് പ്രകാരം 49,485 രൂപ ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 26 | 81 | പത്തനംതിട്ട ജില്ലാപഞ്ചായത്ത്(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്) | ഭവന നിർമ്മാണ പദ്ധതി-കൃത്രിമ രേഖ ഹാജരാക്കി ധനസഹായം ലഭ്യമാക്കി എന്ന പരാമർശത്തിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിന്റെ പേരിൽ ചാർജ് ചെയ്തിരിക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി അടിയന്തരമായി റിപ്പോർട്ടു ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഭവന വായ്പയ്ക്ക് സർട്ടിഫിക്കറ്റ് നൽകിയ അക്കാലയളവിലെ ജില്ലാ പഞ്ചായത്ത് മെമ്പറോട് വിശദീകരണം ആവശ്യപ്പെടുകയും ടിയാന്റെ വിശദീകരണത്തിന്റെ വിശദാംശം അടിയന്തരമായി അറിയിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 27 | 93 | ,, | ഓഡിറ്റ് പരാമർശത്തിന് മറുപടിയായി ജില്ലാ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ള വിശദീകരണങ്ങൾ ഒന്നുകൂടി പരിശോധിക്കുവാനും മരാമത്ത് പണികളുടെ നിർവ്വഹണത്തിലെ അപാകതകൾ കൊണ്ടും അധിക നിരക്ക് നൽകിയതുവഴിയും ജില്ലാപഞ്ചായത്തിനുണ്ടായ നഷ്ടം/ബാദ്ധ്യത ഓഡിറ്റ് വകുപ്പ് കൃത്യമായി തിട്ടപ്പെടുത്തി ഗവൺമെന്റിനെ അറിയിക്കണമെന്നും ടി തുക ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും റവന്യു റിക്കവറി വഴിയോ ശമ്പളത്തിൽ നിന്ന് നേരിട്ടോ ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 28 | 105 | ,, | ഓഡിറ്റ് പരാമർശത്തിൻമേൽ സമിതി നിർദ്ദേശ പ്രകാരം എസ്.പി.എ.ഒ. നടത്തിയ അന്വേഷണ റിപ്പോർട്ടിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തുകയൊന്നും നഷ്ടപ്പെട്ടിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. എന്നിരുന്നാലും രേഖകൾ യഥാവിധി സൂക്ഷിക്കുന്നതിലും കൈമാറ്റം ചെയ്യുന്നതിലും അവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിലും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 29 | 116 | പത്തനംതിട്ട ജില്ലാപഞ്ചായത്ത് (ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്) | തൃക്കണ്ണാപുരം ഏലാ സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൻമേൽ, തൃപ്തികരമായി പണി പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ നൽകുകയും, ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തതിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 30 | 124 | ,, | കോന്നി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട പരാമർശത്തിൽ 21,198 രൂപയുടെ ചെലവ് തടസ്സത്തിൽ വച്ചത് അംഗീകരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 21,198 രൂപയുടെ നിരാകരണം ഒഴിവാക്കുന്നതിനും തടസ്സത്തിൽ വച്ച ചെലവ് അംഗീകരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെ ഫയലും എം.ബുക്കും ഓഡിറ്റിന് ഹാജരാക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 31 | 129 | പത്തനംതിട്ട ജില്ലാപഞ്ചായത്ത് (ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്) | ഇംപ്രസ്റ്റ് അക്കൗണ്ട് ക്രമവിരുദ്ധമായി നിലനിർത്തുന്നത് സംബന്ധിച്ച്, എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് വിവിധ അക്കൗണ്ടുകളിലായി ബാക്കി നിന്നിരുന്ന തുക 388/27-9-06 ചെല്ലാൻ നമ്പർ പ്രകാരം ട്രഷറിയിൽ ഒടുക്കിയതിന്റെ ചെല്ലാൻ പകർപ്പ് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സിമതി ശുപാർശ ചെയ്യുന്നു |
| 32 | 136 | ,, | പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതി പരാജയമായ സാഹചര്യത്തിൽ 9 ഗുണഭോക്താക്കളിൽ എത്രപേർ തുക കൈപ്പറ്റി എത്രപേർ വീടുപണി പൂർത്തിയാക്കി എന്നുള്ളതിന്റെ നിജസ്ഥിതി നിർമ്മിതികേന്ദ്രത്തിൽ നിന്ന് ശേഖരിച്ച് ജില്ലാ പഞ്ചായത്ത് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ പൊതുഫണ്ടിൽ നിന്നും ചെലവഴിച്ച തുകയ്ക്ക് വിശദീകരണം നൽകാത്തതിനും എഗ്രിമെന്റ് വെയ്ക്കാതെ പ്രവൃത്തി ഏജൻസിയെ ഏൽപ്പിച്ചതിനും ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരിൽ വകുപ്പുതല നടപടിക്കും സമിതി ശുപാർശ ചെയ്യുന്നു. |